32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 23, 2024 | Vol. XXXII No. 08 | Periodicals Postage Paid

4 കൊല്ലപ്പെട്ടവരുടെ വീടുകൾ രാഹുൽഗാന്ധി സന്ദർശിച്ചു
6 കർഷകസമരം അടിച്ചമർത്തരുത്
8 അബുദാബിയിലെ ആദ്യ ശിലാക്ഷേത്രം
11 സെനറ്റ് യോഗത്തിൽ മന്ത്രിയും വി.സിയും ഏറ്റുമുട്ടി
20 2024-ലെ കീൻ ഭരണസമിതി അധികാരമേറ്റു

## ടി.പി. ചന്ദ്രശേഖരൻ വധക്കേസ്:

# പ്രതികളുടെ ശിക്ഷ ശരിവെച്ച് ഹൈക്കോടതി

കൊച്ചി: ടി.പി. ചന്ദ്രശേഖർ വധക്കേസിൽ പ്രതികളുടെ ശിക്ഷ ശരിവെച്ച് ഹൈക്കോടതി. രണ്ടുപേരെ വെറുതെ വിട്ട വിചാരണ കോടതി നടപടി റദ്ദാക്കുകയും ചെയ്തു. കെ.കെ. കൃഷ്ണൻ, ജ്യോതി ബാബു എന്നിവരെ വെറുതെ വിട്ടതാണ് റദ്ദാക്കിയത്. പ്രതികളും സർക്കാരും ടി.പിയുടെ ഭാര്യ കെ.കെ. രമ എം.എൽ.എയും നൽകിയ അപ്പീലുകളാണു ജസ്റ്റിസ് എ.കെ. ജയശങ്കർ നമ്പ്യാർ, ജസ്റ്റിസ് കൗസർ എടപ്പഗത്ത് എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്.



വിധി കേട്ടശേഷം ടി.പി. ചന്ദ്രശേഖരന്റെ ഭാര്യ കെ.കെ. രമ മാധ്യമങ്ങളോടു പ്രതികരിക്കുന്നു

പ്രതികളായ എം.സി. അനൂപ്, കിർമാണി മനോജ്, കൊടി സുനി, ടി.കെ. രജീഷ്, മുഹമ്മദ് ഷാഫി, അണ്ണൻ സിജിത്ത്, കെ. ഷിനോജ്, കെ.സി. രാമചന്ദ്രൻ, ട്രൗസർ മനോജ്, സി.പി.എം. പാനൂർ ഏരിയ കമ്മിറ്റിയംഗമായിരുന്ന പി.കെ. കുഞ്ഞനന്തൻ, വായപ്പടച്ചി റഫീഖ് എന്നീ പ്രതികൾക്കു ജീവപര്യന്തം തടവും മറ്റൊരു പ്രതിയായ ലംബു പ്രദീപനു മൂന്ന് വർഷം കഠിനതടവും വിചാരണക്കോടതി 2014-ൽ ശിക്ഷ വിധിച്ചിരുന്നു.

പി.കെ. കുഞ്ഞനന്തൻ ജയിൽ ശിക്ഷ അനുഭവിച്ചു വരുന്നതിനിടെ 2020 ജൂണിൽ മരിച്ചു. 36 പ്രതികളുണ്ടായിരുന്ന കേസിൽ സി.പി.എം. നേതാവായ പി. മോഹനൻ ഉൾപ്പെടെ 24 പേരെ വിട്ടയച്ചിരുന്നു.

12 പ്രതികളാണു ശിക്ഷാവിധിക്കെതിരെ അപ്പീൽ നൽകിയത്. അതേസമയം, പ്രതികൾക്കു പരമാവധി ശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ടു പ്രോസിക്യൂഷനും അപ്പീൽ നൽകിയിരുന്നു. സിപിഎം നേതാവ് പി. മോഹനൻ ഉൾപ്പെടെയുള്ളവരെ വിട്ടയച്ചതിന് എതിരെയായിരുന്നു കെ.കെ. രമയുടെ അപ്പീൽ. പി. മോഹനനെ വെറുതെ വിട്ടത് കോടതി ശരിവെച്ചു. കുഞ്ഞനന്തൻ ഉൾപ്പെടെയുള്ളവരുടെ ശിക്ഷയാണ് ശരിവെച്ചത്. (ശേഷം 24-ാം പേജിൽ)

# ഇൻസാറ്റ്-3 ഡി.എസ്. ഭ്രമണപഥത്തിൽ

ശ്രീഹരിക്കോട്ട: കാലാവസ്ഥാ നിരീക്ഷണത്തിനുള്ള ഇൻസാറ്റ് ശ്രേണിയിലെ പുതിയ ഉപഗ്രഹമായ ഇൻസാറ്റ്-3ഡി.എസ്. വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലെ രണ്ടാം വിക്ഷേപണത്തറയിൽ നിന്ന് ജി.എസ്.എൽ.വി.-എഫ് 14 റോക്കറ്റാണ് 2,274 കിലോ ഭാരമുള്ള ഉപഗ്രഹവുമായി കുതിച്ചുയർന്നത്. 19 മിനിറ്റിനുള്ളിൽ ഉപഗ്രഹം 253.53 കിലോമീറ്റർ അകലെയുള്ള താൽക്കാലിക ഭ്രമണപഥത്തിൽ (ജിയോസിൻക്രണസ് ട്രാൻസ്ഫർ ഓർബിറ്റ്) എത്തി. ഇൻസാറ്റ്-3 ഡി, ഇൻസാറ്റ്-3 ഡി.ആർ. എന്നിവയുടെ തുടർച്ചയാണ് ഇൻസാറ്റ്-3 ഡി.എസ്. കാലാവസ്ഥാ, സമുദ്ര നിരീക്ഷണമാണ് ദൗത്യം. ഭൗമശാസ്ത്ര മന്ത്രാലയത്തിനു വേണ്ടിയാണ് ഐ.എസ്.ആർ.ഒ. ഉപഗ്രഹം വിക്ഷേപിച്ചത്. കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉൾപ്പെടെയുള്ള ഏജൻസികൾക്ക് ഇതിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗിക്കാം. വി.എസ്.എസ്.സി. പ്രോജക്ട് ഡയറക്ടറും തൊടുപുഴ സ്വദേശിയുമായ ടോമി ജോസഫായിരുന്നു മിഷൻ ഡയറക്ടർ. ഇംതിയാസ് അഹമ്മദ് സാറ്റലൈറ്റ് ഡയറക്ടറും. (ശേഷം 24-ാം പേജിൽ)



കാലാവസ്ഥാ നിരീക്ഷണത്തിനുള്ള ഇൻസാറ്റ്-3 ഡി.എസ്. ഉപഗ്രഹം ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്ന് വിക്ഷേപിച്ചപ്പോൾ

## സി.എം.ആർ.എൽ. – എക്സാലോജിക് ഇടപാട്

# വീണയുടെ മൊഴിയെടുക്കും

ബെംഗളൂരു: എക്സാലോജിക്കിനെതിരെ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫിസ് (എസ്.എഫ്.ഐ.ഒ.) നടത്തുന്ന അന്വേഷണം റദ്ദാക്കണമെന്നാവശ്യപ്പെട്ട് വീണ നൽകിയ ഹർജി കർണാടക ഹൈക്കോടതി തള്ളി. ജനുവരി 31-ന് അന്വേഷണം പ്രഖ്യാപിച്ച് കേന്ദ്ര കോർപറേറ്റ് കാര്യ മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കണമെന്ന ആവശ്യമാണ് ജസ്റ്റിസ് എം. നാഗപ്രസന്ന നിരസിച്ചത്. അന്വേഷണം സ്വാഭാവികനീതിയുടെ നിഷേധമാണെന്ന വാദവും കോടതി അംഗീ



കരിച്ചില്ല. കമ്പനികാര്യ നിയമപ്രകാരം രജിസ്ട്രാർ ഓഫ് കമ്പനീസ് (ആർ.ഒ.സി.) നടത്തുന്ന അന്വേഷണത്തോട് പൂർണമായി സഹകരിക്കുന്നുണ്ടെന്നും ഇതേ നിയമത്തിന്റെ മറ്റൊരു വകുപ്പു ചുമത്തി എസ്എഫ്ഐഒ സമാന്തരമായി അന്വേഷിക്കുന്നത് തടയണമെന്നുമാണ് എക്സാലോജിക് വാദിച്ചത്. ഗുരുതര കുറ്റകൃത്യമല്ലെങ്കിലും കമ്പനികാര്യ നിയമത്തിലെ ജാമ്യമില്ലാ വകുപ്പ് (212) ചുമത്തിയാണ് അന്വേഷിക്കുന്നതെന്നും യു.എ.പി.എയ്ക്ക് തുല്യമായ വകുപ്പു ചുമത്താനാകില്ലെന്നും കമ്പനി വാദിച്ചു.

മാസപ്പടി കേസിൽ എസ്എഫ്ഐഒ അന്വേഷണം തുടരാമെന്ന കർണാടക ഹൈക്കോടതി വിധിക്കു പിന്നാലെയാണ്, നോട്ടീസ് നൽകാൻ അന്വേഷണ ഏജൻസി ഒരുങ്ങുന്നത്. മൊഴിയെടുക്കുന്നതിനായി ഉടനെതന്നെ നോട്ടീസ് നൽകാനാണു നീക്കം. എന്നാൽ, സി.എം.ആർ.എൽ രാഷ്ട്രീയ പാർട്ടികൾക്ക് 135 കോടി രൂപ നൽകിയതുമായി ബന്ധപ്പെട്ട ഗുരുതര സാമ്പത്തിക ക്രമക്കേടിനെക്കുറിച്ചാണ് അന്വേഷണമെന്നാണ് എസ്.എഫ്.ഐ.ഒ. വാദിച്ചത്. ഒരു സേവനവും നൽകാതെ സി.എം.ആർ.എലിൽനിന്ന് 1.72 കോടി രൂപ എക്സാലോജിക് കൈപ്പറ്റിയതിനു തെളിവുണ്ടെന്നും ചൂണ്ടിക്കാട്ടി. രജിസ്ട്രാർ ഓഫ് കമ്പനീസിൽനിന്ന് ലഭിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം ഏറ്റെടുത്തത്. മറ്റ് ഏജൻസികളുടെ അന്വേഷണം സ്വാഭാവികമായും മരവിച്ചു. അധികാര ദുർവിനിയോഗം നടന്നിട്ടുണ്ടോ എന്നു പരിശോധിക്കാൻ വിപുലമായ അധികാരങ്ങളുള്ള ഏജൻസിക്ക് കഴിയുമെന്നും കേന്ദ്രസർക്കാർ വാദിച്ചു.

# ഇലക്ടറൽ ബോണ്ട് ഭരണഘടനാ വിരുദ്ധം: സുപ്രീം കോടതി

ന്യൂഡൽഹി: രാഷ്ട്രീയ പാർട്ടികൾക്കു സംഭാവന സ്വരൂപിക്കാൻ നരേന്ദ്ര മോദി സർക്കാർ കൊണ്ടുവന്ന തെരഞ്ഞെടുപ്പു കടപ്പത്ര (ഇലക്ടറൽ ബോണ്ട്) പദ്ധതി സുപ്രീം കോടതി റദ്ദാക്കി. പദ്ധതി ഭരണഘടനാവിരുദ്ധമെന്നും പേരു വെളിപ്പെടുത്താതെയുള്ള സംഭാവനാരീതി, ആരാണ് പാർട്ടികൾക്കു പണം നൽകുന്നതെന്നറിയാൻ പൗരർക്കുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ചൂണ്ടിക്കാട്ടിയാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ ചരിത്രവിധി.

രാഷ്ട്രീയ സംഭാവനകൾ വഴി കള്ളപ്പണം വെളുപ്പിക്കുന്നതു തടയാനും സംഭാവനകൾ ബാങ്ക് വഴിയാക്കി സുതാര്യത കൊണ്ടുവരാനും ഉദ്ദേശിച്ചുള്ളതാണ് കടപ്പത്ര പദ്ധതിയെന്ന കേന്ദ്ര സർക്കാരിന്റെ വാദം തള്ളിയാണ് ബെഞ്ച് ഏകസ്വരത്തിൽ വിധി പറഞ്ഞത്. ഇന്ത്യ പൊതുതെരഞ്ഞെടുപ്പിലേക്കു നീങ്ങവേ, കേന്ദ്ര സർക്കാരിനും ബി.ജെ.പിക്കും കനത്ത തിരിച്ചടിയാണു നടപടി.

വോട്ടു ചെയ്യാനുള്ള സ്വാതന്ത്ര്യം ഫലപ്രദമായി നിർവഹിക്കാൻ രാഷ്ട്രീയ പാർട്ടികൾക്ക് ലഭിക്കുന്ന സംഭാവനാ വിവരവും സമ്മതിദായകർ അറിയേണ്ടത് അത്യാവശ്യമാണ്. വ്യക്തികളെയും സ്ഥാപനങ്ങളെയും ഭീഷണിപ്പെടുത്തി സംഭാവന നേടാൻ തെരഞ്ഞെടുപ്പു കടപ്പത്രങ്ങൾ വഴി ഭരിക്കുന്ന പാർട്ടിക്കു കഴിയും. സംഭാവന നൽകുന്നവരുടെ വിവരങ്ങൾ രഹസ്യമാക്കുന്നത് വോട്ടു രേഖപ്പെടുത്തുന്നതിലെ സ്വകാര്യതയ്ക്കു സമാനമാണെന്ന കേന്ദ്ര സർക്കാരിന്റെ വാദം അംഗീകരിക്കാനാകില്ല. പ്രത്യുപകാരം പ്രതീക്ഷിച്ചാവാം സ്ഥാപനങ്ങൾ വൻതോതിൽ (ശേഷം 24-ാം പേജിൽ)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA



JAIBU MATHEW KULANGARA
& ASSOCIATES

For Personal & Business
TAX SERVICE

Jaibu Mathew Kulangara, E.A.
Entrolled to Practice before IRS

Christine Mathew
Lead Associate

7215 W.Touhy,
Suite 6
CHICAGO, IL 60631

773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX

E-mail:tax@jaibu.com
Web:www.jaibu.com

Free Electronic Filing



Michael Crifase Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

Trusted Representation
Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

Crifase Law Firm
Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

We Want A Long Term Relationship With You

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2018

# വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ വീടുകൾ രാഹുൽഗാന്ധി സന്ദർശിച്ചു

മാനന്തവാടി: വയനാട്ടിൽ ഈയിടെ വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ട മൂന്നു പേരുടെ വീടുകൾ രാഹുൽ ഗാന്ധി എം.പി. സന്ദർശിച്ചു. ചാലിഗദ്ദയിൽ കാട്ടാന ആക്രമണത്തിൽ മരിച്ച കർഷകൻ പനച്ചിയിൽ അജീഷ്, കാട്ടാന ആക്രമണത്തിൽ പരുക്കേറ്റതിനെത്തുടർന്നു മരിച്ച വെള്ളച്ചാലിൽ പോൾ, കടുവ കൊലപ്പെടുത്തിയ കർഷകൻ പ്രജീഷ് എന്നിവരുടെ വീടുകളിലായിരുന്നു സന്ദർശനം.



കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പുൽപ്പള്ളി പാക്കം വെള്ളച്ചാലിൽ പോളിന്റെ വീട്ടിലെത്തിയ രാഹുൽഗാന്ധി എം.പി., പോളിന്റെ ഭാര്യയെയും മകളെയും ആശ്വസിപ്പിക്കുന്നു

ഫെബ്രുവരി 18-നാണ് രാഹുൽ അജീഷിന്റെ വീട്ടിലെത്തിയത്. ഭാര്യ ഷീബ, മക്കളായ അൽന, അലൻ എന്നിവരെയും കുടുംബത്തിലെ മറ്റംഗങ്ങളെയും എം.പി. ആശ്വസിപ്പിച്ചു. വന്യമൃഗശല്യ പ്രതിരോധത്തിനു നടപടികൾ ഊർജിതമാക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ സമ്മർദം ചെലുത്തുമെന്നും എപ്പോഴും കൂടെയുണ്ടാകുമെന്നും എം.പി. ഉറപ്പു നൽകി. 'അജിയുടെ മക്കൾ ധൈര്യശാലികളാണ്. അതിജീവിക്കാനുള്ള കരുത്ത് അവർക്കുണ്ടാകും. ആനയെ പിടികൂടുന്നതു സംബന്ധിച്ച് കർണാടക സർക്കാരുമായി ബന്ധപ്പെട്ടിരുന്നു. കുടുംബത്തിന് എല്ലാ പിന്തുണയുമുണ്ടാകും': രാഹുൽഗാന്ധി പറഞ്ഞു.

കുറുവ വിനോദസഞ്ചാരകേന്ദ്രത്തിൽ ജീവനക്കാരനായിരുന്ന വെള്ളച്ചാലിൽ പോളിന്റെ വീട്ടിലാണ് എം.പി. പിന്നീടെത്തിയത്. പോളിന്റെ ഭാര്യ സീനയും മകൾ സോനയും രാഹുലിനുമുന്നിൽ വിതുമ്പി. പിതാവിനു വിദഗ്ധ ചികിത്സ ലഭിക്കാൻ വൈകിയെന്ന പരാതി രാഹുൽഗാന്ധിക്കു മുന്നിലും സോന ആവർത്തിച്ചു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്ന രാഹുൽഗാന്ധി വീട് പുനർനിർമിച്ചു നൽകുമെന്നു വാക്കുനൽകി.

പഠിച്ച് ഉയരങ്ങളിലെത്തണമെന്ന് സോനയെ ഉപദേശിച്ചു. സോനയുടെ വിദ്യാഭ്യാസച്ചെലവ് സർക്കാർ ഏറ്റെടുക്കുമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പോരായ്മകൾ ഉണ്ടായാൽ ഇടപെടുമെന്ന് ഉറപ്പുനൽകി. രാഹുൽഗാന്ധിയുടെ സന്ദർശനത്തിൽ പ്രതീക്ഷയുണ്ടെന്ന് സോന പിന്നീട് മാധ്യമങ്ങളോട് പ്രതികരിച്ചു.

# ന്യൂജേഴ്സിയിൽ മാനുവൽ തോമസ് കുത്തേറ്റ് മരണമടഞ്ഞു



ന്യൂജേഴ്സി: ഫെബ്രുവരി 14-ന് ന്യൂജേഴ്സിയിലെ പാരാമസിൽ മാനുവൽ തോമസ് (61) മകൻ മെൽവിൻ തോമസിന്റെ (32) കുത്തേറ്റ് മരണമടഞ്ഞു. മെൽവിൻ തോമസ് കുറ്റം ഏറ്റെടുത്തതായി പോലീസ് അധികാരികൾ വെളിപ്പെടുത്തി. വീടിന്റെ ബേസ്മെന്റിലാണ് മാനുവൽ തോമസിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. കൊലപാതകവിവരം ഫെബ്രുവരി 16-ന് മെൽവിൻ തന്നെയാണ് പോലീസിനെ വിളിച്ചറിയിച്ചത്.

കൊലപാതകത്തിനു പുറമെ മൃതദേഹത്തെ അപമാനിക്കൽ, ഉദ്യോഗസ്ഥരെ ജോലിയിൽ നിന്ന് തടസ്സപ്പെടുത്തൽ, ആയുധം ഒളിപ്പിച്ചുവെക്കൽ തുടങ്ങിയ കുറ്റങ്ങളാണ് മാനുവൽ തോമസിനെതിരെ അധികൃതർ ചുമത്തിയത്.

# 129-ാമത് മാരാമൺ കൺവൻഷൻ സമാപിച്ചു

മാരാമൺ: മണിപ്പൂരിനെക്കുറിച്ചു സംസാരിക്കേണ്ടവർ സംസാരിക്കുന്നില്ലെന്നു ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത. 129-ാമത് മാരാമൺ കൺവൻഷന്റെ സമാപന യോഗത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. വയനാട്ടിലെ പ്രശ്നത്തിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ജനങ്ങളോടൊപ്പമുണ്ടെന്ന് തെളിയിച്ചു. എന്നാൽ മണിപ്പൂരിൽ അത്തരം ഇടപെടലുകളുണ്ടായില്ല. അവിടെ നിന്നുള്ള 30 കുട്ടികൾ തിരുവല്ലയിലെ സ്കൂളിലുണ്ട്. ഇലയനങ്ങിയാൽ കുട്ടികൾ പേടിച്ചു ഞെട്ടിയുണരുമായിരുന്നു. അവരുടെ ഭയം മാറാൻ ആഴ്ചകളെടുത്തു. അപരനെ ചേർത്തുപിടിക്കാൻ നമുക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു.



ഡിജിറ്റൽ ലോകം കുടുംബബന്ധങ്ങളെ ശിഥിലമാക്കിക്കൊണ്ടിരിക്കയാണ്. ആളുകൾ തമ്മിൽ സംസാരിക്കുന്നില്ല. ബന്ധങ്ങൾ പവിത്രമാണ്. അവ കാത്തു സൂക്ഷിക്കണം. ബന്ധങ്ങൾക്ക് വിള്ളൽ സംഭവിക്കുമ്പോൾ സ്വർഗം ദുഃഖിക്കുന്നു. വീടുകളിൽ സ്വന്തം മുറികളിൽ ഓരോരുത്തരും അടച്ചിരിക്കുകയാണ്. വീട്ടിലെത്തുന്ന അതിഥി ഒറ്റയ്ക്കിരിക്കുന്ന അവസ്ഥയാണ്. ഭക്ഷണം കഴിക്കാൻ വിളിച്ചാൽ പോലും ആരും വരികയോ, ഒരുമിച്ചിരിക്കുകയോ ചെയ്യുന്നില്ല. ബന്ധങ്ങൾ വീണ്ടെടുക്കുമ്പോളാണ് സ്വർഗം സന്തോഷിക്കുന്നത്. ആളുകൾ ഒറ്റപ്പെടാൻ ഇടയാകരുത്. അവരെ നാം ചേർക്കണം. ചേർത്തു പിടിക്കണം. ആഘോഷങ്ങൾ പ്രദർശനമാക്കി മാറ്റരുത്. ദൈവത്തിൽ രൂപാന്തരപ്പെടാൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

ഡോ. ഐസക് മാർ ഫീലക്സിനോസ് അധ്യക്ഷത വഹിച്ചു. മാർത്തോമ്മാ സുവിശേഷ സംഘം സെക്രട്ടറി റവ. എബി കെ. ജോഷ്വ പ്രസ്താവന നടത്തി. സീനിയർ വികാരി ജനറൽ റവ. ജോർജ് മാത്യു സമാപന പ്രാർത്ഥന നടത്തി.

# കേരളം വെന്തുരുകുന്നു

തിരുവനന്തപുരം: ഫെബ്രുവരി പകുതിയായപ്പോഴേക്കും കേരളം വെന്തുരുകുന്നു. പകൽ താപനില 40.5 ഡിഗ്രി സെൽഷ്യസ് വരെയായി. സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് സ്ഥാപിച്ചിട്ടുള്ള ഓട്ടോമേറ്റഡ് കാലാവസ്ഥാമാപിനികളിലെ വിവരമനുസരിച്ച് തൃശൂർ അതിരപ്പള്ളിയിൽ 40.5 ഡിഗ്രിയും പത്തനംതിട്ടയിലെ കുന്നന്താനം, തിരുവല്ല, കണ്ണൂർ ചെമ്പേരി എന്നിവിടങ്ങളിൽ 40 ഡിഗ്രിയോട് അടുത്തുമായിരുന്നു ഫെബ്രുവരി 18-ലെ ചൂട്. ഈ മാപിനികളിലെ താപനില കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഔദ്യോഗിക ശേഖരത്തിൽ ചേർക്കാറില്ലെങ്കിലും അവരുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ കണക്കുപ്രകാരം കണ്ണൂർ വിമാനത്താവളത്തിലായിരുന്നു ഉയർന്ന താപനില.

ചൂട് ഇനിയും കൂടുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. മാർച്ച് പകുതിയോടെ മാത്രമാണ് വേനൽമഴ പ്രതീക്ഷിക്കുന്നത് എന്നതിനാൽ അത്യുഷ്ണത്തെ നേരിടാനുള്ള കർമ്മപദ്ധതികൾ ഇത്തവണ നേരത്തെ പ്രഖ്യാപിച്ചേക്കും. കുട്ടികളിൽ നിർജലീകരണം ഒഴിവാക്കാൻ വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന വാട്ടർ ബെൽ സംവിധാനം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. കുട്ടികളെ വെള്ളംകുടിക്കാൻ ഓർമ്മിപ്പിക്കുന്നതിന് എല്ലാ സ്കൂളുകളിലും രാവിലെ 10.30-നും ഉച്ചക്ക് 2.30-ന് ബെൽ അടിക്കും.

# ചേർത്തലയിൽ ഭാര്യയെ ഭർത്താവ് പെട്രോൾ ഒഴിച്ചു കത്തിച്ചു

ചേർത്തല: ഭാര്യയെ പെട്രോൾ ഒഴിച്ച് തീകൊളുത്തി കൊലപ്പെടുത്താൻ ഭർത്താവിന്റെ ശ്രമം. ചേർത്തല താലൂക്ക് ആശുപത്രിക്കു സമീപം വെച്ചാണ് സംഭവം. ഗുരുതരമായി പൊള്ളലേറ്റ കടക്കരപ്പള്ളി വലിയവീട്ടിൽ ആരതിയെ (32) ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പിന്നീട് ആലപ്പുഴ മെഡിക്കൽ കോളജിലേക്ക് മാറ്റി. ഭർത്താവ് ശ്യാംജിത്തിനും പൊള്ളലേറ്റിട്ടുണ്ട്.

ചേർത്തലയിലെ സ്വകാര്യ സ്ഥാപനത്തിൽ ജോലിക്കെത്തിയപ്പോഴാണ് ആരതിയെ ഭർത്താവ് ശ്യാംജിത് ആക്രമിച്ചത്. സ്കൂട്ടറിലെത്തിയ ആരതിയെ വഴിയിൽ വെച്ച് തടഞ്ഞുനിർത്തി പെട്രോൾ ഒഴിച്ചു തീ കൊളുത്തുകയായിരുന്നു. കുടുംബ വഴക്കാണ് സംഭവത്തിനു പിന്നിലെന്നാണ് പോലീസിന്റെ നഗമനം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 08
February 23, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ.

**വള്ളത്തോൾ**

യുദ്ധം മനുഷ്യനെ നശിപ്പിക്കുന്നു. ആഡംബരം മനുഷ്യരാശിയെ നശിപ്പിക്കുന്നു.

**ജോൺ ക്രൗൺ**


MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED
MEDICARE
Medicare coverage can be confusing and it is important to make the best decision for you and your health. There are four different parts of Medicare:
Part A Hospital Insurance
Part C $0 Premium Medicare Advantage Plans
Part B Medical Insurance
Part D Prescription Drug Coverage
Medicare Supplement Plans Offered by Various Companies at competitive Rates
CALL or TEXT RAJ SURENDRAN
Senior Medicare Specialist
Investment Advisor Representative, MBA
708-945-3985
www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com
There is no obligation,
All consultations are complimentary!


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## തെരഞ്ഞെടുപ്പുകൾ സുതാര്യമാകട്ടെ

രാഷ്ട്രീയകക്ഷികൾക്ക് സംഭാവന സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന തെരഞ്ഞെടുപ്പുബോണ്ട് സമ്പ്രദായം റദ്ദാക്കിക്കൊണ്ടുള്ള സുപ്രീംകോടതി ഭരണഘടനാബെഞ്ചിന്റെ വിധി സുതാര്യത എന്ന ആശയത്തിന്റെ വിജയമാണ്. പൗരന്റെ അറിയാനുള്ള അവകാശം കവർന്നെടുക്കുന്നത് ജനാധിപത്യത്തിൽ അനുവദിക്കാനാകില്ല എന്ന നിസ്സന്ദേഹമായ പ്രഖ്യാപനമാണ് ഇന്ത്യയിലെ പരമോന്നത കോടതി നടത്തിയിരിക്കുന്നത്. കള്ളപ്പണം രാഷ്ട്രീയസംഭാവനകളുടെ രൂപത്തിൽ സമ്പദ്ഘടനയിലേക്ക് ഒഴുകുന്നതു തടയാൻ ബോണ്ട് സമ്പ്രദായത്തിലൂടെ കഴിയുമെന്ന കേന്ദ്രസർക്കാരിന്റെ അടിസ്ഥാനവാദംതന്നെ, ന്യായീകരിക്കത്തക്കതല്ലെന്ന് വിലയിരുത്തി സുപ്രീംകോടതി തള്ളിയിട്ടുമുണ്ട്.

ഇലക്ടറൽ ബോണ്ടുകൾ വിവരാവകാശത്തിന്റെയും ഭരണഘടനയുടെ 19(1) (എ) അനുച്ഛേദത്തിന്റെയും ലംഘനമാണെന്നും രാഷ്ട്രീയ പാർട്ടികൾക്ക് ലഭിക്കുന്ന സംഭാവനകൾ അറിയാനുള്ള അവകാശം പൊതുജനങ്ങൾക്കുണ്ടെന്നും കോടതി വ്യക്തമാക്കി. കള്ളപ്പണം തടയുകയാണ് ലക്ഷ്യമെന്ന സർക്കാരിന്റെ വാദം കോടതി തള്ളി. വിവരാവകാശ ലംഘനമല്ലാതെ അതിനു വേറെയും മാർഗങ്ങളുണ്ടെന്നു കോടതി പറഞ്ഞു. രാഷ്ട്രീയ പാർട്ടികൾക്കു ലഭിച്ച ഇലക്ടറൽ ബോണ്ടുകളുടെ വിശദാംശങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മാർച്ച് ആറിനകം തെരഞ്ഞെടുപ്പ് കമ്മീഷനു നൽകണം. കമ്മീഷൻ 13-നകം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും വേണം. ബോണ്ടുകളുടെ വിതരണം ഉടൻ നിർത്തിവെക്കണമെന്നും കോടതി ആവശ്യപ്പെട്ടു. അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ്, കോമൺ കോസ് എന്നീ സംഘടനകളും സി.പി.എമ്മും കോൺഗ്രസ് നേതാവ് ഡോ. ജയ ഠാക്കൂറുമാണ് കോടതിയെ സമീപിച്ചത്.

ഇലക്ടറൽ ബോണ്ട് സുതാര്യത ഇല്ലാതാക്കുമെന്നും കള്ളപ്പണമൊഴുകാൻ വഴിയൊരുക്കുമെന്നും ചൂണ്ടിക്കാട്ടി സി.പി.എം., അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് തുടങ്ങിയവ നൽകിയ റിട്ട് ഹർജികളിലാണ് വിധിയുണ്ടായത്. രാഷ്ട്രീയ സംഭാവനകൾ വഴി കള്ളപ്പണം വെളുപ്പിക്കുന്നതു തടയാനും സംഭാവനകൾ ബാങ്ക് വഴിയാക്കി സുതാര്യത കൊണ്ടുവരാനും ഉദ്ദേശിച്ചുള്ളതാണ് കടപ്പത്ര പദ്ധതിയെന്ന കേന്ദ്ര സർക്കാരിന്റെ വാദം പാടേ തള്ളുകയായിരുന്നു കോടതി. തെരഞ്ഞെടുപ്പിലെ കള്ളപ്പണത്തിന്റെ സ്വാധീനം ഇല്ലാതാക്കാനുള്ള ഏകവഴി കടപ്പത്ര പദ്ധതിയല്ലെന്നും വോട്ടവകാശം ഫലപ്രദമായി വിനിയോഗിക്കാൻ രാഷ്ട്രീയപാർട്ടികൾക്കു ലഭിക്കുന്ന സംഭാവനാവിവരവും സമ്മതിദായകർ അറിയേണ്ടത് അത്യാവശ്യമാണെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ചൂണ്ടിക്കാട്ടിയപ്പോൾ ജനാധിപത്യം പ്രകാശമാനമാകുന്നു. സുതാര്യമല്ലാത്ത തെരഞ്ഞെടുപ്പു സംഭാവനകൾ ജനാധിപത്യത്തെ തകർക്കുമെന്നും ഇതു ഭരണ, പ്രതിപക്ഷ പാർട്ടികൾക്കിടയിൽ തുല്യത ഇല്ലാതാക്കുമെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടിയിരുന്നു.

രാഷ്ട്രീയ പാർട്ടികൾക്ക് ഇലക്ടറൽ ബോണ്ടുകളിലൂടെ പണം സ്വീകരിക്കാവുന്ന വ്യവസ്ഥ നിലവിൽ വന്ന 2018 ജനുവരി മുതൽ ഇതുവരെയുള്ള ഭീമഭാഗം സംഭാവനകളും ലഭിച്ചതു മുഖ്യഭരണകക്ഷിയായ ബി.ജെ.പിക്കാണെന്നുകൂടി ഓർമിക്കുമ്പോൾ ഇപ്പോഴുണ്ടായ വിധിയുടെ ആഘാതശേഷി കൂടുതൽ വ്യക്തമാകുന്നു. കോർപറേറ്റുകളും സർക്കാരും തമ്മിലുള്ള വഴിവിട്ട ഇടപാടുകൾക്കു നിയമപ്രാബല്യം നൽകുന്നതാണ് ഇലക്ടറൽ ബോണ്ടുകളെന്ന ആരോപണം തുടക്കംമുതൽ ഉയർന്നിരുന്നെങ്കിലും അതിനെതിരെ വിധിയുണ്ടാവുന്നത് ഇപ്പോൾ മാത്രമാണ്. ആസന്നമായ പൊതുതെരഞ്ഞെടുപ്പിലും ഈ ബോണ്ടുകളുടെ പിൻബലം ബി.ജെ.പി. തേടുന്നതിനിടെയാണ് കോടതിയിൽനിന്നുള്ള പ്രഹരം.

ഇലക്ടറൽ ബോണ്ടിന്റെ ദുരുപയോഗത്തിൽ സുപ്രീംകോടതി മുൻപും ആശങ്ക പ്രകടിപ്പിച്ചിട്ടുള്ളതാണ്. ഈ പദ്ധതി തെരഞ്ഞെടുപ്പിൽ കള്ളപ്പണമൊഴുക്കിനു വഴിയൊരുക്കുന്നതാണെന്നു തുടക്കത്തിൽത്തന്നെ റിസർവ് ബാങ്കും തെരഞ്ഞെടുപ്പു കമ്മിഷനും ചൂണ്ടിക്കാട്ടിയതുമാണ്. കടപ്പത്രങ്ങളിലൂടെ രാഷ്ട്രീയപാർട്ടികൾക്കു ലഭിക്കുന്നത് കള്ളപ്പണമാണോ എന്നു കണ്ടെത്താൻ മാർഗമില്ലെന്നു വ്യക്തമാക്കി, കടപ്പത്ര പദ്ധതിക്കായി കൊണ്ടുവന്ന വ്യവസ്ഥകളിലെ പിഴവുകൾ അക്കമിട്ടു പറഞ്ഞ് തെരഞ്ഞെടുപ്പു കമ്മിഷൻ കേന്ദ്ര നിയമമന്ത്രാലയത്തിന് 2019-ൽ കത്തയയ്ക്കുകയുണ്ടായി. കടപ്പത്രത്തിലൂടെയുള്ള സംഭാവന തെരഞ്ഞെടുപ്പു കമ്മീഷനോടു വെളിപ്പെടുത്തേണ്ടതില്ലെന്ന, ജനപ്രാതിനിധ്യ നിയമത്തിന്റെ 29 സി വകുപ്പിൽ വരുത്തിയ ഭേദഗതി സുതാര്യത ഇല്ലാതാക്കുമെന്നും അതു പിൻവലിക്കണമെന്നും അന്നേ ആവശ്യമുയർന്നതാണ്. അധികാരത്തിലുള്ളവരോടും അധികാരത്തിലെത്താൻ ഇടയുള്ളവരോടുമുള്ള അതിസമ്പന്നരുടെ ചങ്ങാത്തത്തിന്റെ ലക്ഷ്യം സർക്കാരിനെ വശത്താക്കുക എന്നതാവാം. കൊടുക്കുന്ന സംഭാവനയെക്കാളേറെ നേട്ടം പിന്നീട് ഉണ്ടാക്കാമെന്ന ചിന്ത ജനാധിപത്യത്തെ അട്ടിമറിക്കലാണ്. അഞ്ചംഗ ഭരണഘടനാബെഞ്ച് അതു തിരിച്ചറിഞ്ഞിരിക്കുന്നു. ഈ വിധി ചില രാഷ്ട്രീയ പാർട്ടികൾക്കെങ്കിലും ദോഷകരമായിരിക്കാം. പക്ഷേ, ജനാധിപത്യത്തിനു ഗുണകരമാണ്.

# കർഷകസമരം അടിച്ചമർത്തരുത്

പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് പഞ്ചവത്സര പദ്ധതികൾ ഉൾപ്പെടെ ഇന്ത്യയുടെ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമായ സുപ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് 1950 മാർച്ച് 15-ന് രൂപം നൽകിയ ആസൂത്രണ കമ്മിഷന് (പ്ലാനിങ് കമ്മിഷൻ) ആധുനിക ഇന്ത്യയെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുണ്ട്. 2014-ൽ നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ പൊളിച്ചെഴുത്തുകളിൽ ആദ്യത്തേതായിരുന്നു ആസൂത്രണ കമ്മിഷനെ പിരിച്ചുവിട്ട് 2015 ജനുവരി ഒന്നുമുതൽ നിലവിൽ വന്ന നീതി ആയോഗ് (നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോമിങ് ഇന്ത്യ). 25 കോടി ജനങ്ങളെ ദാരിദ്ര്യത്തിൽനിന്നു കരകയറ്റി,




തൊഴിലില്ലായ്മ ഗണ്യമായതോതിൽ പരിഹരിച്ചു തുടങ്ങിയ പല അവകാശവാദങ്ങളും പ്രധാനമന്ത്രിയും കേന്ദ്ര ധനമന്ത്രിയും ആഭ്യന്തരമന്ത്രിയും സമീപനാളുകളിൽ പൊതുവേദികളിൽ ആവർത്തിച്ച് ഉന്നയിക്കുന്നത് നീതി ആയോഗിന്റെ കണക്കുകളുടെ പിൻബലത്തിലാണ്. ആ കണക്കുകൾക്ക് യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ല.

മോദി സർക്കാരിൽനിന്ന് അതിസമ്പന്നർക്കും വൻകിട കോർപറേറ്റുകൾക്കും ലഭിച്ച മുൻഗണനയോ പരിഗണനയോ ഇന്ത്യയിലെ അടിസ്ഥാന ജനവിഭാഗമായ കർഷകർക്കോ തൊഴിലാളികൾക്കോ ഒരിക്കലും ലഭിച്ചില്ല. അതിന്റെ ഫലമാണ്, പഞ്ചാബിൽനിന്നും ഹരിയാനയിൽനിന്നും യു.പിയിൽനിന്നുമൊക്കെയായി ട്രാക്ടറുകളുടെ അകമ്പടിയോടെ കർഷകർ ഡൽഹി ചലോ മാർച്ച് നടത്തുന്നത്. രണ്ടായിരത്തോളം ട്രാക്ടറുകളുമായി 20,000 കർഷകരാണ് മാർച്ചിൽ പങ്കെടുക്കുന്നത്. കേരള എക്സ്പ്രസിൽ അവിടേക്കു പുറപ്പെട്ട ചിലരെ അറസ്റ്റ് ചെയ്തെങ്കിലും മലയാളികളും സമരത്തിലുണ്ട്. 2020-21 -ലെ കർഷകസമരത്തിൽ കൊടുത്ത ഉറപ്പുകൾ പാലിക്കാത്ത സർക്കാരിനെതിരെയാണ് സമരം. മിനിമം താങ്ങുവില ഉറപ്പാക്കാൻ നിയമനിർമാണം, വിള ഇൻഷ്വറൻസ് ഏർപ്പെടുത്തൽ, എം.എസ്. സ്വാമിനാഥൻ റിപ്പോർട്ട് നടപ്പാക്കൽ, കർഷകർക്കും കർഷകത്തൊഴിലാളികൾക്കും പെൻഷൻ, കാർഷികകടം എഴുതിത്തള്ളൽ, 2020-ലെ കർഷകസമരത്തിന്റെ കേസുകൾ പിൻവലിക്കൽ തുടങ്ങിയ ആവശ്യങ്ങളാണ് കർഷകർ ഉന്നയിക്കുന്നത്.

സംയുക്ത കിസാൻ മോർച്ചയുടെയും കിസാൻ മസ്ദൂർ മോർച്ചയുടെയും നേതൃത്വത്തിൽ ഇരുനൂറിലധികം കർഷക യൂണിയനുകളാണ് പങ്കെടുക്കുന്നത്. 2020-ലേതുപോലെ ഇത്തവണയും സംയുക്ത കിസാൻ മോർച്ചയാണ് നയിക്കുന്നതെങ്കിലും പ്രധാന സംഘടനയായ ബി.കെ.യുവിന്റെ നേതാവായിരുന്ന രാകേഷ് ടിക്കായത്ത് വിട്ടുനിൽക്കുന്നതും ശ്രദ്ധേയമാണ്. എന്നാൽ, കർഷകരെ അടിച്ചൊതുക്കിയാൽ എല്ലാ യൂണിയനുകളും തെരുവിലിറങ്ങുമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. പഴയ ഐക്യവും കെട്ടുറപ്പും കർഷകസംഘടനകൾക്ക് ഇത്തവണയില്ലെന്ന വിമർശനങ്ങളും ഉയർന്നിട്ടുണ്ട്. 2020-ന്റെ ഓർമ കേന്ദ്രസർക്കാരിനെ കൂടുതൽ ജാഗ്രതയിലാക്കിയിട്ടുമുണ്ട്. കർഷകരെ ഡൽഹിയിൽ പ്രവേശിക്കുന്നതിൽനിന്നു തടയാൻ സർവസന്നാഹങ്ങളും ഒരുക്കിയിട്ടുണ്ട്.

മിനിമം താങ്ങുവില ഉത്പാദനച്ചെലവിന് ആനുപാതികമായി വർധിപ്പിക്കണമെന്നത് ഇന്ത്യയിലെങ്ങുമുള്ള കർഷകരുടെ ആവശ്യമാണ്. അതു നടപ്പാക്കിയാൽതന്നെ ഇന്ത്യയിലെ കർഷക ആത്മഹത്യകൾ കുത്തനെ കുറയും. കൃഷിച്ചെലവ് വർധിക്കുന്നതും വിളകൾക്ക് അപ്രതീക്ഷിതമായുണ്ടാകുന്ന വിലയിടിവും ഇറക്കുമതിനയങ്ങളും കാർഷികമേഖലയെ ചൂതുകളിക്കു സമാനമാക്കി.

കൃഷി നഷ്ടമായതോടെ മറ്റു വരുമാനം എന്തെങ്കിലുമുള്ള ചെറുകിട കർഷകർ രംഗമൊഴിയുകയാണ്. കർഷകർ രാഷ്ട്രീയ പാർട്ടികളുടെ പിന്തുണയില്ലാതെ സമരത്തിനിറങ്ങുന്നത് അപൂർവമാണ്. 2020-ൽ ഡൽഹിയിൽ അതു സംഭവിച്ചു. ഒരു വർഷം നീണ്ട സമരത്തിനൊടുവിലാണ് സർക്കാർ പാർലമെന്റ് പാസാക്കിയ കാർഷിക നിയമങ്ങൾ പിൻവലിച്ചുകൊണ്ട് കർഷകർക്കു മുമ്പിൽ മുട്ടുമടക്കിയത്. അതേ മാതൃകയിൽ യൂറോപ്പിലും സമരങ്ങൾ അരങ്ങേറുകയാണ്. അവിടെ കർഷകർക്കു ലഭിക്കുന്ന വലിയ ആനുകൂല്യങ്ങളും സബ്സിഡികളും കുറയ്ക്കുന്നതാണ് പ്രതിഷേധത്തിന്റെ പ്രധാന കാരണം. കാര്യമായ സബ്സിഡികളൊന്നുമില്ലാത്ത ഇന്ത്യയിലെ കർഷകരുടെ സ്ഥിതി കൂടുതൽ ദയനീയമാണ്.

കർഷകർക്കും ഉപഭോക്താവിനും മേൽക്കൈ ഉണ്ടായിരുന്ന കാർഷിക-ഭക്ഷണ പരമാധികാരം ഇന്ത്യയിലുൾപ്പെടെ കോർപറേറ്റ് ഭീമന്മാരുടെ കൈക്കലായി. വിത്തും വളവും കീടനാശിനിയും കാർഷികോത്പന്ന വിപണിയും മൂല്യവർധിത ഭക്ഷ്യവസ്തുവിപണിയുമെല്ലാം വമ്പൻ ബിസിനസായി മാറിയ നിർണായക ഘട്ടത്തിൽ സർക്കാർ തങ്ങൾക്കൊപ്പമല്ലെന്നു കർഷകർ തിരിച്ചറിയുന്നുണ്ട്.

കാർഷികരാജ്യമായ ഇന്ത്യയിലെ അത്യന്തം ഗുരുതരമായ ഈ പ്രതിസന്ധിയിൽ ഓടിയെത്തേണ്ട പ്രതിപക്ഷം അമ്പേ പരാജയപ്പെടുകയും ചെയ്തു. അത്തരമൊരു ശൂന്യതയിലാണ് 2020-ൽ കർഷകസമരം പൊട്ടിപ്പുറപ്പെട്ടത്. പ്രതിപക്ഷത്തെ രാഷ്ട്രീയ വനവാസത്തിനു തുല്യമായ സ്ഥിതിയിലെത്തിച്ചതിൽ അത്തരം നിഷ്ക്രിയത്വങ്ങൾക്കു വലിയ പങ്കുണ്ട്.

അതിർത്തി അടച്ചും തല്ലിയോടിച്ചും കർഷകരെ തലസ്ഥാനത്തു കയറ്റാതിരുന്നാൽ തീരുന്ന പ്രതിസന്ധിയല്ല കാർഷികമേഖല അഭിമുഖീകരിക്കുന്നത്. കർഷകരെ പരാജയപ്പെടുത്തുന്നത്, ആത്യന്തികമായി ഇന്ത്യയെ പരാജയപ്പെടുത്തുന്നതിനു തുല്യമാണ്. കർഷകരെ അടിച്ചമർത്തി സർക്കാർ ഇന്ത്യയെ പരാജയപ്പെടുത്തരുത്.

## കർഷകർ സൈനികരെപ്പോലെ ഇന്ത്യയ്ക്കുവേണ്ടി പോരാടുകയാണ്: രാഹുൽ ഗാന്ധി

ഔറംഗാബാദ്: അതിർത്തി കാക്കുന്ന സൈനികരെപ്പോലെ കർഷകർ ഇന്ത്യയ്ക്കുവേണ്ടി പോരാടുകയാണെന്ന് രാഹുൽ ഗാന്ധി. കാർഷിക വിളകളുടെ താങ്ങുവിലയ്ക്കുള്ള നിയമപരമായ ഉറപ്പിനുവേണ്ടിയും വായ്പ എഴുതിത്തള്ളുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് കർഷകർ ഇന്ത്യാതലസ്ഥാനത്തേക്കു നീങ്ങിയിരിക്കുകയാണെന്നും ഇന്ത്യയ്ക്കുവേണ്ടിയുള്ള പോരാട്ടമായേ ഇതിനെ കാണാൻ സാധിക്കൂവെന്നും ബിഹാറിലെ ഔറംഗാബാദിൽ നടന്ന ഭാരത് ജോഡോ ന്യായ് യാത്രയോടനുബന്ധിച്ചു നടത്തിയ യോഗത്തിൽ രാഹുൽഗാന്ധി പറഞ്ഞു. മണിപ്പൂരിലെ കലാപങ്ങൾക്കുപിന്നിൽ ആർ.എസ്.എസും ബി.ജെ.പിയുമാണെന്നും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഇപ്പോഴും വംശീയവിദ്വേഷം തുടരുകയാണെന്നും രാഹുൽ തുറന്നടിച്ചു.

# സൺഷൈൻ ക്ലിനിക്കൽ ലാബ് ഫ്ളോറിഡയിൽ പ്രവർത്തനം ആരംഭിച്ചു



ഫ്ളോറിഡ: സൺഷൈൻ ക്ലിനിക്കൽ ലാബിന്റെ പ്രവർത്തനത്തിന് ഫ്ളോറിഡയിലെ ട്രിനിറ്റി ടൗൺഷിപ്പിൽ തുടക്കമായി. പ്രശസ്ത സാഹിത്യകാരൻ രാജു മൈലപ്രയാണ് ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചത്.

ഫോമാ, കേരള ക്നാനായ കാത്തലിക് അസോസിയേഷൻ, ചേംബർ ഓഫ് കൊമേഴ്സ് എന്നീ സംഘടനകളുടെ മുൻ പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചിട്ടുള്ള ബേബി ഊരാളിൽ സി.ഇ.ഒ ആയി ചുമതല വഹിക്കുന്ന ഈ ലാബിന്റെ പാർട്നേഴ്സ് സജി മാത്യു, സോണി ജോസഫ്, ഫാൻസിമോൾ പള്ളാത്തുമഠം, മിനി വെട്ടിക്കാട്ട് എന്നിവരാണ്.

അമേരിക്കയിലെ വിവിധ കലാ-സാംസ്കാരിക, സാമുദായിക മണ്ഡലങ്ങളിൽ നേതൃസ്ഥാനം വഹിച്ച് തന്റെ വ്യക്തിപ്രഭാവം തെളിയിച്ചിട്ടുള്ള ബേബി ഊരാളിൽ നയിക്കുന്ന ഈ സംരംഭം വൻ വിജയമാകുമെന്ന് രാജു മൈലപ്ര തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പ്രസ്താവിച്ചു.

കമാൻഡർ ജോർജ് കോരുത്, ജെയിംസ് ഇല്ലിക്കൽ, ഡെന്നി ഊരാളിൽ, ജോസ് ഉപ്പൂട്ടിൽ തുടങ്ങിയവർ ആശംസകളറിയിച്ചു സംസാരിച്ചു. റവ.ഫാ. ജോർജ് വർക്കി അനുഗ്രഹ പ്രാർത്ഥന അർപ്പിച്ചു.

ശ്രീമതി ലീനാ മാത്യുവാണ് അഡ്മിനിസ്ട്രേറ്റർ. കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ ചടങ്ങിൽ സന്നിഹിതരായിരുന്നു.










# അബുദാബിയിലെ ആദ്യ ശിലാക്ഷേത്രം മോദി ഉദ്ഘാടനം ചെയ്തു

അബുദാബി: അബുദാബിയിലെ ആദ്യ ശിലാക്ഷേത്രത്തിന്റെ ഉദ്ഘാടനം ഭക്തനിർഭരമായ അന്തരീക്ഷത്തിൽ ആത്മീയനേതാക്കളെ സാക്ഷിനിർത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. പിങ്ക് നിറത്തിലുള്ള സിൽക്ക് മുണ്ടും കുർത്തയും ജാക്കറ്റും ധരിച്ചെത്തിയാണ് ക്ഷേത്രം ജനങ്ങൾക്കു തുറന്നുകൊടുക്കുന്ന ചടങ്ങുകളിൽ പ്രധാനമന്ത്രി ഭാഗഭാക്കായത്. ഫെബ്രുവരി 14-ന് രാവിലെയായിരുന്നു വിഗ്രഹപ്രതിഷ്ഠ. വൈകുന്നേരം നടന്ന ഉദ്ഘാടനചടങ്ങിലും തുടർന്നുള്ള ഗോപാൽ ആരതിയിലുമാണ് മോദി ഭാഗഭാക്കായത്. ബാപ്സ് എന്നറിയപ്പെടുന്ന ബോച്ചാസൻവാസി ശ്രീ അക്ഷർ പുരുഷോത്തം സ്വാമിനാരായണ സൻസ്ത എന്ന വിഭാഗത്തിനാണ് ക്ഷേത്രത്തിന്റെ നടത്തിപ്പ്. അബുദാബി-ദുബായ് പ്രധാന ഹൈവേക്ക് സമീപം അബു മുറൈഖയിലാണ് ക്ഷേത്രം. നേരത്തേ ക്ഷേത്ര നിർമാണത്തിനു സഹകരിച്ച വിവിധ വിഭാഗം ജനങ്ങളുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

നേരത്തെ അബുദാബിയിലെ വിവിധ പരിപാടികളിൽ പ്രധാനമന്ത്രി പങ്കെടുത്തു. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന, അഴിമതിയില്ലാത്ത സർക്കാരുകളെയാണ് ലോകം ആവശ്യപ്പെടുന്നതെന്നു വേൾഡ് ഗവൺമെന്റ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പറഞ്ഞു. ജനജീവിതത്തിൽ കഴിയാവുന്നത്ര കുറച്ചുമാത്രമേ സർക്കാരുകൾ ഇടപെടാവൂ. സർക്കാരുകൾ സമ്മർദശക്തിയായി ഒരിക്കലും ജനങ്ങൾക്കു മുന്നിൽ ഉണ്ടാകരുത്. ഇന്ത്യയിലെ ജനങ്ങൾക്ക് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ സർക്കാരിൽ വിശ്വാസം ഏറി. പൊതുജന താത്പര്യത്തിനു മുന്തിയ പരിഗണനന നൽകിയതുമൂലമാണിതെന്നും പ്രധാനമന്ത്രി അവകാശപ്പെട്ടു.



നരേന്ദ്ര മോദി അബുദാബിയിലെ ബി.എ.പി.എസ്. ഹിന്ദു ക്ഷേത്രത്തിനു മുന്നിൽ

# 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്': എതിരേ പ്രമേയം പാസാക്കി തമിഴ്നാട്

ചെന്നൈ: 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' നയത്തിനെതിരെയും മണ്ഡലപുനർനിർണയത്തിനെതിരെയും പ്രമേയം പാസാക്കി തമിഴ്നാട് നിയമസഭ. കേന്ദ്രം നിർദേശിച്ച 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' നയം അപ്രായോഗികവും ജനാധിപത്യവിരുദ്ധവുമാണെന്ന് പ്രമേയം അവതരിപ്പിച്ച് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പറഞ്ഞു.

"സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പുകൾ എന്ന ഭരണഘടനാ ഉറപ്പിന് ഇത് പൂർണമായി എതിരാണ്. ഈ നിർദേശം ഭരണഘടനാവിരുദ്ധമായ സംസ്ഥാന നിയമസഭകൾ മുൻകൂട്ടി പിരിച്ചുവിടുന്നതിലേക്കു നയിച്ചേക്കാം. കേന്ദ്ര സർക്കാർ രാജിവെക്കേണ്ടിവന്നാൽ എല്ലാ സംസ്ഥാന നിയമസഭകളും പിരിച്ചുവിടുമോ? അതുപോലെ, ചില സംസ്ഥാനങ്ങളിലെ സർക്കാരുകൾക്ക് ആയുസ് കുറവാണെങ്കിൽ, കേന്ദ്രത്തിൽ അധികാരത്തിലുള്ളവർ രാജിവെക്കുമോ?"- സ്റ്റാലിൻ ചോദിച്ചു.

2026-നുശേഷം കേന്ദ്രസർക്കാർ നടത്താൻ നിശ്ചയിച്ചിരിക്കുന്ന മണ്ഡലപുനർനിർണയ നീക്കത്തെ ഗൂഢാലോചന എന്നാണ് സ്റ്റാലിൻ വിശേഷിപ്പിച്ചത്. ഡി.എം.കെ.യുടെ സഖ്യകക്ഷിയായ അണ്ണാ ഡി.എം.കെയും പ്രമേയത്തെ പിന്തുണച്ചു. ശബ്ദവോട്ടോടെയാണു പ്രമേയം പാസാക്കിയത്.

# സി.എം.ആർ.എൽ. വിവാദം: ഖനനാനുമതി റദ്ദാക്കാൻ സർക്കാർ കാത്തിരുന്നത് നാലരവർഷം

തിരുവനന്തപുരം: കേന്ദ്രം കത്തയച്ചിട്ടും അഡ്വക്കറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിട്ടും കേരള റെയർ എർത്ത് മിനറൽസ് ലിമിറ്റഡിന്റെ (കെ.ആർ.ഇ.എം.എൽ.) ഖനനാനുമതി റദ്ദാക്കാൻ ഇടതുസർക്കാർ കാത്തിരുന്നതു നാലരവർഷത്തിലേറെ. കെ.ആർ.ഇ.എം.എലിന്റെ മാതൃകമ്പനിയായ സി.എം.ആർ.എലിനെയും മുഖ്യമന്ത്രിയുടെ മകൾ വീണയുടെ എക്സാലോജിക് സൊലൂഷൻസിനെയും ബന്ധിപ്പിച്ച് ആദായനികുതി ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ വിധി പുറത്തുവന്നു വിവാദമായശേഷം കഴിഞ്ഞ ഡിസംബറിലാണ് അനുമതി റദ്ദാക്കി സർക്കാർ ഉത്തരവിറക്കിയത്. മുഖ്യമന്ത്രിയുടെ ഇടപെടലിനെത്തുടർന്നാണു ഫയൽ പിടിച്ചുവെച്ചതെന്ന ആരോപണം മാത്യു കുഴൽനാടൻ എം.എൽ.എ ഉന്നയിച്ചിരുന്നു. ആദ്യം അനുമതി നൽകിയ യു.ഡി.എഫ്. സർക്കാർ 2004-ലും പിന്നീട് വി.എസ്. സർക്കാർ 2010-ലും റദ്ദാക്കിയ ഖനനാനുമതി പുനഃസ്ഥാപിക്കാനാണു പിണറായി സർക്കാർ ശ്രമം നടത്തിയത്.

യു.ഡി.എഫ്. സർക്കാർ 2004-ൽ നൽകിയ അനുമതി പത്താം ദിവസം റദ്ദാക്കിയപ്പോൾ കമ്പനി മൈനിങ് ട്രൈബ്യൂണലിനെ സമീപിച്ച് അനുകൂല വിധി നേടിയിരുന്നു. തുടർന്ന് അപേക്ഷ പരിഗണിച്ച വി.എസ്. സർക്കാർ 2010 ഡിസംബർ 15-ന് അപേക്ഷകൾ നിരസിച്ചു. ഇതിനെതിരെ കമ്പനി ഹൈക്കോടതിയിലെത്തി. ധാതുമണൽ ഖനനത്തിനു കൊല്ലം, ആലപ്പുഴ ജില്ലകളിൽ അനുമതി തേടിയുള്ള കമ്പനിയുടെ 29 അപേക്ഷകൾ നിയമപരമായി കൈകാര്യം ചെയ്യാൻ 2013 ഫെബ്രുവരി 21-നു കോടതി വിധിച്ചു. ഇത് 2016 ഏപ്രിൽ എട്ടിനു സുപ്രീംകോടതിയും ശരിവെച്ചു.

കെ.ആർ.ഇ.എം.എലിന്റെ ഖനനാനുമതി റദ്ദാക്കാൻ 2019 ഏപ്രിൽ 12-ന് മൈനിങ് ജിയോളജി ഡയറക്ടർ തീരുമാനമെടുത്തു. നിയമവകുപ്പും ഇതിനെ അനുകൂലിച്ചു. ഈ ഘട്ടത്തിൽ മുഖ്യമന്ത്രി ഇടപെട്ടു ഫയൽ വിളിച്ചുവരുത്തുകയും പ്രത്യേക യോഗം വിളിക്കുകയുമായിരുന്നു എന്നു വ്യക്തമാക്കുന്ന ഫയൽ കുറിപ്പുകൾ ഈയിടെ കുഴൽനാടൻ പുറത്തുവിട്ടിരുന്നു. നിയമവകുപ്പിന്റെ ഉപദേശത്തെ മറികടന്ന് മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം അഡ്വക്കറ്റ് ജനറലിന്റെ നിയമോപദേശം നേടി.

എന്നാൽ നിയമവകുപ്പ് നൽകിയ ഉപദേശം തന്നെയാണ് എ.ജിയും നൽകിയത്. ഇതു ലഭിച്ചത് 2020 ജൂലൈ 22-ന്. ആ ഘട്ടത്തിൽ അനുമതി റദ്ദാക്കാമായിരുന്നു എന്നിരിക്കെ സർക്കാർ വീണ്ടും കാത്തിരുന്നുവെന്നു വ്യക്തം.

# ഡിജിറ്റൽ ലോകത്തെ മത്സരം ഒഴിവാക്കാൻ നിയമം

ന്യൂഡൽഹി: ഡിജിറ്റൽ മേഖലയിൽ ഭീമന്മാർ തമ്മിലുള്ള അനാരോഗ്യകരമായ കിടമത്സരം ഒഴിവാക്കാനും അന്യായമായ വ്യാപാര രീതികൾ തടയാനും ഡിജിറ്റൽ മത്സരനിയമം വരുന്നു. അന്യായ വ്യാപാരരീതികൾ പിന്തുടരുന്ന ഡിജിറ്റൽ, ടെക് കമ്പനികൾക്ക് പിഴശിക്ഷ ഉൾപ്പെടെ വ്യവസ്ഥ ചെയ്യുന്നതാണ് കരട് ബിൽ. കേന്ദ്ര കോർപ്പറേറ്റുകാര്യ മന്ത്രാലയമാണ് ഡിജിറ്റൽ കോമ്പറ്റീഷൻ ബില്ലിന്റെ കരട് തയ്യാറാക്കിയത്.

ഇ-കൊമേഴ്സ് മേഖലയിലെ ഗേറ്റ്കീപ്പർ പ്ലാറ്റ്ഫോമുകളെ തിരിച്ചറിയാനുള്ള മാനദണ്ഡങ്ങളും കരടിലുണ്ട്. സമിതി അംഗങ്ങളുമായി കൂടിയാലോചിച്ച ശേഷമാകും മന്ത്രാലയം ബിൽ അന്തിമമാക്കുക.

2023 ഫെബ്രുവരിയിലാണ് സർക്കാർ ഡിജിറ്റൽ കോമ്പറ്റീഷൻ ലോ കമ്മിറ്റി രൂപവത്കരിച്ചത്. കോർപറേറ്റ് കാര്യ സെക്രട്ടറി മനോജ് ഗോവിലിന്റെ നേതൃത്വത്തിലാണ് സമിതി.

ഡിജിറ്റൽ മാർക്കറ്റിങ് രംഗത്തെ ആരോഗ്യകരമായ മത്സരാധിഷ്ഠിതരീതിയെ ദോഷകരമായി ബാധിക്കാൻ സാധ്യതയും ശേഷിയുമുള്ള സ്ഥാപനങ്ങളെ സിസ്റ്റമാറ്റിക്കലി ഇമ്പോർട്ടന്റ് ഡിജിറ്റൽ ഇന്റർമീഡിയറികൾ (എസ്.ഐ.ഡി.ഐ.) ആയി തരംതിരിക്കും. സ്ഥാപനത്തിന്റെ വരുമാനം, മാർക്കറ്റ് വിഹിതം, അന്തിമ ഉപയോക്താക്കളുടെ എണ്ണം എന്നിവ അടിസ്ഥാനമാക്കിയാകും തരംതിരിവ്. വിപണിയിൽ ആധിപത്യം പുലർത്തുന്ന സ്ഥാപനങ്ങളെ തിരിച്ചറിഞ്ഞ് ന്യായവും സുതാര്യവും മത്സരാധിഷ്ഠിതവുമായ ഡിജിറ്റൽ അന്തരീക്ഷം ഉറപ്പാക്കാനുള്ള പ്രത്യേക നടപടിക്രമങ്ങളുമുണ്ടാകും.






# യുവത്വത്തിന്റെ ഊർജം സമൂഹനന്മയ്ക്കായി ഉപയോഗിക്കണം: ശ്രീ ശ്രീ രവിശങ്കർ

തിരുവനന്തപുരം: പുതിയ കാലത്തിന്റെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് സമൂഹത്തെ മുന്നോട്ടു നയിക്കാൻ യുവാക്കൾ മുന്നിട്ടിറങ്ങണമെന്ന് ജീവനകലയുടെ ആചാര്യൻ ഗുരുദേവ് ശ്രീ ശ്രീ രവിശങ്കർ. ആർട്സ് ഓഫ് ലിവിങ് സംഘടിപ്പിച്ച 'വൈബ്സ് എജ്യൂ-യൂത്ത് സമ്മിറ്റിൽ' പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.



ലഹരിമുക്തമായ ഒരു നാടിനെ സൃഷ്ടിക്കാൻ യുവാക്കൾക്കാകണം. യുവത്വത്തിന്റെ ഊർജം സമൂഹനന്മയ്ക്കായി ഉപയോഗിക്കണം. കരുത്തും പ്രതിഭയും ഒത്തിണങ്ങിയവരാണ് കേരളത്തിലെ യുവജനങ്ങൾ. ഗൾഫിലും അമേരിക്കയിലുമടക്കം അവർ ഉന്നതമായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. ക്രിയാത്മക-സർഗാത്മക പ്രവർത്തനങ്ങളിലൂടെ അവർക്കു സ്വന്തം നാടിനെയും പുരോഗതിയിലേക്കു നയിക്കാനാകണം. മനുഷ്യരെ വിഭജിക്കുന്ന ഛിദ്രശക്തികൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും 'വസുധൈവകുടുംബകം' എന്ന സങ്കല്പത്തിന്റെ അച്ചുതണ്ടായി ഇന്ത്യയെ മാറ്റിത്തീർക്കാൻ പരിശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ശാസ്ത്രവും ആത്മീയതയും സമന്വയിച്ചുള്ള ജീവിതമാണ് പിന്തുടരേണ്ടത്. പുതിയ കാലത്തെ ടെക്നോളജിയും ഫാഷനും സ്വീകരിക്കുന്നതിനൊപ്പം പരമ്പരാഗതമായ മൂല്യബോധത്തെ പിന്തുടരുകയും വേണം. രവിശങ്കർ യുവാക്കളെക്കൊണ്ട് ലഹരിവിരുദ്ധ പ്രതിജ്ഞയും എടുപ്പിച്ചു.

ജീവനകലയെ സ്പോർട്സുമായി ബന്ധിപ്പിക്കണമെന്ന ചാണ്ടി ഉമ്മൻ എംഎൽഎയുടെ നിർദേശത്തെ രവിശങ്കർ സ്വാഗതം ചെയ്തു. ജീവനകലയുമായി ആറ് വയസ്സു മുതലുള്ള ബന്ധത്തെപ്പറ്റി പറഞ്ഞ നടി ഐശ്വര്യലക്ഷ്മി ആർട്സ് ഓഫ് ലിവിങ് ജീവിതത്തിൽ വരുത്തിയ മാറ്റത്തെപ്പറ്റി പറഞ്ഞപ്പോൾ വിതുമ്പി.

# ഖത്തർ അമീറിന് ഇന്ത്യയിലേക്ക് ക്ഷണം

ദോഹ: ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയെ ഇന്ത്യയിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ക്ഷണിച്ചു. പ്രവാസി ഇന്ത്യക്കാരോടുള്ള ഉദാര സമീപനത്തിന് ദോഹയിൽ നടത്തിയ കൂടിക്കാഴ്ചയിൽ അമീറിനോട് പ്രധാനമന്ത്രി നന്ദി പറഞ്ഞു. സാമ്പത്തിക, നിക്ഷേപ, ഊർജ, ബഹിരാകാശ, നഗര വികസന മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച നടത്തി. ഗൾഫ്



പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയും ദോഹയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്കിടെ

രാജ്യങ്ങളുടെ സുപ്രധാന പങ്കാളി എന്ന നിലയിൽ ഇന്ത്യയുടെ സഹകരണത്തിന് അമീറും നന്ദി പറഞ്ഞു. രണ്ടാം തവണ ഖത്തറിൽ എത്തിയ മോദിക്ക് ഔപചാരിക സ്വീകരണവും ചർച്ചകൾക്ക് ശേഷം വിരുന്നും ഒരുക്കിയിരുന്നു. യു.എ.ഇ. സന്ദർശനം പൂർത്തിയാക്കി ഫെബ്രുവരി 14-ന് ദോഹയിൽ എത്തിയ പ്രധാനമന്ത്രിയെ ഖത്തർ വിദേശകാര്യമന്ത്രി സുൽത്താൻ ബിൻ സാദ് അൽ മുറെയ്ഖി വിമാനത്താവളത്തിൽ സ്വീകരിച്ചു. പ്രധാനമന്ത്രിയോടുള്ള ബഹുമാനാർത്ഥം ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽ റഹ്മാൻ അൽതാനി വിരുന്ന് ഒരുക്കിയിരുന്നു. മധ്യപൂർവ മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇരു പ്രധാനമന്ത്രിമാരും ചർച്ച നടത്തി. ഖത്തർ അമീറിന്റെ പിതാവ് ഹമദ് ബിൻ ഖലീഫ അൽതാനിയെയും മോദി സന്ദർശിച്ചു. രാജ്യത്തെ വികസനത്തിലേക്കു നയിച്ച അദ്ദേഹത്തിന്റെ നിലപാടുകളെ അഭിനന്ദിച്ചു. ഖത്തറിൽ ഇന്ത്യൻ സമൂഹത്തിന്റെ സേവനങ്ങളെ പ്രകീർത്തിച്ച ഷെയ്ഖ് ഹമദ് ബിൻ ഖലീഫ ഇന്ത്യയും ഖത്തറും ദീർഘകാല സുഹൃത്തുക്കളാണെന്നും ഓർമിപ്പിച്ചു.

# സിംഹത്തിനൊപ്പം സെൽഫിക്ക് ശ്രമിച്ച യുവാവിന് ദാരുണാന്ത്യം

തിരുപ്പൂർ: മദ്യലഹരിയിൽ സിംഹത്തിനൊപ്പം സെൽഫിയെടുക്കാൻ ശ്രമിച്ച യുവാവിന് ദാരുണാന്ത്യം. ആന്ധ്രപ്രദേശിലെ തിരുപ്പതിയിലെ വെങ്കടേശ്വര പാർക്കിലാണ് സംഭവം. രാജസ്ഥാനിലെ ആൽവാർ സ്വദേശിയായ പ്രഹ്ലാദ് ഗുജ്ജാർ (34) എന്ന യുവാവാണ് സിംഹത്തിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്.

സിംഹങ്ങളുടെ കൂടുകളുള്ള സ്ഥലത്തെത്തിയപ്പോൾ ഇയാൾ സെൽഫിയെടുക്കാൻ ചുറ്റുമതിൽ ചാടിയിറങ്ങുകയായിരുന്നുവെന്ന് മൃഗശാലാ അധികൃതർ അറിയിച്ചു.

ജീവനക്കാരുടെ മുന്നറിയിപ്പ് അവഗണിച്ച പ്രഹ്ലാദ് കൂടിനു സമീപത്തേക്ക് ചെല്ലുകയായിരുന്നു. ചാടിവീണ ആൺസിംഹം പ്രഹ്ലാദിന്റെ കഴുത്തിനു പിടിച്ചു വലിച്ചു കീറുകയായിരുന്നു.

പ്രഹ്ലാദ് സമീപത്തെ മരത്തിൽ ചാടിക്കയറാൻ ശ്രമിച്ചെങ്കിലും നടന്നില്ല. മൃഗശാലാ ജീവനക്കാർ ശബ്ദമുയർത്തി സിംഹത്തെ കൂട്ടിലേക്ക് ഓടിച്ചുകയറ്റി. ഉടൻതന്നെ പ്രഹ്ലാദിനെ ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സ്ഥിരീകരിച്ചു.




JB RESTORATION
JB ADJUSTERS
OPTIMUM CONTRACTORS



MATHEW
മത്തായിച്ചൻ
JORGE

MATHEW 630-205-5585 JORGE 630-335-2987

ROOFING & SIDING

We Specialize In Storm Damage Repair
We Work With All Home Insurance

FREE ESTIMATE
COMMERCIAL & RESIDENTIAL
REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# കേന്ദ്ര നിയമം ഭേദഗതി ചെയ്യണം; കാട്ടുപന്നിയെ ശല്യക്കാരനാക്കണം

തിരുവനന്തപുരം: കേരളത്തിൽ ജനവാസ മേഖലയിൽ വന്യജീവി ആക്രമണം വർധിക്കുന്നതിനാൽ കേന്ദ്ര വന്യജീവി നിയമത്തിൽ ഭേദഗതി വരുത്തണമെന്നു നിയമസഭ പ്രമേയം പാസാക്കി. പ്രതിപക്ഷവും കൂടി സഹകരിച്ച് ഐകകണ്ഠ്യേനയാണ് മന്ത്രി എ.കെ. ശശീന്ദ്രൻ അവതരിപ്പിച്ച പ്രമേയം പാസാക്കിയത്. കേരളത്തിലെ പല ഭാഗങ്ങളിലും വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർധിക്കുന്നുവെന്ന് പ്രമേയം ചൂണ്ടിക്കാട്ടുന്നു. മനുഷ്യജീവനും സ്വത്തിനും കൃഷിക്കും ഭീഷണി ഉയർത്തുന്നതിനു കാരണമാകുന്നു. അതുവഴി നിരവധി മനുഷ്യജീവനുകൾ പൊലിയുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടെന്നും പ്രമേയം പറയുന്നു. ഈ സാഹചര്യത്തിൽ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ 11(1) (എ) വകുപ്പ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനുള്ള എല്ലാ അധികാരങ്ങളും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് നൽകണം. ഇത്തരം നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനായി വകുപ്പ് 5(2) ഉൾപ്പെടെ ഭേദഗതി ചെയ്യണം. പ്രായോഗിക വ്യവസ്ഥകൾ ഉൾപ്പെടുത്തി കേന്ദ്ര നിയമം കാലാനുസൃതമായി ഭേദഗതി ചെയ്യണം. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പ് പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും പ്രമേയം ആവശ്യപ്പെടുന്നു.

### വന്യജീവി ആക്രമണം:

# കളക്ടർ അധികാരം ഉപയോഗിക്കണം

തിരുവനന്തപുരം: ജനവാസ മേഖലയിൽ എത്തുന്ന വന്യജീവികളെ കൈകാര്യം ചെയ്യേണ്ട വിധം അതിവേഗം തീരുമാനിക്കണമെന്നും അതിനു കളക്ടർക്കുള്ള അധികാരം ഉപയോഗിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ഇനിയൊരു ജീവൻ നഷ്ടപ്പെടരുതെന്നും മുഖ്യമന്ത്രി പറഞ്ഞു. വയനാട്ടിലെ വന്യജീവി ആക്രമണം തടയാനുള്ള നടപടികൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരുക്കേറ്റവർക്കുമായി മൊത്തം 11.5 കോടി രൂപ നഷ്ടപരിഹാരം ഉടൻ വിതരണം ചെയ്യുമെന്ന് അദ്ദേഹം അറിയിച്ചു.

വന്യമൃഗ ആക്രമണം മൂലം സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കു പോകുന്നവർക്കു സഹായം ആലോചിക്കും. റിസോർട്ടുകൾ വന്യമൃഗങ്ങളെ ആകർഷിക്കാൻ ശ്രമിച്ചാൽ നടപടിയെടുക്കാൻ കളക്ടർക്കു നിർദേശം നൽകി. വനമേഖലയിലെ റിസോർട്ടുകളിൽ നടക്കുന്ന ഡി.ജെ. പാർട്ടികൾ നിയന്ത്രിക്കണം.

ജനങ്ങൾക്കു മുന്നറിയിപ്പു നൽകാൻ റേഡിയോ, കമ്യൂണിറ്റി റേഡിയോ, വയർലെസ് സംവിധാനങ്ങൾ, വാട്സാപ് എന്നിവ ഉപയോഗിക്കണം. അതിർത്തിയിൽ നിരീക്ഷണം നടത്താൻ രൂപീകരിച്ച പ്രത്യേക ടീം ശക്തമാക്കണം. റവന്യു, പോലീസ്, വനം ഉദ്യോഗസ്ഥർ ചേർന്ന കമാൻഡ് കൺട്രോൾ സെന്റർ ശക്തമാക്കണം. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള സ്പെഷൽ ഓഫിസറെ വയനാട് ജില്ലയിൽ നിയമിക്കും.

വലിയ വന്യജീവികൾ വരുന്നത് തടയാൻ പുതിയ ഫെൻസിങ് പരീക്ഷിക്കും.

# ജെ.പി. നഡ്ഡയും ചവാനും സോണിയാഗാന്ധിയും രാജ്യസഭയിലേക്ക്

ന്യൂഡൽഹി: ബി.ജെ.പി. പാർട്ടി അധ്യക്ഷൻ ജെ.പി. നഡ്ഡ, അശോക് ചവാൻ, കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്, സോണിയാഗാന്ധി തുടങ്ങിയ പ്രമുഖർ രാജ്യസഭയിലേക്ക്.


സോണിയാഗാന്ധി പത്രിക സമർപ്പിക്കുന്നു

ഗുജറാത്തിൽനിന്നാണ് ജെ.പി. നഡ്ഡ മത്സരിക്കുക; അശോക് ചവാൻ മഹാരാഷ്ട്രയിൽനിന്നും. ഒഡീഷയിൽ ബി.ജെ.ഡിയുടെ പിന്തുണയോടെ അശ്വിനി വൈഷ്ണവ് രണ്ടാം തവണ രാജ്യസഭയിലേക്ക് മത്സരിക്കുന്നു. മുൻ കേന്ദ്രമന്ത്രി പ്രഫുൽ പട്ടേലിനെ എൻ.സി.പി.-അജിത് പവാർ പക്ഷം മഹാരാഷ്ട്രയിൽനിന്നു സ്ഥാനാർത്ഥിയാക്കി. കോൺഗ്രസ് വിട്ട മിലിന്ദ് ദേവ്‌റ ശിവസേന-ഷിൻഡെ പക്ഷ സ്ഥാനാർത്ഥിയായി മഹാരാഷ്ട്രയിൽനിന്നു മത്സരിക്കുന്നു.

രാജ്യസഭാ കാലാവധി അവസാനിച്ച ഭൂപേന്ദർ യാദവ്, ധർമേന്ദ്ര പ്രധാൻ എന്നിവരുൾപ്പെടെ കേന്ദ്രമന്ത്രിമാർക്കു ബി.ജെ.പി. സീറ്റ് നല്കിയില്ല. ഇവർ ലോക്സഭയിലേക്കു മത്സരിക്കും. അതേസമയം, കേന്ദ്രമന്ത്രി എൽ. മുരുകനെ ബി.ജെ.പി. മധ്യപ്രദേശിൽ സ്ഥാനാർത്ഥിയാക്കി. ഹിമാചൽപ്രദേശിൽ നിന്നുള്ള രാജ്യസഭാംഗമായിരുന്നു നഡ്ഡ. ഇവിടത്തെ ഏക സീറ്റ് കോൺഗ്രസിനു ലഭിക്കും. അതിനാലാണ് നഡ്ഡ ഗുജറാത്തിലേക്കു മാറിയത്. രാജസ്ഥാനിൽനിന്നാണു സോണിയാഗാന്ധി രാജ്യസഭയിലേക്കു മത്സരിക്കുക.

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് പ്രതിനിധീകരിച്ചിരുന്ന സീറ്റിലാണ് സോണിയ മത്സരിക്കുന്നത്. രാഹുൽ ഗാന്ധിക്കും രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ടിനും ഒപ്പമെത്തിയാണു പത്രിക സമർപ്പിച്ചത്. മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ മണ്ഡലമായിരുന്ന റായ്ബറേലിയിൽ പ്രിയങ്ക ഗാന്ധി സ്ഥാനാർത്ഥിയാകുമെന്നാണ് അഭ്യൂഹം. 2019-ലെ തെരഞ്ഞെടുപ്പിൽ പ്രിയങ്ക ഗാന്ധി വാരാണസിയിൽനിന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ മത്സരിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും അതു നടന്നില്ല. മുതിർന്ന നേതാക്കളായ അജയ് മാക്കൻ (കർണാടക), മനു അഭിഷേക് സിംഗ്‌വി (ഹിമാചൽ), രേണുക ചൗധരി (തെലങ്കാന) എന്നിവർക്കും കോൺഗ്രസ് സീറ്റ് നല്കി. കോൺഗ്രസിന്റെ മറ്റൊരു സ്ഥാനാർത്ഥി മുതിർന്ന നേതാവ് ആനന്ദ് ശർമയെ ഒഴിവാക്കിയാണ് സിംഗ്‌വിക്ക് ഹിമാചലിലെ സീറ്റ് നല്കിയത്.

# കോൺഗ്രസിന്റെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചു

ന്യൂഡൽഹി: നികുതി റിട്ടേൺ സമർപ്പിക്കുന്നതിൽ 45 ദിവസത്തെ കാലതാമസമുണ്ടായതടക്കമുള്ള കാരണങ്ങൾ കാട്ടി കോൺഗ്രസ്, യൂത്ത് കോൺഗ്രസ് എന്നിവയുടെ ഒൻപത് ബാങ്ക് അക്കൗണ്ടുകൾ ആദായനികുതി വകുപ്പ് മരവിപ്പിച്ചു. നികുതിയിനത്തിൽ 210 കോടി രൂപ അടയ്ക്കാൻ ആവശ്യപ്പെട്ട് നോട്ടീസും നൽകി. ഇതിനെതിരെ കോൺഗ്രസ് നൽകിയ ഹർജി പരിഗണിച്ച ആദായനികുതി വകുപ്പ് അപ്‌ലറ്റ് ട്രൈബ്യൂണൽ അക്കൗണ്ടുകൾ പ്രവർത്തനക്ഷമമാക്കാൻ ഉത്തരവിട്ടെങ്കിലും 115 കോടി മരവിപ്പിച്ചു നിർത്തിയ ശേഷം ബാക്കി തുകയേ ഉപയോഗിക്കാനാകൂ എന്നു വ്യക്തമാക്കി.

എന്നാൽ, ഇത്രയും പണം പാർട്ടിയുടെ അക്കൗണ്ടുകളിലില്ലെന്നും ഫലത്തിൽ, അവ മരവിപ്പിച്ചു നിർത്തിയിരിക്കുന്നതിനു സമമാണെന്നും കോൺഗ്രസ് ചൂണ്ടിക്കാട്ടി. ഈ മാസം 21-ന് ഹർജിയിൽ വിശദവാദം കേൾക്കുംവരെ 115 കോടി ഉപയോഗിക്കാനാകില്ല.

# വോട്ടർമാർക്ക് നന്ദി പറഞ്ഞ് സോണിയ

ന്യൂഡൽഹി: രാജ്യസഭയിലേക്ക് പത്രിക നൽകിയതിനു പിന്നാലെ വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കില്ലെന്ന് കോൺഗ്രസ് മുൻ അധ്യക്ഷ സോണിയ ഗാന്ധി. റായ്ബറേലി മണ്ഡലത്തിലെ വോട്ടർമാർക്കെഴുതിയ കത്തിലാണ് സോണിയ ഇക്കാര്യം വ്യക്തമാക്കിയത്. ആരോഗ്യപ്രശ്നങ്ങളും പ്രായാധിക്യവും കണക്കിലെടുത്താണ് തന്റെ തീരുമാനമെന്നും പ്രതികൂല സാഹചര്യങ്ങൾക്കിടയിലും റായ്ബറേലിയിലെ വോട്ടർമാർ കൂടെനിന്നുവെന്നും സോണിയ കത്തിൽ പറയുന്നു.

"റായ്ബറേലിയിൽ എന്റെ കുടുംബത്തിന്റെ വേര് വളരെ ആഴത്തിലുള്ളതാണ്. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം നടന്ന ആദ്യ ലോക്സഭാ തെരഞ്ഞെടുപ്പിൽ റായ്ബറേലിയിൽനിന്നും ഫിറോസ് ഗാന്ധി വിജയിച്ചു. അതിനുശേഷം ഇന്ദിരാഗാന്ധിയും. ഞാൻ ഇന്ന് എന്തായിരിക്കുന്നോ അതിന്റെ കാരണം റായ്ബറേലിയിലെ ജനങ്ങളാണ്. മുൻകാല നേതാക്കൾ തെളിച്ച പാതയിലൂടെ സഞ്ചരിക്കാൻ നിങ്ങൾ അവസരം നൽകി.

കഴിഞ്ഞ രണ്ടു തെരഞ്ഞെടുപ്പിലും നിങ്ങൾ എനിക്കൊപ്പം നിന്നത് ഒരിക്കലും മറക്കില്ല. ഇത്രയും നാളും നിങ്ങൾക്കുവേണ്ടി പരമാവധി പ്രവർത്തിച്ചു. എന്നാൽ ആരോഗ്യ പ്രശ്നങ്ങളും പ്രായാധിക്യവും കണക്കിലെടുത്ത് വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കില്ല. അതുകൊണ്ടുതന്നെ നിങ്ങൾക്കുവേണ്ടി നേരിട്ടു പ്രവർത്തിക്കാൻ സാധിക്കില്ല. എന്റെ ഹൃദയവും ആത്മാവും എപ്പോഴും റായ്ബറേലി ജനങ്ങൾക്കൊപ്പം ഉണ്ടാകും. ഭാവിയിലും എനിക്കും എന്റെ കുടുംബത്തിനുമൊപ്പം നിൽക്കണം."






# സെനറ്റ് യോഗത്തിൽ മന്ത്രിയും വി.സിയും ഏറ്റുമുട്ടി


തിരുവനന്തപുരം: കേരള സർവകലാശാല സെനറ്റ് യോഗത്തിൽ അധ്യക്ഷത വഹിച്ച പ്രോ ചാൻസലർ കൂടിയായ മന്ത്രി ആർ. ബിന്ദുവും വൈസ് ചാൻസലർ ഡോ. മോഹൻ കുന്നുമ്മലും തമ്മിൽ രൂക്ഷമായ വാക്കേറ്റം.

ചാൻസലർ കൂടിയായ ഗവർണറുടെ അന്ത്യശാസനത്തെത്തുടർന്ന്, സ്ഥിരം വി.സി. നിയമനത്തിനുള്ള സെർച്ച് കമ്മിറ്റിയിലേക്കു പ്രതിനിധിയെ നിശ്ചയിക്കാൻ ചേർന്ന യോഗമാണു സംഘർഷത്തിൽ കലാശിച്ചത്.

സെർച്ച് കമ്മിറ്റിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള പ്രമേയം യോഗത്തിൽ പാസായില്ലെങ്കിലും യു.ഡി.എഫ്. പ്രതിനിധികളും ഗവർണറുടെ പ്രതിനിധികളും രണ്ട് പേരുകൾ നിർദേശിച്ചു. ഇത് ചാൻസലർക്കു കൈമാറുമോയെന്നു വ്യക്തമല്ല. ചാൻസലറുടെ അഭാവത്തിലാണു പ്രോ ചാൻസലറെന്ന നിലയിൽ താൻ അധ്യക്ഷത വഹിച്ചതെന്നു മന്ത്രി ബിന്ദു വ്യക്തമാക്കി. സെർച്ച് കമ്മിറ്റിയിലേക്കു സർവകലാശാലാ പ്രതിനിധിയെ തെരഞ്ഞെടുക്കുക മാത്രമായിരുന്നു യോഗത്തിന്റെ അജൻഡ. പ്രതിനിധിയെ തെര


ആർ. ബിന്ദു

ഞ്ഞെടുക്കാനുള്ള പ്രമേയം വി.സിയുടെ ചുമതല വഹിക്കുന്ന മോഹൻ കുന്നുമ്മൽ അവതരിപ്പിച്ചപ്പോൾ അതിനെതിരെ ഇടത് പ്രതിനിധി നസീബും പ്രമേയമവതരിപ്പിച്ചു. സെർച്ച് കമ്മിറ്റിയുടെ ഘടന പരിഷ്കരിച്ച് നിയമസഭ പാസാക്കിയ ബിൽ രാഷ്ട്രപതിയുടെ പരി


ഡോ. മോഹൻ കുന്നുമ്മൽ

ഗണനയിലായതിനാൽ ഇപ്പോൾ പ്രതിനിധികളെ നിശ്ചയിക്കേണ്ടെന്നായിരുന്നു ഇടത് നിലപാട്. അത് വ്യക്തമാക്കാനാണു കീഴ്‌വഴക്കം ലംഘിച്ച് മന്ത്രിതന്നെ യോഗത്തിൽ പങ്കെടുത്തത്.

പ്രതിനിധിയെ നിശ്ചയിക്കുന്നതിനെതിരായ പ്രമേയം പാസായെന്ന് അധ്യക്ഷയായ മന്ത്രി പറഞ്ഞതോടെ തർക്കമാരംഭിച്ചു. ചർച്ച കൂടാതെ പ്രമേയം പാസാക്കുന്നതെങ്ങനെയെന്നു പ്രതിപക്ഷ അംഗങ്ങൾ ചോദിച്ചു. പ്രമേയം പാസായില്ലെന്നു വി.സി. വ്യക്തമാക്കിയതോടെ മന്ത്രി ഇടഞ്ഞു. യോഗം വിളിച്ചതു താനായതിനാൽ അധ്യക്ഷനും താനാണെന്നു വി.സി. പറഞ്ഞു. മന്ത്രി അധ്യക്ഷത വഹിച്ചതും അജൻഡ വായിച്ചതും ശരിയല്ലെന്ന് അദ്ദേഹം ആരോപിച്ചു. യോഗം പിരിഞ്ഞതായി മന്ത്രി പ്രഖ്യാപിച്ചെങ്കിലും ബഹളം തുടർന്നു. സെർച്ച് കമ്മിറ്റിയിലേക്കു ഗവർണറുടെ നോമിനികളായ സെനറ്റ് അംഗങ്ങൾ എം.കെ.സി. നായരെയാണു നിർദേശിച്ചത്. യു.ഡി.എഫ്. അനുകൂല അംഗങ്ങൾ കാലടി സർവകലാശാലാ മുൻ വി.സി: എം.സി. ദിലീപ്കുമാറിനെ നിർദേശിച്ചു. കമ്മിറ്റിയിലേക്കു പ്രതിനിധിയെ നൽകിയില്ലെങ്കിൽ വി.സി. നിയമന നടപടിയുമായി മുന്നോട്ടുപോകുമെന്നു ഗവർണർ അറിയിച്ചിരുന്നു. യോഗത്തിൽ സംസാരിക്കാൻ അവസരം ലഭിച്ചില്ലെന്നു യുഡിഎഫ് അംഗങ്ങൾ പരാതിപ്പെട്ടു. വി.സി. യോഗം വിളിച്ചതു നിയമവിരുദ്ധമാണെന്ന് ഇടത് പ്രതിനിധികൾ ആരോപിച്ചു. സെനറ്റ് യോഗത്തിൽ മന്ത്രി നിയമവിരുദ്ധമായി ഇടപെട്ടെന്നു ഗവർണർ നാമനിർദേശം ചെയ്ത അംഗങ്ങൾ ആരോപിച്ചു. ഒറ്റ അജൻഡയിൽ ചേർന്ന യോഗത്തിൽ മറ്റ് പ്രമേയങ്ങൾ പാസാക്കാനാകില്ലെന്നും അവർ ചൂണ്ടിക്കാട്ടി.

## കോട്ടയത്ത് എൽ.ഡി.എഫ്., യു.ഡി.എഫ്. മുന്നണികൾക്ക് സ്ഥാനാർത്ഥികളായി

കോട്ടയം: കേരള കോൺഗ്രസ് (എം) പ്രതിനിധിയും നിലവിലെ എം.പിയുമായ തോമസ് ചാഴികാടനെയാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചിരിക്കുന്നത്. കേരള കോൺഗ്രസ് (എം) സംസ്ഥാന സ്റ്റിയറിങ് കമ്മിറ്റി യോഗത്തിലായിരുന്നു തീരുമാനം. കേരള കോൺ. (എം) വൈസ് ചെയർമാൻ കൂടിയായ ചാഴികാടൻ 2019-ൽ യു.ഡി.എഫ്. സ്ഥാനാർത്ഥിയായാണു മത്സരിച്ചത്.


തോമസ് ചാഴികാടൻ


ഫ്രാൻസിസ് ജോർജ്

1,06,259 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. വി.എൻ. വാസവനായിരുന്നു എതിരാളി. എൽ.ഡി.എഫും യു.ഡി.എഫും 2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ആദ്യം സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച ലോക്സഭാ സീറ്റാണ് കോട്ടയം.

ഇടുക്കി മുൻ എം.പിയും കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാനുമായ ഫ്രാൻസിസ് ജോർജ് കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ യു.ഡി.എഫ്. സ്ഥാനാർത്ഥിയാകും. കേരള കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫാണ് സ്ഥാനാർത്ഥി പ്രഖ്യാപനം നടത്തിയത്. കേരള കോൺഗ്രസ് സ്ഥാപക ചെയർമാനും മുൻ മന്ത്രിയുമായ കെ.എം. ജോർജിന്റെ മകനാണ് ഫ്രാൻസിസ് ജോർജ്. 1999-ലും 2004-ലും ഇടുക്കി ലോക്സഭാ മണ്ഡലത്തിൽനിന്നും ഫ്രാൻസിസ് ജോർജ് വിജയിച്ചിട്ടുണ്ട്. വിദേശകാര്യം, പ്രതിരോധം, വ്യവസായം എന്നീ പാർലമെന്റ് സമിതികളിൽ അംഗമായിരുന്നു. 2016-ലും 2021-ലും ഇടുക്കി നിയമസഭാ മണ്ഡലത്തിൽനിന്നും മത്സരിച്ച അദ്ദേഹം റോഷി അഗസ്റ്റിനോട് പരാജയപ്പെട്ടിരുന്നു. കേരള കോൺഗ്രസ് സ്ഥാനാർത്ഥികളുടെ നേരിട്ടുള്ള പോരാട്ടമാണെന്നതാണ് കോട്ടയം ലോക്സഭാ തെരഞ്ഞെടുപ്പിനെ ശ്രദ്ധേയമാക്കുക.

## വിവാഹ വിവരം പാസ്പോർട്ടിൽ ചേർക്കാൻ ശിപാർശ

ന്യൂഡൽഹി: ഇന്ത്യക്കാരുടെ പാസ്പോർട്ടുകളിൽ വിവാഹ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്താൻ പ്രത്യേക കോളം കൊണ്ടുവരാൻ ദേശീയ നിയമ കമ്മിഷൻ സർക്കാരിനോടു ശിപാർശ ചെയ്തു. ഇതിനായി പാസ്പോർട്ട്സ് നിയമം (1967) ഭേദഗതി ചെയ്യാൻ കമ്മിഷൻ അധ്യക്ഷൻ ഋതുരാജ് അവസ്തി അധ്യക്ഷനായ സമിതി നിയമ മന്ത്രാലയത്തിനു നൽകിയ റിപ്പോർട്ടിൽ ആവശ്യപ്പെട്ടു.

വിദേശ ഇന്ത്യക്കാർ (എൻ.ആർ.ഐ.), വിദേശ പൗരത്വമുള്ള ഇന്ത്യക്കാർ (ഒ.സി.ഐ.), ഇന്ത്യൻ വംശജർ (പി.ഐ.ഒ.) എന്നിവരും ഇന്ത്യൻ പൗരരും തമ്മിലുള്ള വിവാഹ കേസുകളിലെ പഴുതടയ്ക്കാൻ ഉദ്ദേശിച്ചുള്ളതാണു നിർദേശം.

വിവാഹിതരാണോ എന്നതു നിർബന്ധമായും പാസ്പോർട്ടിൽ വ്യക്തമാക്കാനും പങ്കാളിയുടെ പാസ്പോർട്ടുമായി ലിങ്ക് ചെയ്യാനും ശിപാർശകളിലുണ്ട്. എൻ.ആർ.ഐകളും ഇന്ത്യൻ പൗരരും തമ്മിലുള്ള വിവാഹങ്ങളിൽ തട്ടിപ്പു കൂടിവരുന്നതിലെ ആശങ്കയും കമ്മിഷൻ റിപ്പോർട്ടിൽ ഉയർത്തുന്നു. വിവാഹ രജിസ്ട്രേഷൻ, വിവാഹമോചനം, പരിപാലന ചെലവ്, കുട്ടികളെ വിട്ടുകിട്ടൽ തുടങ്ങിയവ സംബന്ധിച്ച 2019-ലെ എൻ.ആർ.ഐ. ബില്ലിൽ കൂടുതൽ കർശനമായ വ്യവസ്ഥകളും കമ്മീഷൻ മുന്നോട്ടുവെക്കുന്നു. മറ്റു നിർദേശങ്ങൾ: എൻ.ആർ.ഐ. വിവാഹ കാര്യങ്ങൾക്ക് ആഭ്യന്തര മന്ത്രാലയത്തിലോ വിദേശകാര്യ മന്ത്രാലയത്തിലോ പ്രത്യേക വിഭാഗം ആരംഭിക്കണം. പോർട്ടലിലടക്കം വിവരങ്ങൾ ലഭ്യമാക്കണം. എൻ.ആർ.ഐ., ഒ.സി.ഐ. വിവാഹ വ്യവഹാരങ്ങൾ പരിഗണിക്കാനുള്ള അധികാരം ഇന്ത്യൻ കോടതികൾക്കുണ്ട്. എൻ.ആർ.ഐ., ഒ.സി.ഐ. എന്നിവരുമായുള്ള ഇന്ത്യൻ പൗരരുടെ വിവാഹം നിർബന്ധമായും ഇന്ത്യയിൽ രജിസ്റ്റർ ചെയ്യണം.

## തോമസ് ഐസക്കിന് ഇഡിക്കു മുന്നിൽ ഒന്ന് ഹാജരായിക്കൂടേയെന്ന്?

കൊച്ചി: കിഫ്ബി മസാലബോണ്ടുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് മുമ്പാകെ മുൻമന്ത്രി ഡോ. തോമസ് ഐസക്കിന് ഒരുതവണ ഹാജരായിക്കൂടേയെന്ന് ഹൈക്കോടതി. നിലവിൽ ആരോപണത്തിന്മേലുള്ള പ്രാഥമിക അന്വേഷണം മാത്രമാണ് നടക്കുന്നത്. കുറ്റവാളിയല്ലാത്ത സാഹചര്യത്തിൽ അറസ്റ്റിന്റെ ആവശ്യമുണ്ടാകില്ല. ഒരിക്കലെങ്കിലും ഹാജരായി പറയാനുള്ളതെല്ലാം പറയാനുള്ള അവസരം വിനിയോഗിക്കാം. ചോദ്യം ചെയ്യലിനുശേഷം നടപടി തുടരേണ്ടതില്ലെങ്കിൽ ഉപേക്ഷിക്കുകയാകും ചെയ്യുക. ചില കാര്യങ്ങൾ ചോദിച്ചറിയാൻ മാത്രമാണ് സമൻസ് അയച്ചതെന്നാണ് ഇഡി പറയുന്നത്.

അതിനാൽ വിവരങ്ങൾ ചോദിച്ചറിയുന്നതല്ലാതെ അറസ്റ്റോ ഭീഷണിയോ ചോദ്യം ചെയ്യലോ ഉണ്ടാകില്ലെന്ന് ഉറപ്പ് നല്കാമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വാക്കാൽ പറഞ്ഞു. ഇക്കാര്യത്തിൽ നിലപാട് അറിയിക്കാമെന്ന് തോമസ് ഐസക്കിനുവേണ്ടി ഹാജരായ സുപ്രീംകോടതി അഭിഭാഷകൻ ജയദീപ് ഗുപ്ത അറിയിച്ചു. മസാല ബോണ്ട് ഇടപാടിൽ വിദേശനാണ്യ വിനിമയ നിയമത്തിന്റെ (ഫെമ) ലംഘനമുണ്ടോയെന്നു കണ്ടെത്താൻ തെളിവ് ശേഖരിക്കാനും മൊഴിയെടുക്കാനുമായി ഇഡി നല്കിയ സമൻസ് ചോദ്യം ചെയ്തു തോമസ് ഐസക്കും കിഫ്ബിയും നല്കിയ ഹർജികളാണ് കോടതിയുടെ പരിഗണനയിലുള്ളത്.



## ബി.ജെ.പി. പ്രവർത്തകരോട് മോദി

# വോട്ട് ഉറപ്പാക്കാൻ 100 ദിവസം കഠിനപ്രയത്നം നടത്തണം

ന്യൂഡൽഹി: പുതിയ വോട്ടർമാരെയും പാർട്ടിയോടു താൽപര്യം കാണിക്കാത്തവരെയും ബി.ജി.പിയിലേക്ക് ആകർഷിക്കാൻ അടുത്ത 100 ദിവസം കഠിനപ്രയത്നം നടത്തണമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി പാർട്ടിപ്രവർത്തകരോട് ആഹ്വാനം ചെയ്തു.



ന്യൂഡൽഹിയിൽ ബി.ജെ.പി. ദേശീയ കൺവൻഷനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പൂമാല അണിയിക്കുന്നു. രാജ്നാഥ് സിങ്, ജെ.പി. നഡ്ഡ, അമിത് ഷാ എന്നിവർ സമീപം

ഇന്ത്യയെ 2027-ൽ വികസിത രാജ്യമാക്കാൻ വലിയ സ്വപ്നങ്ങളും വലിയ തീരുമാനങ്ങളും വേണമെന്ന് ബി.ജെ.പി. ദേശീയ കൺവൻഷന്റെ സമാപനച്ചടങ്ങിൽ മോദി പറഞ്ഞു. കോൺഗ്രസിനെതിരെ ആഞ്ഞടിച്ച മോദി, ആ പാർട്ടിക്ക് രാജ്യത്തിന്റെവികസനത്തെക്കുറിച്ചു സ്വപ്നങ്ങൾ പോലുമില്ലെന്നു പറഞ്ഞു. അവർക്ക് ആത്മവിശ്വാസമില്ല. അതിനാൽ മോദിയെ പഴിക്കുകയും അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിക്കുകയുമാണ്.

ബി.ജെ.പിക്കു 370 സീറ്റ് നേടിക്കൊടുക്കാനും എൻ.ഡി.എ. 400 കടക്കാനും ഒരുമിച്ചു പ്രവർത്തിക്കണം. ക്ഷേമപ്രവർത്തനങ്ങൾ ഓർമിപ്പിക്കണമെന്നും ഓരോ വോട്ടറെയും പ്രവർത്തകർ കാണണമെന്നും മോദി പറഞ്ഞു.

'ഇന്ത്യയുടെ സംസ്കാരത്തെ ചേർത്തുനിർത്താൻ എനിക്കു കഴിഞ്ഞു. 500 വർഷത്തിനു ശേഷം അയോധ്യയിൽ രാമക്ഷേത്രം വന്നു. ഗുജറാത്തിൽ പാവഗധിലെ ക്ഷേത്രത്തിൽ 500 വർഷത്തിനുശേഷം കൊടി ഉയർന്നു. 70 വർഷത്തിനു ശേഷം കർതാർപുർ സാഹിബ് ഹൈവേ തുറന്നു. 70 വർഷത്തിനു ശേഷം 370-ാം വകുപ്പ് എടുത്തുകളഞ്ഞു. ഏകഭാരതം ശ്രേഷ്ഠഭാരതം എന്നത് ഭരണനിർവഹണത്തിൽ തെളിഞ്ഞു'- മോദി പറഞ്ഞു.

അയോധ്യയിലെ രാമക്ഷേത്രം അടുത്ത 1000 വർഷത്തേക്കു രാമരാജ്യം ഉറപ്പാക്കുന്നതാണെന്നു ബി.ജെ.പി. ദേശീയ കൺവൻഷൻ അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞു.


പുതിയ കാലചക്രത്തിന്റെ തുടക്കമാണിത്. വികസിത ഭാരതത്തിന്റെ ആണിക്കല്ലുകളിലൊന്നായി മാറുന്ന രാമക്ഷേത്രം ഇന്ത്യയിൽ പുതിയ അവബോധം സൃഷ്ടിക്കും.

ഇന്ത്യൻ ഭരണഘടനയുടെ ആദ്യ കോപ്പിയിൽ ശ്രീരാമൻ, സീത, ലക്ഷ്മണൻ എന്നിവരുടെ ചിത്രങ്ങളുണ്ടായിരുന്നത് അടിസ്ഥാന അവകാശ സംരക്ഷണത്തിന്റെ പ്രതീകമാണ് രാമൻ എന്നതിന്റെ തെളിവാണെന്നും പ്രമേയത്തിലുണ്ട്.

# ഗുൽസാറിനും രാംഭദ്രാചാര്യക്കും ജ്ഞാനപീഠം

ന്യൂഡൽഹി: ഇന്ത്യയിലെ പരമോന്നത സാഹിത്യപുരസ്കാരമായ ജ്ഞാനപീഠം, വിഖ്യാത ഉറുദു കവി ഗുൽസാറിനും സംസ്കൃത ആചാര്യനും ഗ്രന്ഥകാരനുമായ ജഗദ്ഗുരു രാംഭദ്രാചാര്യക്കും. ബോളിവുഡ് സിനിമയിലെ ഒട്ടേറെ ഹിറ്റ് ഗാനങ്ങൾക്കൊപ്പം ഉറുദുവിൽ പ്രശസ്തമായ ഒട്ടേറെ കൃതികളും സമ്പൂരൻ സിംഗ് കൽറ എന്ന ഗുൽസാറിന്റെ തൂലികയിൽനിന്നു പിറന്നിട്ടുണ്ട്.

2002-ൽ സാഹിത്യ അക്കാദമി പുരസ്കാരം സ്വന്തമാക്കിയ അദ്ദേഹത്തിന് 2004-ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചിരുന്നു. 2013-ൽ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരത്തിനും അർഹനായി. അഞ്ചുവണ ഗാനരചനയ്ക്കുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഓസ്കർ, ഗ്രാമി പുരസ്കാരങ്ങൾ സ്വന്തമാക്കിയ സ്ളംഡോഗ് മില്യണറിലെ ജയ് ഹോ, മാച്ചിസ് (1996) ഓംകാര (2006), ദിൽസി (1998), ഗുരു (2007) തുടങ്ങിയവ ഗുൽസാറിന്റെ പ്രതിഭയിൽ പിറന്നതാണ്. ചിത്രകൂടം തുളസിപീഠം അധ്യക്ഷനായ രാംഭദ്രാചാര്യ പുരാണേതിഹാസങ്ങളുടെ വ്യാഖ്യാനങ്ങൾ ഉൾപ്പെടെ 240 കൃതികൾ രചിച്ചിട്ടുണ്ട്. സംസ്കൃതം, ഹിന്ദി തുടങ്ങിയ ഭാഷകളിലും പ്രാവീണ്യമുണ്ട്. 11 ലക്ഷം രൂപയും വാഗ്ദേവിയുടെ ശില്പവും അടങ്ങുന്നതാണ് പുരസ്കാരം. ജ്ഞാനപീഠം ജേതാവ് പ്രതിഭ റായിയുടെ അധ്യക്ഷതയിലുള്ള സമിതിയാണ് പുരസ്കാരം പ്രഖ്യാപിച്ചത്.



ഗുൽസാർ



രാംഭദ്രാചാര്യ

# നിയമസഭാ ഡൈനിംഗ് ഹാൾ നവീകരിക്കാൻ 12 കോടി

തിരുവനന്തപുരം: നിയമസഭാ മന്ദിരത്തിന്റെ താഴത്തെ നിലയിൽ സ്ഥിതി ചെയ്യുന്ന ഭക്ഷണമുറി നവീകരിക്കുന്നു. 12 കോടി രൂപ ചെലവിലാണ് നവീകരണം. നിർമാണ ചുമതല ഊരാളുങ്കൽ സൊസൈറ്റിയെ ഏല്പ്പിച്ചതായാണു വിവരം.

നൂറുകണക്കിനു പേർക്ക് ഒരേസമയം ഭക്ഷണം വിളമ്പാൻ കഴിയുന്ന വിശാലമായ ഡൈനിംഗ് ഹാളാണ് നിയമസഭയിലുള്ളത്. സ്പീക്കറുടെ ഓണസദ്യ, ക്രിസ്മസ് സദ്യ തുടങ്ങിയ ഏതാനും പരിപാടികൾക്കു മാത്രമാണ് ഇവിടം ഉപയോഗിക്കാറുള്ളത്. നേരത്തെ ലോക കേരളസഭ നടന്നപ്പോൾ ഇവിടെയായിരുന്നു ഭക്ഷണ ക്രമീകരണം ഒരുക്കിയിരുന്നത്.

വല്ലപ്പോഴും മാത്രം പരിപാടി നടക്കുന്നതിനാൽ സ്ഥിരമായ മേശയും കസേരയുമൊന്നും ഇവിടെ തയ്യാറാക്കിയിട്ടില്ല. ശീതീകരണ സംവിധാനം അടക്കം ഇവിടെ ഒരുക്കിയിട്ടില്ലെന്ന പോരായ്മയുണ്ട്.

ഫുൾ എയർ കണ്ടീഷൻ ചെയ്ത് അത്യാധുനിക സൗകര്യത്തോടെയുള്ള ഭക്ഷണ മുറി തയാറാക്കാനാണ് സ്പീക്കറുടെ നിർദേശം. ഇതിന് അനുസരിച്ചാണ് ഊരാളുങ്കൽ എസ്റ്റിമേറ്റ് തയാറാക്കിയത്. നിയമസഭ സെക്രട്ടേറിയറ്റ് ഇക്കാര്യം പരിശോധിച്ചു വരികയാണ്.

# പുട്ടിൻ വിമർശകൻ നവൽനി ജയിലിൽ മരിച്ചു

മോസ്കോ: റഷ്യ പ്രസിഡണ്ട് വ്ളാഡിമിർ പുട്ടിന്റെ കടുത്ത വിമർശകനും പ്രതിപക്ഷനേതാവുമായ അലക്സി നവൽനി (47) ജയിലിൽ മരിച്ചതായി അധികൃതർ അറിയിച്ചു. അതിശൈത്യമേഖലയായ യമോലനെനറ്റ്സ് പ്രവിശ്യയിലെ ജയിലിൽ പ്രഭാതനടത്തത്തിനുശേഷം കുഴഞ്ഞുവീണെന്നാണ് അറിയിച്ചത്. പുട്ടിൻ ഭരണത്തിലെ അഴിമതിക്കെതിരെ ഒരു ദശകത്തിലേറെ സമരം നയിച്ച നവൽനി വിവിധ കേസുകളിലായി 28 വർഷം തടവിനാണു ശിക്ഷിക്കപ്പെട്ടിരുന്നത്.

കഠിനമായ സാഹചര്യങ്ങളിൽ ഏകാന്തതടവിലായിരുന്നുവെങ്കിലും നവൽനി സമൂഹമാധ്യമങ്ങളിലൂടെ പുട്ടിനെതിരെ വിമർശനം തുടർന്നു. ജയിലിൽ കൃത്യമായ ചികിത്സയോ മരുന്നോ ലഭിക്കുന്നില്ലെന്നു പലവട്ടം അദ്ദേഹം പരാതി നൽകിയതാണ്. അടുത്ത മാസം നടക്കുന്ന പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ പുട്ടിനെതിരെ വോട്ട് ചെയ്യണമെന്ന് കഴിഞ്ഞ എട്ടിനു നൽകിയ വീഡിയോ സന്ദേശത്തിൽ ആഹ്വാനം ചെയ്തിരുന്നു.



അഭിഭാഷകനായിരുന്ന നവൽനി 2008-ലാണു റഷ്യൻ രാഷ്ട്രീയത്തിൽ ശ്രദ്ധേയനാകുന്നത്. ഭരണകൂടത്തിലെ പ്രമുഖർ അഴിമതിയിലൂടെ അതിസമ്പന്നരായതു റഷ്യയുടെ ഇന്ധനസമ്പത്ത് കൊള്ളയടിച്ചാണെന്നു സ്വന്തം ബ്ലോഗിലൂടെ വെളിപ്പെടുത്തിയാണു റഷ്യൻ രാഷ്ട്രീയത്തിലെ പുട്ടിൻ വിരുദ്ധ മുഖമായിത്തീർന്നത്. 2011 ആകുമ്പോഴേക്കും നവൽനിയുടെ അഴിമതിവിരുദ്ധ ഫൗണ്ടേഷനു യുവാക്കളുടെ വൻപിന്തുണ ലഭിച്ചു. 2013-ൽ മോസ്കോ മേയർ തെരഞ്ഞെടുപ്പിൽ മത്സരിച്ചു രണ്ടാമതെത്തി. 2018-ൽ പുട്ടിനെതിരെ മത്സരിക്കാൻ രംഗത്തിറങ്ങിയെങ്കിലും തെരഞ്ഞെടുപ്പുവിലക്കു നേരിട്ടു.

FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood

Office: (847) 581-1418,

Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM

Real Estate Broker

1-847-219-6050

834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ലക്ഷദ്വീപിൽ ഇന്ത്യ നാവികസേനാ താവളങ്ങൾ നിർമിക്കുന്നു

ന്യൂഡൽഹി: ലക്ഷദ്വീപിൽ രണ്ട് നാവികസേനാ താവളങ്ങൾ നിർമിക്കാനൊരുങ്ങി ഇന്ത്യ. അഗത്തി, മിനിക്കോയ് ദ്വീപുകളിലാണ് താവളങ്ങൾ നിർമിക്കുകയെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. തന്ത്രപ്രധാനമായ ലക്ഷദ്വീപിൽ സുരക്ഷ ശക്തമാക്കേണ്ടതിന്റെ അനിവാര്യത നേരത്തേതന്നെ കേന്ദ്രസർക്കാർ ചൂണ്ടിക്കാണിച്ചിരുന്നു. കഴിഞ്ഞ മാസം ചരക്കുകപ്പലുകൾക്കു നേരെയുണ്ടായ ആക്രമണങ്ങൾ കണക്കിലെടുത്താണ് പുതിയ നീക്കം. തെക്കുകിഴക്കൻ ഏഷ്യയിലേക്കും വടക്കൻ ഏഷ്യയിലേക്കും ചരക്കുകളുമായി കപ്പലുകൾ കടന്നുപോകുന്ന ഇന്ത്യൻ മഹാസമുദ്രത്തിലെ ഒൻപത് ഡിഗ്രി ചാനലിലാണ് മിനിക്കോയ്, അഗത്തി ദ്വീപുകൾ സ്ഥിതിചെയ്യുന്നത്. മാലദ്വീപിൽനിന്ന് 524 കിലോമീറ്റർ മാത്രം അകലെയാണു മിനിക്കോയ് ദ്വീപ്. അടുത്തമാസം ആദ്യവാരം മിനിക്കോയ് ദ്വീപിലെ നാവികസേനാ താവളം ഉദ്ഘാടനം ചെയ്യും. ഐ.എൻ.എസ്. ജടായു എന്നു പേരുള്ള താവളം പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗാണ് ഉദ്ഘാടനം ചെയ്യുക. ഐ.എൻ.എസ്. വിക്രമാദിത്യയും ഐ.എൻ.എസ്. വിക്രാന്തും ഉൾപ്പെടെ 15 യുദ്ധക്കപ്പലുകൾ അടങ്ങുന്ന കപ്പൽ വ്യൂഹത്തിലാണ് രാജ്നാഥ് സിംഗ് മിനിക്കോയ് ദ്വീപിലേക്കു പോകുക. യുദ്ധക്കപ്പലുകളിൽവെച്ച് സേനാ കമാൻഡർമാരുടെ ആദ്യഘട്ട സംയുക്ത യോഗം ചേരാനും നാവികസേന പദ്ധതിയിടുന്നുണ്ട്. രണ്ടാം ഘട്ടയോഗം മാർച്ച് ആറിനും ഏഴിനുമായി നടക്കും. മിനിക്കോയ് ദ്വീപിൽ പുതിയ എയർസ്ട്രിപ് നിർമിക്കാനും അഗത്തി ദ്വീപിലെ നിലവിലുള്ള എയർ സ്ട്രിപ്പ് നവീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതിയ സേനാ താവളങ്ങൾ നിർമിക്കുന്നതിലൂടെ ഇന്തോ-പസഫിക് മേഖലയിലെ ശക്തി വർധിപ്പിക്കുകയാണ് ഇന്ത്യയുടെ ലക്ഷ്യം. ഇന്ത്യയുമായുള്ള ബന്ധം ഉപേക്ഷിച്ച് ചൈനയുമായി അടുത്ത ബന്ധം പുലർത്തുന്ന മാലദ്വീപിലെ പുതിയ ഭരണകൂടത്തിനുള്ള താക്കീതുകൂടിയാണിത്.

# വായ്പാ പരിധി: കേന്ദ്രം–കേരളം ചർച്ച പരാജയം

ന്യൂഡൽഹി: സംസ്ഥാന സർക്കാരിന്റെ വായ്പാ പരിധി സംബന്ധിച്ച തർക്കം പരിഹരിക്കാൻ സുപ്രീം കോടതി നിർദേശിച്ചപ്രകാരം കേന്ദ്രവും കേരളവും തമ്മിൽ നടത്തിയ ചർച്ച പരാജയപ്പെട്ടു.

ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ നേതൃത്വത്തിലുള്ള സംഘം ഡൽഹിയിലെത്തി. കേന്ദ്ര ധനകാര്യ സെക്രട്ടറി അടക്കമുള്ളവരുമായാണ് ചർച്ച നടത്തിയത്. എന്നാലിത് ഫലപ്രദമായില്ലെന്നും ഉന്നയിച്ച ആവശ്യങ്ങൾക്കു പരിഹാരം കാണാനായില്ലെന്നും ബാലഗോപാൽ പറഞ്ഞു.

സുപ്രീം കോടതിയിൽ കേരളം നൽകിയ ഹർജിയിൽ കേന്ദ്രം അതൃപ്തി രേഖപ്പെടുത്തിയതതായാണ് വിവരം. കേസ് നിലനിൽക്കുമ്പോൾ എങ്ങനെ ചർച്ച നടക്കുമെന്നായിരുന്നു കേന്ദ്ര ധനമന്ത്രാലയം ചോദിച്ചതെന്നു ബാലഗോപാൽ പറഞ്ഞു. അടിയന്തരാവശ്യങ്ങളുടെ നിവേദനം കേരളം കൈമാറി. കേന്ദ്രം എന്തു നിലപാട് സ്വീകരിക്കുമെന്നറിയില്ലെന്നും മന്ത്രി പറഞ്ഞു.

അക്കൗണ്ടുമായി ബന്ധപ്പെട്ടു വ്യക്തത വരുത്താനായി കേരളത്തിന്റെയും കേന്ദ്രത്തിന്റെയും ഉദ്യോഗസ്ഥർ ഫെബ്രുവരി 16-ന് കൂടിക്കാഴ്ച നടത്തി. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ.എം. ഏബ്രഹാം, ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രബീന്ദ്ര കുമാർ അഗർവാൾ, അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണക്കുറുപ്പ് തുടങ്ങിയവരാണ് മന്ത്രിക്കൊപ്പം ചർച്ചയിൽ പങ്കെടുത്തത്.

ധനമന്ത്രി നിർമല സീതാരാമൻ ഓഫിസിലുണ്ടായിരുന്നെങ്കിലും കൂടിക്കാഴ്ചയിൽ പങ്കെടുത്തില്ല. കേന്ദ്ര ധനകാര്യ സെക്രട്ടറി ടി.വി. സോമനാഥൻ, അഡീഷണൽ സോളിസിറ്റർ ജനറൽ എൻ. വെങ്കിട്ടരാമൻ, അഡീഷണൽ സെക്രട്ടറി സജ്ജൻ സിങ് യാദവ്, ജോയിന്റ് സെക്രട്ടറി അമിത സിങ് നേഗി തുടങ്ങിയവർ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നു പങ്കെടുത്തു.

വായ്പ പരിധി സംബന്ധിച്ച് കേന്ദ്രം നൽകിയ രണ്ട് ഉത്തരവുകൾ റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ളതാണ് കേരളത്തിന്റെ ഹർജി. തെരഞ്ഞെടുപ്പു വരുന്നതു കണക്കിലെടുത്ത് ഉടൻ തീരുമാനമെടുക്കണമെന്നും ഇല്ലെങ്കിൽ പ്രോവിഡന്റ് ഫണ്ട് വിതരണമുൾപ്പെടെ പ്രതിസന്ധിയിലാകുമെന്നും കേരളം വാദിച്ചിരുന്നു.

# പോലീസ് ഓഫീസർ ഇനി കമ്മ്യൂണിറ്റി ലീഡർ!

ഡോ. ജോർജ് എം. കാക്കനാട്

ഹൂസ്റ്റൺ: കാക്കിയിട്ടവന്റെ നേർക്ക് കൈയോങ്ങിയവന്റെ കരണത്തിനിട്ട് ഒന്നു പുകച്ച കമ്മീഷണർ സിനിമയിലെ സുരേഷ് ഗോപിയുടെ കഥാപാത്രത്തെയാണ് മനു പൂപ്പാറയിൽ (മനോജ് കുമാർ) ആരാധിച്ചത്. എന്നാൽ, അഴിമതി നിറഞ്ഞ നാട്ടിലെ പോലീസ് സേന തനിക്ക് പറ്റിയതല്ലെന്ന് തിരിച്ചറിഞ്ഞ അയാൾ യുഎസിലേക്ക് വിമാനം കയറി. അവിടെ ആ യുവാവ് നടന്നുകയറിയത് സമാനതകളില്ലാത്ത നേട്ടത്തിലേക്ക്. കാക്കിക്ക് പകരം അമേരിക്കൻ പോലീസിന്റെ യൂണിഫോം അണിഞ്ഞപ്പോൾ അത് ഒരു കുടിയേറ്റക്കാരന്റെ സ്വപ്ന സാഫല്യമായി മാറി. തന്റെ ജീവിതയാത്രയെക്കുറിച്ച് ചോദിച്ചാൽ മനു പറയും 'എ സിനിമാറ്റിക് ജേർണി'.

മനു പൂപ്പാറയിൽ എന്ന മനോജ് കുമാർ പൂപ്പാറയിലിന്റെ വളർച്ച നിശ്ചയദാർഢ്യത്തിന്റെ കൂടി കഥയാണ്. യൂണിഫോമിൽ നിന്ന് കമ്മ്യൂണിറ്റി നേതാവെന്ന നിലയിലേക്കുള്ള യാത്രയിലാണ് ഇന്ന് അദ്ദേഹം. ഫോർട്ട് ബെൻഡ് കൗണ്ടി പ്രിസന്റ് 3-ന്റെ കോൺസ്റ്റബിളാകാനുള്ള മത്സരത്തിന് കച്ചമുറുക്കുമ്പോൾ നീതി, കമ്മ്യൂണിറ്റി സേവനം, മാതൃകാപരമായ നേതൃത്വം എന്നിവയാണ് കൈമുതലായി കാണിക്കുവാനുള്ളത്.

കൊമേഴ്സിൽ പ്രശംസനീയമായ അക്കാദമിക് ബഹുമതികളോടെ ഇന്ത്യയിൽ നിന്ന് യുഎസിലെത്തിയ മനു, ഇന്ത്യൻ പോലീസ് സേനയിൽ ചേരാനാണ് ആഗ്രഹിച്ചത്. അതുപക്ഷേ, വ്യവസ്ഥാപരമായ അഴിമതിയുടെ കഠിനമായ യാഥാർത്ഥ്യത്തിനു മുന്നിൽ വീണുടഞ്ഞു. നിലപാടിൽ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറാകാതെ, 2005-ൽ അദ്ദേഹം അമേരിക്കയിലേക്ക് ചേക്കേറുകയായിരുന്നു. അവിടെ അദ്ദേഹം പെട്ടെന്നു തന്നെ സമൂഹത്തിന്റെ ഭാഗമായി. അചഞ്ചലമായ സ്ഥിരോത്സാഹമായിരുന്നു അന്ന് കൈമുതലായി ഉണ്ടായിരുന്നത്.

യുഎസിൽ മനുവിന്റെ അക്കാദമിക് നേട്ടങ്ങൾക്ക് തുടക്കത്തിൽ കാര്യമായ അംഗീകാരം ലഭിച്ചില്ല. ഇതോടെ പുതിയ തുടക്കം കുറിക്കാൻ അദ്ദേഹം തയാറായി. ഒരു ഗ്യാസ് സ്റ്റേഷൻ ജീവനക്കാരനായിട്ടായിരുന്നു തുടക്കത്തിൽ. ജോലി അതീവ ദുഷ്കരമായിരുന്നെങ്കിലും അമേരിക്കൻ സമൂഹത്തെ അടുത്തറിയാൻ അത് ഉപകരിച്ചു. അതോടൊപ്പം ഫീനിക്സ് യൂണിവേഴ്സിറ്റിയിൽ എംബിഎയ്ക്കു ചേർന്നു. ഹൂസ്റ്റൺ-ഡൗൺടൗൺ പോലീസ് അക്കാദമിയിലെ യൂണിവേഴ്സിറ്റിയിൽ ചേർന്നതാണ് വഴിത്തിരിവായത്. അവിടെ അദ്ദേഹം മികവ് പുലർത്തുകയും ബഹുമതികളോടെയും മികച്ച ഹാജരോടെയും ബിരുദം നേടുകയും ചെയ്തു.

ഹൂസ്റ്റൺ ഹാരിസ് കൗണ്ടി ഷെരീഫ് ഓഫീസിലും മെട്രോ പോലീസ് ഡിപ്പാർട്ടുമെന്റിലും അദ്ദേഹത്തിന്റെ തുടർന്നുള്ള സേവനം പൊതുജന സുരക്ഷയ്ക്കും സമൂഹ ക്ഷേമത്തിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ സമർപ്പണത്തിന് അടിവരയിടുന്നു. ഹിന്ദിയിലും തമിഴിലുമുള്ള അദ്ദേഹത്തിന്റെ ഭാഷാവൈദഗ്ദ്ധ്യം, മറ്റ് ഭാഷകൾക്കിടയിൽ സാംസ്കാരിക വിഭജനം മറികടക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. ആവശ്യമുള്ളവർക്ക് അവരുടെ പശ്ചാത്തലം പരിഗണിക്കാതെ തന്നെ സാന്ത്വനവും പിന്തുണയും നല്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

മനുവിന്റെ മാതൃകാപരമായ സേവനത്തിന് മെഡൽ ഓഫ് വാലർ ഉൾപ്പെടെ നിരവധി അഭിമാനകരമായ അവാർഡുകൾ ലഭിച്ചു. ധാർമ്മിക വിശ്വാസങ്ങളോ കുറ്റവാളിയുടെ സുരക്ഷയോ വിട്ടുവീഴ്ച ചെയ്യാതെ സഹപ്രവർത്തകനെ രക്ഷിക്കാനുള്ള ധീരമായ പ്രവർത്തനത്തിനായിരുന്നു ഈ അംഗീകാരം. അദ്ദേഹത്തിന്റെ ധീരതയെ ഡിപ്പാർട്ട്മെന്റ് വാഴ്ത്തിപ്പാടി. ടെക്സസ് സ്റ്റേറ്റിലെ ഇന്ത്യൻ സമൂഹത്തെ പ്രതിനിധീകരിച്ച് മെഡൽ ഓഫ് വാലർ നേടിയ ആദ്യത്തെ ഇന്ത്യൻ സ്വദേശി എന്ന ബഹുമതിയും മനോജിനു ലഭിച്ചു. ഇത് നിയമപാലനത്തിലും കമ്മ്യൂണിറ്റി സേവനത്തിലും അദ്ദേഹത്തിന്റെ സ്വാധീനം വ്യക്തമാക്കുന്നതിനുള്ള ഉദാഹരണമായി ഈ നേട്ടം.




ഇപ്പോൾ തന്റെ കമ്മ്യൂണിറ്റിയെ കൂടുതൽ സേവിക്കുവാനുള്ള കാഴ്ചപ്പാടോടെ, ഫോർട്ട് ബെൻഡ് കൗണ്ടി പ്രിസന്റ് 3 കോൺസ്റ്റബിൾ സ്ഥാനത്തേക്ക് ഡെമോക്രാറ്റിക് പാർട്ടിയുടെ നോമിനേഷനായി മനു സജീവമായി പ്രചാരണം നടത്തുകയാണ്. (https://manuforprecinct3.com) എന്ന വെബ്സൈറ്റിലൂടെ അദ്ദേഹം മലയാളി സമൂഹത്തിന്റെ പിന്തുണയ്ക്കായി അഭ്യർത്ഥിച്ചിരിക്കുകയാണ്. സത്യസന്ധതയുടെയും ധീരതയുടെയും പൊതുസേവനത്തോടുള്ള അചഞ്ചലമായ അർപ്പണ ബോധത്തിന്റെയും സാക്ഷ്യപത്രമായ ഒരു സ്ഥാനാർത്ഥിയെ പിന്തുണയ്ക്കാൻ കമ്മ്യൂണിറ്റി ഒറ്റക്കെട്ടായി അണിനിരക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മനു പൂപ്പാറയിലിന്റെ വ്യക്തിജീവിതം അദ്ദേഹത്തിന്റെ പ്രൊഫഷണൽ യാത്രപോലെ തന്നെ സമ്പന്നവും സംതൃപ്തവുമാണ്. ഹണി മനോജ്കുമാറാണ് ഭാര്യ. 23 വർഷത്തെ ദാമ്പത്യം. ഹൂസ്റ്റൺ ബാപ്റ്റിസ്റ്റ് യൂണിവേഴ്സിറ്റിയിൽ ബയോളജിയിൽ ബിരുദവിദ്യാർത്ഥിയായ മാധവനാണ് മകൻ.

സുരക്ഷിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും പിന്തുണയ്ക്കുന്നതുമായ ഒരു സമൂഹത്തെ പരിപോഷിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയെ ഈ കുടുംബ അടിത്തറ കൂടുതൽ ഉറപ്പിക്കുന്നു.

മനു പൂപ്പാറയിൽ കോൺസ്റ്റബിളാകുന്നതിനുള്ള പ്രചാരണം നടത്തുമ്പോൾ പിന്തുണയ്ക്കേണ്ടത് കമ്മ്യൂണിറ്റിയുടെ കടമയാണ്. കഠിനാദ്ധ്വാനത്തിന്റെയും അശ്രാന്തമായ നീതിക്കു വേണ്ടിയുള്ള പരിശ്രമത്തിന്റെയും പ്രതീകമാണ് മനു. അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വം അനുകമ്പ, മികവ്, സേവിക്കാനും സംരക്ഷിക്കാനുമുള്ള അചഞ്ചലമായ പ്രതിബദ്ധത എന്നിവയിൽ വേരൂന്നിയ നേതൃത്വത്തിനായി കാംക്ഷിക്കുന്ന ഒരു സമൂഹത്തിന് പ്രത്യാശയുടെ വെളിച്ചമാണ് എന്നതിൽ സംശയമില്ല.



# ക്രിസ്തീയ ജീവിതത്തിൽ ആത്മപരിശോധനയ്ക്കുള്ള സമയമാണ് വലിയനോമ്പുകാലം

**ഫിലിപ്പ് മാരേട്ട്**

ന്യൂജേഴ്സി: ക്രിസ്തീയ ജീവിതത്തിൽ വിശ്വാസിയുടെ ആത്മപരിശോധനയ്ക്കുള്ള സമയമാണ് വലിയനോമ്പുകാലം എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. കാരണം ആത്മീയമായ പരിശോധന എന്നത് മിക്കപ്പോഴും മറ്റുള്ളവരുടെ വിശ്വാസത്തെ പരീക്ഷിക്കാൻ നമ്മൾ തയ്യാറാകുന്നു. എന്നാൽ, നമ്മൾ മറ്റുള്ളവരെ പരീക്ഷിക്കുന്നതിനു മുമ്പ് നാം സ്വയം പരിശോധിക്കേണ്ടതുണ്ട്. അതുപോലെതന്നെ നമ്മൾ യേശുക്രിസ്തുവിന്റെ സൂക്ഷ്മപരിശോധനയ്ക്കും കീഴടങ്ങണം. ഇതിനെയാണ് ആത്മീയ പരിശോധന എന്നു വിളിക്കുന്നത്. അങ്ങനെ നാം ആരാണെന്നും ദൈവം ആരാണെന്നും ചിന്തിക്കുവാനുള്ള അവസരം കൂടി നമുക്ക് ലഭിക്കുന്നു. അതുപോലെ ആഷ് ബുധൻ മുതൽ ഈസ്റ്റർ വരെയുള്ള 40 പ്രവൃത്തിദിനങ്ങൾ അനുതാപത്തിന്റെയും ആത്മപരിശോധനയുടെയും ഉപവാസത്തിന്റെയും വിചിന്തനത്തിന്റെയും മാനസാന്തരത്തിന്റെയും സമയം കൂടിയാണ്. അതുകൊണ്ടുതന്നെ നമ്മുടെ ജീവിതത്തെ പുനഃക്രമീകരിക്കാനുള്ള അവസരം കൂടിയാണ് ഈ വലിയനോമ്പുകാലം അർത്ഥമാക്കുന്നത്.

ആത്മപരിശോധനയുടെ ലക്ഷ്യം എന്താണ്? ആത്മപരിശോധനയുടെ ലക്ഷ്യങ്ങളിലൊന്ന് വൈകാരിക അവബോധം നേടുക എന്നതാണ്. കൂടാതെ ഒരു വ്യക്തി തങ്ങളെത്തന്നെയും അവരുടെ പെരുമാറ്റത്തെയും വിശകലനം ചെയ്യുന്നു. ഇത് നിങ്ങളുടെ വ്യക്തിത്വത്തെയും മറ്റുള്ളവരെയും എങ്ങനെ സ്വാധീനിക്കുന്നുവെന്ന് പരിഗണിക്കുന്ന ഒരു പ്രക്രിയ കൂടിയാണ്. അതുകൊണ്ടുതന്നെ ഈ പ്രക്രിയയിലൂടെ ഒരു വ്യക്തിക്ക് അവരുടെ മാനസിക പ്രക്രിയകൾ നന്നായി മനസ്സിലാക്കാൻ കഴിയും എന്നതിനാൽ ആത്മപരിശോധന സ്വന്തം മാനസികാവസ്ഥകളിലേക്ക് പ്രവേശനം നല്കുന്നു. അതുകൊണ്ട് പൊതുവെ മനസ്സിന്റെ വ്യക്തിഗത അനുഭവം ആത്മപരിശോധനയുടെയും വിചിന്തനത്തിന്റെയും സമയമാകുന്നു. അതിനാൽ നമ്മുടെ പാപം ദൈവത്തോട് ഏറ്റുപറയാൻ തിരുവെഴുത്ത് പറയുന്നു. അതിന് നിശ്ചിത അളവിലുള്ള ആത്മപരിശോധന ആവശ്യമാണ്. ഇതിന്റെ ഒരു ബുദ്ധിമുട്ട് നാം എപ്പോഴും അറിയുന്നില്ല. എങ്കിലും അങ്ങനെ ഏറ്റുപറയാൻ ഒരു പാപവും കണ്ടെത്താനായില്ലെങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു.

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ആത്മപരിശോധന എന്നത് നമ്മെ ഭയപ്പെടുത്തുന്നതായി തോന്നുന്നുവെങ്കിലും വാസ്തവത്തിൽ ഇത് നമ്മേത്തന്നെ ഭയപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതല്ല. മറിച്ച്, ഈ വലിയ നോമ്പുകാലത്ത് നാം പ്രാർത്ഥനയിലും ആത്മപരിശോധനയിലും ഒരു വിശ്വാസി ആയിരിക്കുക എന്നതാണ്. കാരണം യേശുക്രിസ്തുവിന്റെ കുരിശിലൂടെ നമുക്ക് വാഗ്ദാനം ചെയ്ത സമൂലമായ ക്ഷമയുടെയും സ്വീകാര്യതയുടെയും അടിവരയിട്ട ഒരു പ്രക്രിയയാണ് ഈ നോമ്പുകാലം. ഇത് നമ്മൾ മനസ്സിലാക്കുമ്പോൾ നമ്മുടെയെല്ലാം ജീവിതത്തിൽ ദൈവത്തിന് പ്രവർത്തിക്കാനുള്ള ഒരു ഇടം നല്കുകയും നമ്മുടെ തകർന്ന ഹൃദയങ്ങളിൽ പ്രവർത്തിക്കാനും ആത്മാവിന് സ്വാതന്ത്ര്യമുള്ള പുതിയ ശീലങ്ങളും സമ്പ്രദായങ്ങളും വളർത്തിയെടുക്കാനും നമ്മൾ പഠിക്കുന്നു. അങ്ങനെ ദൈവസ്നേഹം സ്വീകരിക്കുന്നതിനും നല്കുന്നതിനും ശേഷിയുള്ള സ്ഥലത്തേക്ക് നമ്മെ നയിക്കുന്നു. അതുപോലെ ഒരു വിശ്വാസി എന്ന നിലയിലെ ഏറ്റുപറച്ചിലിൽ ദൈവം നിങ്ങൾക്ക് കാണിക്കുന്നത് സ്വീകരിക്കുക. ഇതാണ് ആത്യന്തികമായി നമ്മുടെ ആത്മപരിശോധനയുടെ അവസാന ലക്ഷ്യം.

നോമ്പുകാലത്ത് ആത്മവിചിന്തനം നടത്തേണ്ടത് എന്തുകൊണ്ട്? ഒരു വ്യക്തി എന്ന നിലയിലും ഒരു ക്രിസ്ത്യാനി എന്ന നിലയിലും വളരാൻ നിങ്ങളെ എങ്ങനെ പ്രേരിപ്പിക്കും എന്നതാണ് നോമ്പുകാലത്ത് പരിഗണിക്കേണ്ട ഒരു പ്രധാന കാര്യം. എന്നിരുന്നാലും വെല്ലുവിളിയും പ്രതിഫലനവും കൂടാതെ ജീവിതത്തിൽ വളരാൻ നിങ്ങൾക്ക് കഴിയില്ല. എങ്കിലും ഈ നോമ്പുകാലത്ത് നിങ്ങളുടെ തെറ്റുകളെ തിരിച്ചറിയാനും പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കാനും നിങ്ങൾക്കു സാധിക്കുന്നെങ്കിൽ ഈസ്റ്ററോടെ ഏതെങ്കിലും വിധത്തിൽ സ്വയം മെച്ചപ്പെടുത്താനും ആത്മപരിശോധനയിൽ നമ്മെ സഹായിക്കാനും ദൈവത്തോട് അപേക്ഷിക്കുക. "ദൈവമേ, എന്നെ അന്വേഷിച്ച് എന്റെ ചിന്തകളെ ഹൃദയത്തെ അറിയേണമേ. എന്നെ പരീക്ഷിച്ച് എന്റെ ചിന്തകളെ' അറിയുക. എന്നിൽ എന്തെങ്കിലും ദ്രോഹകരമായ വഴിയുണ്ടോ എന്ന് നോക്കി, ശാശ്വതമായ വഴിയിൽ എന്നെ നയിക്കുക." അങ്ങനെ നമ്മൾ ജീവിതത്തിൽ ഒരു വിശ്വാസി ആയിരിക്കുക.


ലേഖകൻ

നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നോമ്പുകാലത്തിന്റെ പ്രാധാന്യം എന്താണ്? ചാരബുധൻ മുതൽ ഈസ്റ്റർ വരെയുള്ള പ്രവൃത്തിദിവസങ്ങളിൽ പല പള്ളികളും ആചരിക്കുന്ന ഉപവാസത്തിന്റെയും പാപങ്ങളിൽ ഖേദിക്കുന്നതിന്റെയും കാലഘട്ടം അഥവാ നോമ്പുകാലം എന്നറിയപ്പെടുന്നു. ഈ നോമ്പുകാലത്തെ ആത്മീയ യാത്രയിലൂടെ നമ്മുടെ ജീവിതം കർത്താവിൽ കേന്ദ്രീകരിക്കാനും അവനുമായുള്ള ബന്ധം കൂടുതൽ ആഴത്തിലാക്കാനും നാം പഠിക്കുന്നു. അതുപോലെ നമ്മുടെ ജീവിതത്തെ പുനഃക്രമീകരിക്കുക. പ്രത്യേകിച്ചും ലളിതമായ ജീവിതം, പ്രാർത്ഥന, പാപങ്ങളുടെ പശ്ചാത്താപം, ദാനധർമ്മം എന്നിവയിലൂടെ വിശ്വാസിയെ ഈസ്റ്ററിനായി തയ്യാറെടുപ്പിക്കുക. ഇതാണ് നോമ്പിന്റെ പ്രധാന ലക്ഷ്യം. അതുപോലെ നോമ്പുകാല പ്രാർത്ഥനയും ഉപവാസവും ദാനധർമ്മങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നത് ദൈവവുമായുള്ള നമ്മുടെ ബന്ധം ശക്തിപ്പെടുത്തുന്നതിനും ആഴപ്പെടുന്നതിനും വേണ്ടിയാണ്. അങ്ങനെ 40 ദിവസത്തെ നോമ്പുകാലം ആചരിക്കുന്നതിലൂടെ, നമ്മൾ ദൈവവുമായി കൂടുതൽ അടുക്കുകയും അവനെപ്പോലെ സ്നേഹിക്കാനും പഠിക്കുന്നു.

വലിയനോമ്പിന്റെ പ്രവൃത്തിദിവസങ്ങളിൽ ദൈവത്തിന്റെ ഉദ്ദേശ്യമനുസരിച്ച് സ്നേഹം ശരിയായി ക്രമീകരിച്ചിരിക്കുന്നു. അതായത് എളിമയും വിശ്വാസവും സ്ഥിരോത്സാഹവുമുള്ള സ്നേഹമാണ് ഈ നോമ്പുകാലം. ഇത് യേശുക്രിസ്തുവിന്റെ അഭിനിവേശത്തിന്റെയും മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും അഗാധവും സന്തോഷകരവുമായ രഹസ്യത്തിലേക്കുള്ള തീർത്ഥാടനം കൂടിയാണ്. നോമ്പുകാലം നമ്മുടെ പാപങ്ങൾ ഏറ്റുപറയുക മാത്രമല്ല, പാപമോചനം നേടാനുള്ള ഓർമ്മപ്പെടുത്തലും കൂടി നല്കുന്നു. അതുപോലെ സ്നേഹത്തിന്റെയും വളർച്ചയുടെയും ഒരു പ്രധാന ഭാഗമാണ് പ്രാർത്ഥന. അവൻ ഇവിടെയുണ്ട്, അവൻ നിങ്ങളെ ഒരിക്കലും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. ഈ വിധത്തിലാണ് നമ്മുടെ 'ആത്മാവിന്റെ ഇരുണ്ട രാത്രി' പ്രഭാതത്തിന്റെ ശോഭയുള്ള പ്രകാശമായി മാറുന്നത്.

നമ്മുടെ ഉപവാസവും നോമ്പുകാല ശിക്ഷണവും ദൈവവുമായുള്ള നമ്മുടെ ബന്ധത്തിനുവേണ്ടി മാത്രമാണെന്ന് യേശു നമ്മോട് പറയുന്നു. നോമ്പുകാലത്ത് മറ്റെവിടെയെങ്കിലും നയിക്കപ്പെടുമായിരുന്ന ഊർജ്ജം ദൈവത്തിൽ കേന്ദ്രീകരിക്കുന്നു. അതാണ് ആത്മീയവളർച്ചയെ പ്രോത്സാഹിപ്പിക്കുന്നത്.

നോമ്പുകാലം പലപ്പോഴും തയ്യാറെടുപ്പിന്റെയും അനുതാപത്തിന്റെയും സമയമായും ദൈവവുമായി കൂടുതൽ ആഴത്തിൽ പോകാനുള്ള അവസരമായും വിശേഷിപ്പിക്കപ്പെടുന്നു. അങ്ങനെ ദുഃഖവെള്ളിയാഴ്ചയ്ക്കും ഈസ്റ്ററിനും ആളുകളുടെ ഹൃദയത്തെയും മനസ്സിനെയും ഒരുക്കുന്ന വ്യക്തിപരമായ പ്രതിഫലനത്തിനുള്ള സമയമാണിതെന്ന് തിരിച്ചറിയുന്നു. അല്ലെങ്കിൽ 'നമ്മുടെ കർത്താവ് കുരിശിൽ നമുക്കുവേണ്ടി യഥാർത്ഥത്തിൽ എന്താണ് ചെയ്തതെന്ന് ചിന്തിക്കാനുള്ള അവസരമാണ് നോമ്പുകാലം.' പ്രത്യേകിച്ചും ഈ നോമ്പുകാലം ക്രിസ്ത്യാനിയുടെ മുഴുവൻ ഭക്തിനിർഭരമായ ജീവിതത്തെ ഉൾക്കൊള്ളുന്നു എന്നതുകൊണ്ട് 'മാനസാന്തരപ്പെടുക' എന്ന അവന്റെ ഉപദേശത്തിന്റെ ആഴത്തിലുള്ള സ്വീകാര്യതയെ ഇത് പ്രതീകപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ സങ്കുചിതമായ സ്വാർത്ഥതാല്പര്യങ്ങളിൽ നിന്ന് പിന്തിരിഞ്ഞ് യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ വാഗ്ദാനത്തിലേക്ക് തിരിയാൻ പഠിക്കുന്നു.

ആത്മപരിശോധന സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു. അങ്ങനെ ഒരു ക്രിസ്ത്യാനി നടത്തുന്ന ആത്മപരിശോധന ഒരിക്കലും ശിക്ഷാവിധിയിലേക്ക് നയിക്കില്ല. സത്യത്തിന്റെ വെളിച്ചത്തിൽ നാം നമ്മെത്തന്നെ പരിശോധിക്കുകയും നമ്മെ ബോധ്യപ്പെടുത്താനും മാറ്റാനും ദൈവവചനത്തെ അനുവദിക്കുകയും വേണം.

അതേസമയം, നമ്മെത്തന്നെ മാറ്റാനുള്ള കഴിവില്ലായ്മയെ നാം താഴ്മയോടെ സമ്മതിക്കുകയും ക്രിസ്തുവിന്റെ പ്രതിച്ഛായയിലേക്ക് നമ്മെ രൂപാന്തരപ്പെടുത്തുന്നതിനു ഉള്ളിലുള്ള പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിക്കുകയും വേണം. പ്രത്യേകിച്ചും യേശുവിന്റെ കുരിശിലൂടെ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നതിനാൽ നമുക്കു കണ്ടെത്താവുന്നതെല്ലാം എത്ര ബുദ്ധിമുട്ടുള്ളതോ വേദനാജനകമോ ആയാലും ക്രിസ്തുവിൽ ദൈവത്തിന്റെ (ശേഷം 30-ാം പേജിൽ)

# ഹൂസ്റ്റൺ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ വാർഷിക കൺവൻഷനും പൊതുയോഗങ്ങളും

**ജോയി തുമ്പമൺ**

ഹൂസ്റ്റൺ: ഹൂസ്റ്റണിലും പ്രാന്തപ്രദേശങ്ങളിലും ഉള്ള ഉപദേശ ഐക്യമുള്ള 16 സഭകളുടെ ഐക്യകൂട്ടായ്മയാണ് ഹൂസ്റ്റൺ പെന്തെക്കോസ്ത് ഫെലോഷിപ്പ്. ഇതിന്റെ വാർഷിക കൺവൻഷനും പൊതുയോഗങ്ങളും ഫെബ്രുവരി 23, 24, 25 എന്നീ തീയതികളിൽ ഹൂസ്റ്റൺ ഐപിസി ഹെബ്രോനിൽ വെച്ച് നടക്കും. 23-ാം തീയതി വെള്ളിയാഴ്ചയും 24-ന് ശനിയാഴ്ച വൈകിട്ട് 7 മണിക്കും പൊതുയോഗങ്ങളും 25-ാം തീയതി ഞായറാഴ്ച 9 മണിക്ക് പൊതുആരാധനയും ഉണ്ടായിരിക്കും.


ഡോ. തോംസൺ കെ. മാത്യു


പാസ്റ്റർ മൈക്കൾ മാത്യൂസ്


സിസ്റ്റർ മിനി മാത്യൂസ്


പാസ്റ്റർ സിബിൻ അലക്സ് (പ്രസിഡണ്ട്)


പാസ്റ്റർ ജോൺ ഐസക് (വൈസ് പ്രസിഡണ്ട്)


പാസ്റ്റർ മാത്യു പുമൂട്ടിൽ (സെക്രട്ടറി)


കെ.സി. ജേക്കബ് (ട്രഷറർ)


പാസ്റ്റർ ബൈജു തോമസ് (വർഷിപ്പ് കോ-ഓർഡിനേറ്റർ)


സ്റ്റീഫൻ സാമുവേൽ മീഡിയ കോ-ഓർഡിനേറ്റർ

യുവജനങ്ങൾക്കായി പ്രത്യേക മീറ്റിംഗുകൾ ആ സമയത്തു ഫെലോഷിപ്പ് ഹാളിൽ വെച്ച് നടക്കുന്നതാണ്. സഹോദരിമാരുടെ പ്രത്യേക സമ്മേളനം 24-ന് ശനിയാഴ്ച 10.30-ന് നടക്കുന്നതാണ്.

ഈ വാർഷിക കൺവൻഷനിൽ മുഖ്യപ്രഭാഷകനായി കടന്നുവരുന്നത് ഡോ. തോംസൺ കെ. മാത്യു ആണ്. അദ്ദേഹം ഓറൽ റോബർട്ട് യൂണിവേഴ്സിറ്റിയുടെ മുൻ ഡീൻ ആയിരുന്നു. നല്ലൊരു എഴുത്തുകാരനുമാണ്.

യുവജനമീറ്റിംഗുകളിലെ പ്രസംഗകനായി വരുന്നത് പാസ്റ്റർ മൈക്കൾ മാത്യൂസ് ആണ്. യുവജന മീറ്റിംഗുകൾ ഇംഗ്ലീഷ് മീറ്റിംഗുകൾ ആയിരിക്കും. എച്ച്വൈപിഎഫ് പ്രസിഡണ്ട് ഡോ. ഡാനി ജോസഫ്, എച്ച്ഡബ്ല്യുപിഎഫിന്റെ പ്രസിഡണ്ട് ഡോ. ജോളി ജോസഫുമാണ്.

ഈ സംഘടനയ്ക്കു നേതൃത്വം കൊടുക്കുന്ന പ്രസിഡണ്ട് പാസ്റ്റർ സിബിൻ അലക്സ്, വൈസ് പ്രസിഡണ്ട് പാസ്റ്റർ ജോൺ ഐസക്, സെക്രട്ടറി പാസ്റ്റർ മാത്യു പുമൂട്ടിൽ, ട്രഷറർ കെ. സി. ജേക്കബ്, വർഷിപ്പ് കോ-ഓർഡിനേറ്റർ പാസ്റ്റർ ബൈജു തോമസ്, മീഡിയ കോ-ഓർഡിനേറ്റർ സ്റ്റീഫൻ സാമുവേൽ എന്നിവരാണ് എച്ച്പിഎഫ് ക്വയർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നത്. വിലാസം: 4660 സൗത്ത് സാം ഹൂസ്റ്റൺ പാർക്ക് വേ, സൗത്ത് ഹൂസ്റ്റൺ, ടെക്സസ്. തത്സമയ സംപ്രേക്ഷണം അഡോനായി മീഡിയ.

# മൗണ്ട് ഒലിവ് സെ. തോമസ് ഇടവകയിൽ ഫാമിലി/യൂത്ത് കോൺഫറൻസ് കിക്കോഫ്

**ഉമ്മൻ കാപ്പിൽ**

ന്യൂജേഴ്സി: മൗണ്ട് ഒലിവ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ കിക്കോഫ് ഫെബ്രുവരി 11-ന് ഞായറാഴ്ച മൗണ്ട് ഒലിവ് സെ. തോമസ് മലങ്കര ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

ഫാമിലി യൂത്ത് കോൺഫറൻസിനെ പ്രതിനിധീകരിച്ച് ഒരു സംഘം ഫെബ്രുവരി 11-ന് ഇടവക സന്ദർശിച്ചു. ഫാ. ഷിബു ഡാനിയേൽ (വികാരി) ടീമിന് സ്വാഗതം ആശംസിക്കുകയും ഇടവകയുടെ പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. ഷാജി വർഗീസ് (മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം) തന്റെ ആമുഖത്തിൽ സമർപ്പണവും പങ്കാളിത്തവും കൊണ്ട് കോൺഫറൻസിന്റെ യുവനേതൃത്വം പുതിയ ഉണർവോടെ പ്രവർത്തിക്കുന്നത് ആശാവഹമാണെന്ന് അഭിപ്രായപ്പെട്ടു. ഫിലിപ്പ് തങ്കച്ചൻ (ഭദ്രാസന അസംബ്ലി അംഗം), കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി. ദീപ്തി മാത്യു (സുവനീർ എഡിറ്റർ), ഉമ്മൻ കാപ്പിൽ (ഭദ്രാസന കൗൺസിൽ അംഗം), ജോഷിൻ ഏബ്രഹാം, ബിപിൻ മാത്യു (ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു സംഘത്തിൽ. ജോർജ് തുമ്പയിൽ (മുൻ കോൺഫറൻസ് സെക്രട്ടറി/സഭാ മാനേജിംഗ് കമ്മിറ്റി അംഗം). ബിന്ദു റിനു (കോൺഫറൻസ് കമ്മിറ്റി അംഗം), നിതിൻ ഏബ്രഹാം (ഇടവക സെക്രട്ടറി), റിനു ചെറിയാൻ (ഇടവക ട്രസ്റ്റി) എന്നിവരും വേദിയിൽ ചേർന്നു.

കോൺഫറൻസിന്റെ വേദി, തീയതി, പ്രസംഗകർ, മുഖ്യചിന്താവിഷയം, വേദിക്കു സമീപമുള്ള ആകർഷണങ്ങൾ തുടങ്ങിയ പൊതുവിവരങ്ങൾ ഉമ്മൻ കാപ്പിൽ നല്കി. കുട്ടികളുടെ ആത്മീയ പോഷണത്തിനും ഉന്നമനത്തിനും ഈ അനുഭവം മുതൽക്കൂട്ടാകുമെന്നതിനാൽ സമ്മേളനത്തിൽ കുടുംബസമേതം പങ്കെടുക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ജോർജ് തുമ്പയിൽ മുൻവർഷങ്ങളിൽ കോൺഫറൻസിൽ പങ്കെടുത്തതിന്റെ മഹത്തായ ഓർമ്മകൾ അനുസ്മരിച്ചു. ബൈബിളിൽ നിന്നുള്ള അത്ഭുതങ്ങൾ ചിത്രീകരിക്കുന്ന കലാസൃഷ്ടികൾ അവതരിപ്പിച്ചു കാണികളുടെ പ്രശംസ നേടിയ മുൻകാല സ്മരണകൾ പുതുക്കാൻ വീണ്ടും ഒരുമിച്ച് ചേരാൻ അദ്ദേഹം ഇടവകാംഗങ്ങളെ ആഹ്വാനം ചെയ്തു.



ആകർഷകമായ സമ്മാനങ്ങൾ നേടാനുള്ള അവസരം പ്രയോജനപ്പെടുത്തി റാഫിൾ ടിക്കറ്റുകൾ വാങ്ങി കോൺഫറൻസിനെ പിന്തുണയ്ക്കണമെന്ന് ബിപിൻ മാത്യു അഭ്യർത്ഥിച്ചു.

കോൺഫറൻസിന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന സുവനീറിലേക്ക് വിശ്വാസം, കോൺഫറൻസ് ചിന്താവിഷയം എന്നിവയെപ്പറ്റിയുള്ള രചനകളും പരസ്യങ്ങളും ആശംസകളും നല്കി പങ്കാളികളാകാൻ ദീപ്തി മാത്യു ആഹ്വാനം ചെയ്തു. ഷാജി വർഗീസ് സ്പോൺസർഷിപ്പ് അവസരങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ വിശദീകരിക്കുകയും വിശ്വാസികളുടെ പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു. ജോഷിൻ ഏബ്രഹാം സ്പോർട്സ് ആൻഡ് എന്റർടൈൻമെന്റ് പരിപാടികളെപ്പറ്റി സംസാരിച്ചു. കോൺഫറൻസിൽ പങ്കെടുക്കുന്നവർക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുവാനും നല്ല സ്മരണകൾ സൃഷ്ടിക്കുവാനുമുള്ള മഹനീയ അവസരമാണ് ഇതെന്ന് ജോഷിൻ കൂട്ടിച്ചേർത്തു. ഇടവകയെ പ്രതിനിധീകരിച്ച്, അതിന്റെ മഹത്തായ പാരമ്പര്യത്തിന് അനുസൃതമായി ശ്രദ്ധേയമായ കലാസൃഷ്ടികൾ അവതരിപ്പിക്കുവാൻ ഇടവകയിൽ നിന്ന് ഒരു ടീമിനെ നയിക്കാൻ ഇത്തവണ പ്രത്യാശിക്കുന്നതായി ബിന്ദു റിനു അറിയിച്ചു.

ഇടവകയെ പ്രതിനിധീകരിച്ച് ഫാ. ഷിബു ഡാനിയേൽ ഗ്രാൻഡ് ലെവൽ സ്പോൺസർ എന്ന നിലയിൽ സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുകയും കോൺഫറൻസ് ടീമിന് ചെക്ക് കൈമാറുകയും ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തും സുവനീറിൽ അഭിനന്ദനങ്ങൾ നല്കിയും റാഫിൾ ടിക്കറ്റുകൾ വാങ്ങിയും പിന്തുണ വാഗ്ദാനം ചെയ്ത അംഗങ്ങൾക്ക് ഫിലിപ്പ് തങ്കച്ചൻ നന്ദി പറഞ്ഞു. ഫാ. ഷിബു ഡാനിയേൽ, നിതിൻ ഏബ്രഹാം, ഷാജി വർഗീസ്, ഫിലിപ്പ് തങ്കച്ചൻ, ജോർജ് തുമ്പയിൽ, തോമസ്കുട്ടി ഡാനിയേൽ, സുനോജ് തമ്പി, സരോഷ് ജേക്കബ്, ഷിനു ഡേവിഡ്, മാത്യു സി. മാത്യു, ഫിലിപ്പ് ജോസഫ്, ജോൺ തോമസ്, ഗ്രേസ് ജോസഫ്, ബെനോ ജോഷ്വ, റോഷിൻ ജോർജ്, തറയിൽ ഏബ്രഹാം, ജിബിൻ സി. മാത്യു, മനോജ് കുര്യാക്കോസ് തുടങ്ങിയവരാണ് പിന്തുണ അറിയിച്ചത്.

വികാരി, ഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവർ നല്കിയ ഊഷ്മളമായ സ്വീകരണത്തിനും ആത്മാർത്ഥമായ പ്രാർത്ഥനയ്ക്കും പിന്തുണയ്ക്കും ഉമ്മൻ കാപ്പിൽ നന്ദി പറഞ്ഞു.

(ശേഷം 30-ാം പേജിൽ)

# സിഎംഎ നാഷണൽ യൂത്ത് സമ്മിറ്റ് മെയ് 24, 25 തീയതികളിൽ

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: മികച്ച സംഘടനാ പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധയാകർഷിച്ച ചിക്കാഗോ മലയാളി അസോസിയേഷൻ യുവജനങ്ങളെ അണിനിരത്തി 2024 മെയ് 24, 25 തീയതികളിൽ നാഷണൽ യൂത്ത് സമ്മിറ്റ് സംഘടിപ്പിക്കുമെന്ന് പ്രസിഡണ്ട് ജെസി റിൻസി അറിയിച്ചു. സിഎംഎ സംഘടിപ്പിക്കുന്ന കുടുംബ സംഗമത്തോടനുബന്ധിച്ച് നടത്തുന്ന യുവജന സംഗമത്തിന് നിരവധി പ്രത്യേകതകൾ ഉണ്ട്.

അമേരിക്കൻ മലയാളികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് തങ്ങളുടെ കുട്ടികൾക്ക് മനസ്സിനിണങ്ങിയ ജീവിത പങ്കാളിയെ കണ്ടെത്തുക എന്നത്. ഈ



ജെസി റിൻസി



ആൽവിൻ ഷിക്കോർ



മനോജ് അച്ചേട്ട്

യുവജനസംഗമത്തിൽ കൗൺസിലിംഗ് ക്ലാസുകൾ, വിവിധ കുടുംബങ്ങൾ തമ്മിൽ കാണുന്നതിനും സംസാരിക്കുന്നതിനും അവരുടെ ബന്ധുക്കളെ പരിചയപ്പെടുന്നതിനും അവസരമൊരുക്കും. തങ്ങളുടെ കുട്ടികളുടെ വിവരങ്ങൾ കൈമാറുകയും ആരോഗ്യകരമായ ബന്ധങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടാകുകയും ചെയ്യുക എന്നതാണ് നാഷണൽ യൂത്ത് സമ്മിറ്റുകൊണ്ട് ഉദ്ദേശിക്കുന്നത്. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലെ പ്രാദേശിക സംഘടനകളുടെ വിപുലമായ പങ്കാളിത്തവും ഈ സമ്മേളനത്തിനു കരുത്തു പകരും. വിവാഹപ്രായമായ ചെറുപ്പക്കാരുടെ സംഗമം കൂടിയായി ഈ പരിപാടിയെ മാറ്റാൻ ക്രമീകരണങ്ങൾ നടത്തും. അമേരിക്കൻ മലയാളി കുടുംബങ്ങളുടെ വളർച്ച വളർന്നുവരുന്ന യുവസമൂഹത്തിലൂടെയാണ്. അവർക്ക് മലയാളി കുടുംബങ്ങളുമായി ബന്ധപ്പെടുവാനും ഒരു മലയാളി കൂട്ടായ്മ എല്ലാ വിഭാഗങ്ങളിലും ഉണ്ടാക്കിയെടുക്കുവാനും ഈ സംഗമം ഉപകരിക്കുമെന്ന് സിഎംഎ ബോർഡ് അറിയിച്ചു.

അമേരിക്കൻ മലയാളി യുവസമൂഹത്തെ മലയാളത്തെ സ്നേഹിക്കുന്ന, കുടുംബബന്ധങ്ങളുടെ പവിത്രത മനസ്സിലാക്കുന്ന സംഘടനാ ബോധമുള്ള ഒരു സമൂഹമായി നിലനിർത്തുവാൻ കഴിയുന്നവരായി വളർത്തുവാൻ സിഎംഎ നാഷണൽ സമ്മിറ്റ് കൊണ്ട് സാധിക്കും. പ്രസ്തുത പരിപാടിയിലേക്ക് അമേരിക്കൻ മലയാളി കുടുംബങ്ങളേയും യുവജനസമൂഹത്തെയും ഹാർദ്ദമായി ക്ഷണിക്കുന്നുവെന്ന് പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ, ജോ. സെക്രട്ടറി വിവീഷ് ജേക്കബ്, ജോ. ട്രഷറർ സിബിൽ ഫിലിപ്പ്, യൂത്ത് പ്രതിനിധികളായ സി.ജെ. മാത്യു, സാറാ അനിൽ, വനിതാ പ്രതിനിധികളായ ഷൈനി ഹരിദാസ്, ഷാന മോഹൻ, നിഷ സജി, സീനിയർ പ്രതിനിധികളായ വർഗീസ് ടി. മോനി, തോമസ് വിൻസന്റ്, ബോർഡ് മെംബേഴ്സായ ആഗ്നസ് മാത്യു, സന്തോഷ് വി. ജോർജ്, സൂസൻ ചാക്കോ, ബോബി ചിറയിൽ, സജി തയ്യിൽ, ജോസ് മണക്കാട്ട്, റോസ് വടകര, പ്രിൻസ് ഈപ്പൻ, ബിജു മുണ്ടയ്ക്കൽ, കിഷോർ കണ്ണാല, ജോഷി പൂവത്തുങ്കൽ, മാത്യു ജെയ്സൺ, സജി മാലിത്തുരുത്തേൽ, എക്സ് ഒഫീഷ്യൽസായ ജോഷി വള്ളിക്കളം, ലീല ജോസഫ് എന്നിവർ അറിയിച്ചു.

# ബിഷപ് ഡോ. മാർ പൗലോസ് രചിച്ച 'കൃപയുടെ അരുവിയിൽ നിന്നും' പുസ്തകം പ്രകാശനം ചെയ്തു

**ഷാജി രാമപുരം**

ന്യൂയോർക്ക്: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനാദ്ധ്യക്ഷൻ ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസ് രചിച്ച കൃപയുടെ അരുവിയിൽ നിന്നും എന്ന പുസ്തകം ലോകപ്രസിദ്ധമായ മാരാമൺ കൺവൻഷനോട് അനുബന്ധിച്ച് മാരാമൺ റിട്രീറ്റ് സെന്ററിൽവെച്ച് നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തു.




മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ പുസ്തകം സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്തയായ ഡോ. ജോസഫ് മാർ ബർണബാസിന് നല്കിക്കൊണ്ടാണ് പ്രകാശനം ചെയ്തത്. ദർശന ദീപ്തമായ ചിന്തകൾ നിറഞ്ഞ സമൃദ്ധമായൊഴുകുന്ന കൃപയുടെ അരുവി എന്ന ഈ പുസ്തകം വായനക്കാരുടെ മനസ്സിൽ സംഗീതമായി നിറഞ്ഞ് ഉൽകൃഷ്ട ജീവിതത്തിന് ഉത്തമ പ്രേരണയാകും എന്ന് ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു.

ചടങ്ങിൽ ബിഷപ്പുമാരായ ഡോ. ഐസക് മാർ ഫിലക്സിനോസ്, ഡോ. തോമസ് മാർ തീത്തോസ്, മാത്യൂസ് മാർ സെറാഫിം എന്നിവരെ കൂടാതെ അനേക വൈദികരും അത്മായ നേതാക്കളും നോർത്ത് അമേരിക്ക ഭദ്രാസനത്തെ പ്രതിനിധീകരിച്ച് ഭദ്രാസന ട്രഷറർ ജോർജ് പി. ബാബു, കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസിന്റെ ഉൾക്കാഴ്ചാനിർഭരമായ വചന ധ്യാനങ്ങളും അനുഭവ സമൃദ്ധമായ ആത്മകഥാ വ്യാഖ്യാനവും കാലത്തെ സൂക്ഷ്മമായി വിലയിരുത്തുന്ന നിരീക്ഷണങ്ങളും നിലപാടുകളും ഈ പുസ്തകത്തെ വ്യത്യസ്തമാക്കുന്നു.

ക്രിസ്തീയ സഭകളുടെ ലോക കൗൺസിലിന്റെ (ഡബ്ല്യുസിസി) എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഇന്ത്യയിലെ ക്രിസ്തീയ സഭകളെ പ്രതിനിധീകരിച്ച് ഏക അംഗം കൂടിയാണ് ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസ്. ക്രൈസ്തവ സാഹിത്യ സമിതിയാണ് പുസ്തകം വിതരണം ചെയ്യുന്നത്.



# ഫേസ്ബുക്ക്: മൂന്നാമത്തെ ഇന്റർനെറ്റ് സാമ്രാജ്യം



ഷിബു ഗോപാലകൃഷ്ണൻ

ഇരുപത് വർഷങ്ങൾക്കു മുൻപ് ഇതുപോലൊരു ഫെബ്രുവരി നാലാം തീയതി രാത്രി ഹാർവാർഡ് യൂണിവേഴ്സിറ്റിയുടെ ഡോർമെട്രിയിലാണ് ഫേസ്ബുക്ക് ജനിച്ചത്. കോളേജ് വിദ്യാർത്ഥികളാൽ കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട ഒരു ഇന്റർനെറ്റ് ഇടമായിരുന്നു ഫേസ്ബുക്ക്. ഹാർവാർഡിലെ കുട്ടികൾക്ക് കണ്ടുമുട്ടാനും പരിചയപ്പെടാനും ജന്മദിനങ്ങൾ ഓർത്തുവയ്ക്കാനും തല്പരവിഷയങ്ങൾ പഠിക്കുന്ന കുട്ടികളെ കണ്ടെത്താനും ചർച്ച ചെയ്യാനുമായിരുന്നു ഈ പിറവി. മാസം 85 ഡോളർ വാടക നൽകി ഒരൊറ്റ സെർവറിന്റെ പിൻബലത്തിലാണ് ഫേസ്ബുക്ക് അവതരിച്ചത്.

ആദ്യത്തെ ആഴ്ചയിൽ 650 കുട്ടികളാണ് അംഗങ്ങളായത്. അവിടെ നിന്നും കഴിഞ്ഞ മാസത്തെ കണക്കുകളിൽ എത്തിനിൽക്കുമ്പോൾ മുന്നൂറു കോടി മനുഷ്യരാണ് ഫേസ്ബുക്കിന്റെ അംഗബലം. പകുതിയിലധികം മനുഷ്യരും ഇംഗ്ലീഷിൽ അല്ല ഫേസ്ബുക്ക് ഉപയോഗിക്കുന്നത്, നൂറിലധികം ഭാഷകളാൽ ഫേസ്ബുക്ക് ഈ ലോകത്തെ കൂട്ടിയിണക്കുന്നു.

ഫേസ്ബുക്ക് ഒരു രാജ്യമായിരുന്നെങ്കിൽ ലോകത്തിലെ ഇരുപതാമത്തെ സാമ്പത്തിക ശക്തി ആയേനെ. ഒരു ട്രില്യൺ ഡോളറുമായി സൗദി അറേബ്യക്ക് തൊട്ടുപിന്നിൽ ഇടംപിടിച്ചേനെ. ഗൂഗിളിനും യൂടൂബിനും ശേഷം ഏറ്റവും കൂടുതൽ പേർ സന്ദർശിക്കുന്ന മൂന്നാമത്തെ ഇന്റർനെറ്റ് സാമ്രാജ്യമാണ് ഫേസ്ബുക്ക്. മെസ്സഞ്ചറിലേക്കും വാട്ട്സാപ്പിലേക്കും ഇൻസ്റ്റയിലേക്കും പടർന്നു പന്തലിക്കുന്ന അനന്തമായ വിനിമയലോകം. ഇതൊന്നുമില്ലെങ്കിൽ നിലച്ചുപോകുന്ന വിധം നമ്മളെ നിലനിർത്തുന്ന കൂട്ടിന്റെ ലോകങ്ങൾ.

ഇരുപത് വർഷങ്ങൾക്ക് മുൻപ് അണ്ടർ ഗ്രാജുവേഷൻ ചെയ്യുന്ന, ഫൈനൽ സെമസ്റ്റർ പരീക്ഷ എഴുതിയിട്ടില്ലാത്ത ഒരു ഇരുപതുകാരനാൽ തുടങ്ങി വച്ച ലോകമാണിത്. അതിന്റെ ഏതെല്ലാമോ അറ്റങ്ങളിൽ ഇരുന്നുകൊണ്ടാണ് ഞാനിത് എഴുതുന്നത്, നിങ്ങൾ ഇത് വായിക്കുന്നത്. അന്നത്തെ രാത്രി ഫേസ്ബുക്ക് ലോഞ്ച് ചെയ്തതിനു ശേഷം ആ ഇരുപതുകാരൻ സുഹൃത്തിന്റെ മുറിയിലേക്ക് ഓടിക്കയറി വന്നു, എന്നിട്ടു പറഞ്ഞു: ഈ ഹാർവാർഡ് കമ്മ്യൂണിറ്റിയുമായി കണക്ട് ചെയ്യുന്നതിൽ ഞാൻ അത്രയധികം ആവേശഭരിതനായിരിക്കുന്നു. ഒരുദിവസം ഒരാൾ ഈ ലോകവുമായി തന്നെ ഇങ്ങനെ കണക്ട് ചെയ്യുമായിരിക്കും.

ഒരാൾ അല്ല, മുന്നൂറുകോടി മനുഷ്യർ ഇപ്പോൾ ഈ ലോകവുമായി കണക്ട് ചെയ്യപ്പെട്ടിരിക്കുന്നു.



സാമൂഹികപാഠം

അനിൽ പെണ്ണുക്കര

# അനുസരണയുള്ള കുഞ്ഞാടുകൾ



തെരഞ്ഞെടുപ്പു അടുത്തിരിക്കെ പല കാഴ്ചകൾ രാഷ്ട്രീയക്കമ്പനികൾ ഇറക്കുകയാണ്. ഓഫറുകളും ബാലേകളും ചവിട്ടുനാടകവും കാക്കരിശ്ശിയുമൊക്കെയുണ്ട്. തെരഞ്ഞെടുപ്പിൽ മത്സരിപ്പിച്ച് വിജയിപ്പിക്കാൻ ഇവന്റ് മാനേജുമെന്റുകളും രംഗത്തുണ്ട്. ഇപ്പോൾ മത്സരിക്കാനും ജനങ്ങളെ സമീപിക്കാനും വോട്ടുചോദിക്കാനും ആരും പൊതുജനസേവനം ഒരു യോഗ്യതയായി കാണുന്നില്ല. പണ്ടേപോലേ പൊതുയോഗങ്ങളും മറ്റും ആവശ്യമില്ല. സ്ഥാനാർത്ഥിയായാൽപ്പിന്നെ ചാനലുകൾ പുകഴ്ത്തിക്കൊള്ളും. പിന്നെ ഇത്തിരി ഇമേജും ഗാന്ധി മനസ്സുമൊക്കെ സ്ഥാനാർത്ഥിയുടെ പ്രതിച്ഛായയ്ക്ക് ഫ്ളേവറായി ചേർക്കുന്നത് നല്ലതാണ്. അത് സ്ഥാനാർത്ഥിയാകുന്നതിനുമുമ്പേ വേണം. സ്ഥാനമോഹമില്ല. പാർലമെന്ററി ജധാനിപത്യത്തിന്റെ സുഖമോഹങ്ങളിൽ താല്പര്യമില്ല, പാർട്ടിക്കുവേണ്ടി വർക്കുചെയ്ത് പാർട്ടിയാഫീസറായി ചടഞ്ഞിരിക്കാനാണ് ഇഷ്ടം. സമ്പത്തിലും കുടുംബത്തിലും താല്പര്യമില്ല. പിന്നെ സഹോദരങ്ങളുണ്ടെങ്കിൽ അവരുമൊത്ത് രസിക്കുന്ന ഫോട്ടോവല്ലതുമുണ്ടെങ്കിൽ ആളിന്റെ സിമ്പ്ളിസിറ്റി പ്രഖ്യാപിക്കാൻ മുഖപടമായി എവിടെയെങ്കിലും വയ്ക്കാം.

തെരഞ്ഞെടുപ്പ് ട്രിക്കുകൾ പലതാണ്. എല്ലാവർക്കും എംഎൽഎയും എംപിയും മന്ത്രിയും ആകാനും കാറും സുഖങ്ങളും മാനങ്ങളും ആഗ്രഹമുണ്ട്. അനുസരണയുള്ള കുഞ്ഞാടുകൾക്ക്. അതിലൊന്നാണ് ഏറ്റവും മാന്യമായി എന്നെ ഞാൻ സ്ഥാനാർത്ഥിയായി മുന്നോട്ടുവയ്ക്കുന്നു എന്ന മട്ടിൽ നിസ്സംഗതയോട് ചാനലുകളോട് നയം വ്യക്തമാക്കുന്ന രീതി. ‘പാർട്ടി പറഞ്ഞാൽ മത്സരിക്കും.’ എന്തൊരു വിനയം, പാർട്ടിബോധം, അച്ചടക്കം. ഇവൻ തങ്കപ്പനല്ലന്നേ...

പിന്നെ ഉള്ള ഒന്ന് മതമാണ്. പിന്നെ സമുദായനേതാക്കളുടെ പ്രശംസയോ അല്ലെങ്കിൽ ഭക്തിയോ....

ബിജെപിയിലും ഇടതരിലും കോൺഗ്രസ്സിലും ഇത്തരം അനുസരണയുള്ള പല കുഞ്ഞാടുകളും ഇങ്ങനെ നയംവ്യക്തമാക്കുന്നു.കാക്ക വിരുന്നുവിളിക്കുന്നതും പല്ലിചിലയ്ക്കുന്നതും നോക്കിയിരുപ്പുണ്ട്. വരുമോ, വരും... വരാതിരിക്കില്ല... പ്രതീക്ഷമാത്രം ആശ്രയം എന്നമട്ടിൽ അടങ്ങിയിരിക്കയല്ല. പ്രയത്നം നന്നായി നടക്കുന്നുണ്ട്. ചാനൽ ചർച്ചകളിലും അഭിമുഖങ്ങളിലും ഉത്സവപ്പറമ്പുകളിലും പുരോഹിതരോട് കുശലം ചോദിച്ചും തീർത്ഥം കുടിച്ചും പൊങ്കാലവച്ചും കരഞ്ഞും ചീറ്റി, ആശിക്കമാത്രമാകതെ ആർജ്ജിക്കാനുദ്യമിക്കുന്നുണ്ട്. ദൈവവും കുടുംബക്കമ്മിറ്റികളും അനുഗ്രഹിക്കട്ടെ.

തലേക്കെട്ട് കെട്ടി കൈലി ഉടുത്തുനില്ക്കുന്ന സാധാരണക്കാരനായും, മുറ്റത്ത് ഒരു മൂട് കപ്പനട്ട് വെള്ളംകോരുന്ന പടമായാലും കണ്ണുകൾ നോക്കിയിരിക്കും. ബർമുഡ ഇട്ടു നിൽക്കുന്ന പടമായാൽ മാറ്റത്തിനൊത്തു തുണിമാറുന്ന പുരോഗമനവാദി എന്ന പരിവേഷവും നേടാം.

ചിലർ നടപ്പും വേഷവും തട്ടകവും മാറി പരീക്ഷിക്കുന്നുണ്ട്. ഡൽഹിയിൽ ഒരു പയ്യൻ സഖാവായി പാർട്ടിക്കും മന്ത്രിസഭയ്ക്കും സമരം നടത്താൻ ഉത്സാഹക്കമ്മിറ്റി ചെയർമാനായി നടക്കുന്നതുകണ്ടപ്പോൾ അതും ഒരു ട്രിക്കാണെന്ന് മനസ്സിലായി. ഉള്ളതു പറയണമല്ലോ ഗാന്ധിപക്ഷംപറഞ്ഞ് കേന്ദ്രമന്ത്രിയായും എംപിയായും ഇരുന്നതിന്റെ പെൻഷൻ രണ്ടുമൂന്ന് ദിവസംമുമ്പ് വാങ്ങിയത് കേരളത്തിലെ ജനങ്ങളുടെ ക്ഷേമത്തിന് മുഴുവൻ ചെലവിട്ടെന്ന് നാളെ പ്രഖ്യാപിക്കാൻ സാധ്യതയുണ്ട്.

സാമൂഹികപാഠം: **പെറ്റമ്മേടടുത്ത് പോക്രി, രണ്ടാനമ്മേടടുത്ത് വാലാട്ടി!**

# മലയാള സിനിമ പുതിയ പ്രതീക്ഷകൾ

സിനിമ റിവ്യൂ



രാജീവ് പഴുവിൽ, ന്യൂജേഴ്സി

കഴിഞ്ഞയാഴ്ച രണ്ടു നല്ല മലയാളസിനിമകൾ ആണ് കണ്ടത്. രണ്ടും വളരെ പ്രതീക്ഷ നൽകുന്നവ. വിഷയമല്ല, അതിന്റെ അവതരണത്തിലുള്ള പുതുമയും, വ്യത്യസ്തതയും ആണ് പ്രധാനം എന്ന് അടയാളപ്പെടുത്തിയ രണ്ടു ചിത്രങ്ങൾ.

വ്യത്യസ്തമായ ഒരു അനുഭവം പകരുന്നുണ്ട് ഈ ചിത്രം.

സുവ്യക്തമെങ്കിലും പശ്ചാത്തല സംഗീതത്തിന്റെ കരുത്ത് അവയെക്കാൾ ഒരു പടി മുന്നിൽ എന്ന് വ്യക്തിപരമായി എനിയ്ക്ക് തോന്നുന്നു. കഥാപാത്രങ്ങള നുഭവിക്കുന്ന ധർമ്മസങ്കടങ്ങളും,




## കാതൽ

സ്വവർഗ്ഗാനുരാഗം ഇന്നൊരു പുതുമ യുള്ള വിഷയമല്ല. എന്നാൽ സമീപ കാലത്ത് മലയാളസിനിമയിൽ അതിന്റെ ഇത്രയും കരുത്തുറ്റ ഒരു ദൃശ്യാവി ഷ്കാരം കയ്യടി അർഹിയ്ക്കുന്നത് തന്നെയാണ്.

കുറഞ്ഞ സംഭാഷണങ്ങൾ, ശബ്ദത്തിലെ മിതത്വം, പലപ്പോഴും ചൂഴ്ന്നു നിൽക്കുന്ന മൗനം, കാതരയായ ഒരു പക്ഷിയുടെ വിലാപം പോലെ ഉടനീളം മനസ്സിനെ ആർദ്രമാക്കുന്ന, നൊമ്പരപ്പെടുത്തുന്ന ഒരു പശ്ചാത്തല സംഗീതം, ഇവയെല്ലാം ചേർന്ന് നിസ്സഹായതയും, തീവ്രതയോടെ പ്രേക്ഷകർക്ക് പകർന്നു നൽകുന്നതിൽ അത് വഹിച്ച പങ്ക് ഏറെ വലുതാണ്. (അകമ്പടിയായി എത്തുന്ന ഒന്നോ രണ്ടോ ഗാനങ്ങളും.) ജ്യോതികയും (ഓമന), മമ്മൂട്ടിയും (മാത്യൂസ്) സുധിയും (തങ്കൻ) കേന്ദ്രകഥാപാത്രങ്ങൾ ആയി മികച്ച പ്രകടനം പുറത്തെടുക്കുമ്പോൾ, മാത്യുസിന്റെ അച്ഛനും, മകളും, തങ്കന്റെ ദത്തുപുത്രനും, ഓമനയുടെ സഹോദരനും ഒക്കെ മനസ്സിൽ തങ്ങി നിൽക്കുന്നത് അവരുടെ സ്വാഭാവികമായ അഭിനയമികവ് കൊണ്ട് തന്നെയാണ്.കോടതി രംഗങ്ങളിൽ മുത്തുമണിയുടെ പ്രകടനവും നന്നായി തോന്നി. ക്ലൈമാക്സ് വളരെ നല്ല രീതിയിൽ കൈകാര്യം ചെയ്തിരിക്കുന്നു. ചിത്രത്തിന്റെ അന്ത്യത്തോടടുത്ത് 'ഹെന്റെ ദൈവമേ ' എന്ന് നായകനോ ടൊപ്പം പ്രേക്ഷകരുടെ മനസ്സും ഒരു നിമിഷം കേണുപോയെങ്കിൽ, അതിശയ പ്പെടേണ്ടതില്ല.

## ആട്ടം

നാടകവും, സിനിമയും കൈകോർത്തി ണക്കിയുള്ള അവതരണം. പന്ത്രണ്ട് നാടക അഭിനേതാക്കൾക്കിടയിൽ ഒരേ ഒരു നടി. ഒരു ഡിന്നർ പാർട്ടിയ്ക്ക് ശേഷം ഇരുട്ടിൽ അവർക്ക് നേരെ നടന്ന ഒരു പീഡന ശ്രമത്തിലെ പ്രതിയാരെന്ന് പ്രേക്ഷകർക്കു മുന്നിൽ അനാവരണം ചെയ്യാനുള്ള (അഭിനേതാക്കൾക്കിടയിൽ തന്നെ നടക്കുന്ന) അന്വേഷണശ്രമം ആണ് ചിത്രം. സസ്പെൻസും, ട്വിസ്റ്റുകളും ഉടനീളം നിറുത്തിക്കൊണ്ട് പ്രേക്ഷകരെ എൻഗേജ് ചെയ്യുന്ന ഈ്രബില്യന്റ് അറ്റംപ്റ്റ് ഒരു പുതുമുഖ സംവിധായകന്റെ (ആനന്ദ് ഏകർഷി) യാണെന്ന് തോന്നുകയില്ല.

ചിത്രം പുരോഗമിയ്ക്കുമ്പോൾ, ഓരോ നടന്മാരും സംശയത്തിന്റെ നിഴലിൽ വന്നു പോകുന്നുണ്ട്. പ്രേക്ഷകർ നടത്തുന്ന കണക്കു കൂട്ടലുകൾ പല തവണ തെറ്റുന്നുണ്ട്. പുരുഷന്മാരുടെ ശരിയായ സ്വഭാവവും, കള്ളത്തരങ്ങളും പുറത്താവുന്നുണ്ട്, ഒരു പോയിന്റ് കഴിയുമ്പോൾ ആരു ചെയ്തു, എന്തിന് ചെയ്തു എന്നത് തന്നെ അപ്രസക്തമാകുന്നുണ്ട്.

അഞ്ജലി എന്ന നായികയായി വന്ന സറിൻ ഷിഹാബ് അഭിനയത്തിന്റെ കാര്യത്തിൽ ഏറ്റവും മികച്ചു നിന്നു. നിസ്സഹായതയും, കരുത്തും, നിശ്ചദാർ ഢ്യവും ഒക്കെ മാറി മാറി പ്രകടിപ്പി ക്കേണ്ടി വരുന്ന കഥാപാത്രത്തെ അനായാസമായി കൈ കാര്യം ചെയ്തു അവർ. മറ്റു കേന്ദ്രകഥാപാത്രങ്ങളായി ഷാജോണും, വിനയ് ഫോർട്ടും തിളങ്ങുന്ന പ്രകടനവുമായി ഒപ്പമുണ്ട്. മറ്റുള്ള അഭിനേതാക്കളും നിലവാരം പുലർത്തുന്നുണ്ട്.

ആനന്ദ് ഏകർഷി പ്രതീക്ഷ നൽകുന്നുണ്ട്, എന്ന് അടയാളപ്പെടുത്തുന്ന ചിത്രം.




# ഒരു ഹൗസ് വൈഫിന്റെ മരണം



കവിത



ജിഷ യു. സി.

ഉച്ചയൂണു കഴിഞ്ഞൊന്നു കിടന്നതാണ്
പിന്നെ എണീറ്റില്ല പോലും
അനാഥമായകാഴ്ചകളടുക്കളയിൽ
അവർ കഴുകാനിട്ട പാത്രങ്ങളിൽ ഉറുമ്പരിക്കുന്നു
വൈകീട്ട് വടയുണ്ടാക്കാനവൾ നനച്ചടച്ചുവച്ച
ഉഴുന്നുണ്ടു മിക്സിക്കരികിൽ
പുറത്തയലിൽ തൂങ്ങിയാടുന്ന തുണികൾ
മുറത്തിൽ ചെറ്യുള്ളി പകുതിയും
തൊലിക്കാൻ ബാക്കിയാണ്
സോപ്പു വെള്ളത്തിൽ കുതിർത്ത മകന്റെ ഷൂസ്
തേപ്പുപെട്ടിക്കടുത്തു കണ്ട വസ്ത്രക്കൂമ്പാരം
പിന്നെ വിറകടുപ്പിനടുത്ത് ചൂടാക്കാൻ കൂട്ടിവച്ച
ചകിരികൾ എച്ചിലു കാത്ത് അടുക്കളപ്പുറത്തു
കാത്തു കിടക്കുന്ന തള്ളപ്പട്ടിയുടെ
അക്ഷമയോടെയുള്ള മോങ്ങൽ
തൊടിയിലയവെട്ടി കിടന്ന പൂവാലിയുടെ
നീണ്ട കണ്ണുകൾ വെയിലു വന്നു മാറ്റിക്കെട്ടുകെന്നു
പറയാതെ പറഞ്ഞ് അവളെ തിരയുന്നു
അവർ പകുതി വായിച്ച പത്രത്താളിലെ
ചരമക്കോളത്തിൽ തുറിച്ച കണ്ണുമായി
ഇരുന്ന പല്ലി അവളെത്തിരക്കി
പലതവണ ചിലച്ചു നോക്കി
കയ്യാലപ്പുറത്തുണ്ടോലക്കെട്ടു
പകുതി ചാരിയാമതിലിൽ മേൽ
അവളുറങ്ങുന്നയറയിൽ
നിലച്ചുപോയ ഘടികാരമുണ്ടു ചുവരിൽ
അപ്പുറത്തെ കലണ്ടറിൽ കുറിപ്പുകൾ
അക്കങ്ങളെ മറക്കും വിധം പാലു വിറ്റ
കണക്കുണ്ടു പിറന്നാളു വഴിപാടുകളും
ചിക്കുചില്ലറയങ്ങാടിക്കണക്കുകളും
മൂക്കിലടിക്കുന്നസഹ്യ ഗന്ധമവൾ
വിണ്ട കാലിൽ പുരട്ടുന്ന നാറ്റമുള്ള
പഴ നെയ്യ് തുറന്നു വച്ചിട്ടുണ്ടാ
ജനാലപ്പടിമേലതിന്റെയാണ്
ബാക്കിയാവുന്ന ശൂന്യതക്കപ്പുറം
പറയുന്നു ലോകർ അവൾക്കു ജോലിയില്ല
അവളൊരു ഹൗസ് വൈഫാ

# പട്ടിയുടെ വില പോലുമില്ലാത്ത മനുഷ്യർ!

മാത്യു ജോയിസ്

ആറു പതിറ്റാണ്ടുകൾക്കു മുമ്പ് കാനം സിഎംഎസ് എൽപി സ്കൂൾ എന്ന പ്രശസ്തമായ വിദ്യാലയത്തിൽ നടന്ന ഒരു സംഭവം. ഉച്ചകഴിഞ്ഞുള്ള രണ്ടാം പീരിയഡ് നടക്കുന്നു. സ്കൂളിന്റെ പുറകുവശം ഒരാൾ താഴ്ചയിലുള്ള കളിസ്ഥലമാണ്. അതിലെ ഓടിവരുന്ന ഒരു ആൾക്കൂട്ടത്തിന്റെ ബഹളം കേൾക്കുന്നു. നാലാം ക്ലാസിന്റെ വാതിൽപ്പടിയിൽ ഒരു വലിയ പട്ടി അണച്ച് നാക്കുംനീട്ടി കിതച്ച് ഓടിക്കയറി വന്നിരിക്കുന്നു.

'ഠോ' ഒരു വെടി പൊട്ടിയ ശബ്ദം. പട്ടി ചത്തു മലച്ചു ക്ലാസ്മുറിയുടെ നടുവിലേക്ക് വീഴുന്നു. പകച്ചിരുന്ന കുട്ടികൾ പലരും കാറിവിളിച്ചു. ഇതെല്ലാം ഒരു മിനിറ്റിനുള്ളിൽ നടന്ന മഹാസംഭവമാണ്. ആ ക്ലാസ്സിൽ അന്ന് ഇരുന്ന എന്റെ നടുക്കം ഇന്നും വിട്ടുമാറിയിട്ടില്ല. ഒരു പേപ്പട്ടിയെ ആയിരുന്നു നാട്ടുകാർ ഓടിച്ചു കൊണ്ടുവന്നതും കൂട്ടത്തിലുണ്ടായിരുന്ന ഷാർപ് ഷൂട്ടർ കൃത്യമായി അതിനെ വെടിവെച്ചു കൊന്നതും. അതാണ് നാട്ടുകാരുടെ ഐക്യം. നാടിന്റെ പരിരക്ഷയ്ക്കു മറ്റൊന്നും ചിന്തിക്കാതെ നാശം വിതയ്ക്കുന്ന പേപ്പട്ടിയെ ഉടനടി വെടിവെച്ചതും കർത്തവ്യബോധത്തിന്റെ ഉത്തമ ഉദാഹരണവും. മനുഷ്യജീവനാണ് ഏറ്റവും പ്രാധാന്യമുള്ളതെന്നും തെളിയിച്ച സംഭവമായിരുന്നുവെന്നും ഓർക്കണം.

അന്ന് ഭാഗ്യവശാൽ മനേക ഗാന്ധിമാരും ഹരിദാസുമാരും മറ്റു മൃഗസ്നേഹികളും ജനിച്ചുപോലും കാണില്ലായിരിക്കാം. ഉണ്ടായിരുന്നെങ്കിൽ, പട്ടിയെ ഓടിച്ച നാട്ടുകാരും വെടിവെച്ച വാവാച്ചനും ഇന്നും ഗോതമ്പുണ്ട തിന്നു കിടന്നേനെ. പക്ഷേ, ആർക്കും ഒരു പരുക്കും പറ്റാതെ കുട്ടികളെ രക്ഷിച്ച നാട്ടുകാരുടെ അന്നത്തെ ആത്മാർത്ഥമായ അർപ്പണബോധത്തിനു മുമ്പിൽ ഇന്ന് എന്റെ നമോവാകം!

മനുഷ്യൻ മൃഗങ്ങളെ സ്നേഹിക്കുന്നതിൽ യാതൊരു തെറ്റുമില്ല. പക്ഷേ, മനുഷ്യന് ആപൽക്കരവും അവന്റെ ജീവന് വെല്ലുവിളിയും ഉയർത്തുന്ന മനുഷ്യനായാലും മൃഗമായാലും തളയ്ക്കണം. അതിലും ശല്യമെന്നു തോന്നിയാൽ വെറുതേ തീറ്റിപ്പോറ്റി പരിപാലിച്ചു കോടികൾ തുലയ്ക്കാതെ കൊന്നുകളയണം. അത് പേപ്പട്ടി ആയാലും പാമ്പായാലും ഒറ്റയാൻ ആയാലും. ഉടനടി തീരുമാനം കൈക്കൊള്ളണം. ഞാൻ സ്വയ രക്ഷയ്ക്ക് ആണെങ്കിൽ പോലും ഒരാളെ ഓടിച്ചിട്ട് കുത്തിക്കൊന്നാൽ, എന്നെ വധശിക്ഷയ്ക്ക് വിധിക്കാൻ നിങ്ങൾ എല്ലാവരും മുറവിളി കൂട്ടും. അത് ന്യായം. പക്ഷേ, ആക്രമിച്ചത് പട്ടിയോ പാമ്പോ പുലിയോ ആനയോ ആണെങ്കിൽ അവയെ പിടിച്ചു ലക്ഷങ്ങൾ മുടക്കി പരിരക്ഷിച്ചു വീണ്ടും കാട്ടിലെത്തിക്കും. ഇതിന്റെ ന്യായമാണ് ഒട്ടും മനസ്സിലാകാത്തത്. അപ്പോൾ മനുഷ്യന് തീരെ വിലയില്ലാതായോ ഈ യുഗത്തിൽ!

അതിനു പകരം ഇന്ന് കേരളത്തിൽ എന്താണ് നാം കാണുന്നത്? വഴിയിലിറങ്ങിയാൽ പട്ടികൾ ഓടിച്ചിട്ട് കടിക്കും. വന്യജീവികൾ കാടിറങ്ങി വന്ന് മനുഷ്യനെ ആക്രമിക്കുന്നു, വീടും കൃഷികളും നിഷ്ക്കരുണം നശിപ്പിക്കുന്നു. ഇതെല്ലാം നിത്യസംഭവങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു.

രണ്ടു ദിവസം മുമ്പ് മലയാളം വാർത്താ ചാനലുകളിൽ നിറഞ്ഞുനിന്ന ഒരു ദാരുണ സംഭവം തികച്ചും ദയനീയമായിരുന്നു. മാനന്തവാടിയിൽ വഴിയെ പോകുന്ന ഒരു 47-കാരനായ അജീഷ് എന്ന ഗൃഹനാഥനെ ഒരു കാട്ടാന ഓടിച്ചുകൊണ്ട് വരുന്നു. ജീവന്മരണ



ലേഖകൻ

പോരാട്ടത്തിൽ അയാൾ ഒരു വീടിന്റെ മതിൽ ചാടി വീഴുന്നു. പക്ഷേ, ആ കാട്ടാന പത്ത് സ്റ്റെപ്പുകൾ ചാടിക്കയറി വന്ന് ഗേറ്റ് തകർത്ത് ആ മനുഷ്യനെ ചവിട്ടിക്കൊന്നു! രണ്ടു ദിവസമായിട്ടും മൃഗസ്നേഹത്തിന്റെ അതിപ്രസരമോ നിയമത്തിന്റെ പിടിപ്പുകേടോ എന്നറിയില്ല കാട്ടാന വിഹരിച്ചു നടക്കുന്നു. ആ പ്രദേശമാകെ ഭീതിയിൽ വിറങ്ങലിച്ച് നിൽക്കുന്നു.

കൂട്ടത്തിൽ മാധ്യമങ്ങളിൽ വന്ന വാർത്തയോ, 'വയനാട് ചാലിഗദ്ദയിൽ 47-കാരനെ ആക്രമിച്ചു കൊലപ്പെടുത്തിയ കാട്ടാനയുടെ സാന്നിദ്ധ്യം നേരത്തെ തന്നെ സ്ഥിരീകരിച്ചിരുന്നു. റേഡിയോകോളറിൽ നിന്ന് കൃത്യമായി സിഗ്നൽ വനംവകുപ്പിനും ലഭിച്ചിരുന്നെങ്കിൽ ആന ജനവാസ മേഖലയിൽ ഇറങ്ങുന്ന സമയത്ത് ജനങ്ങളെ അറിയിക്കാമായിരുന്നു' എന്നൊക്കെയുള്ള പ്രസ്താവനകൾ ഇപ്പോൾ ഇറക്കിയിട്ട് മന്ത്രിയും ലക്ഷങ്ങൾ വാങ്ങുന്ന വനംവകുപ്പ് ഉദ്യോഗസ്ഥരും രക്ഷപ്പെട്ടു നിൽക്കുന്നു. ഇങ്ങനെ ഒരു വകുപ്പ് ഇല്ലാ എന്ന് ചിന്തിക്കുന്നതാകും ശരി. ജനങ്ങളുടെ ജീവനു പരിരക്ഷ നല്കാതെ അവർ ഒരുപക്ഷേ കള്ളത്തടി വെട്ട് മാഫിയായുടെയോ ചന്ദനക്കടത്തുകാർക്കോ സേവനം ചെയ്യുന്നുണ്ടാകാം.

അല്ലെങ്കിൽ പിന്നെ എട്ടുവർഷത്തിനുള്ളിൽ വന്യജീവികളാൽ 904 മനുഷ്യജീവനുകൾ അപഹരിക്കപ്പെടുകയും 7406-ലധികം പേർ മാരകമായ പരുക്കുകളേറ്റ് കിടക്കുന്നുവെന്നുമുള്ള കണക്കുകൾ ഭീതി പരത്തുന്നവയാണ്. വനമേഖലയ്ക്ക് അടുത്തു താമസിക്കുന്നവരും മനുഷ്യരാണ്. അവർക്കും പരിരക്ഷ നല്കാൻ സാധിക്കുന്നില്ലെങ്കിൽ നമ്മുടെ മാനുഷികത എവിടെപ്പോയി? അതോ പേപ്പട്ടിയെ വന്ധീകരിക്കാനായി കോടികൾ പൊടിക്കുന്നതും മനുഷ്യനെ കുത്തിക്കൊന്ന ആനയെ പരിരക്ഷിക്കാൻ മയക്കുവിദഗ്ദ്ധരും കുങ്കി ആനകളും ഇന്റർസ്റ്റേറ്റ് കമ്മിറ്റികളും സൈനികരും പോലീസും ഉൾപ്പെടെ ഇസഡ് കാറ്റഗറി പരിരക്ഷയും നല്കി ആനയെ വീണ്ടും കാട്ടിലേക്ക് അയയ്ക്കാൻ എത്ര കോടികൾ കൂടി മുടിപ്പിച്ചു കൈയിട്ടു വാരിയാലും ഒരു മനുഷ്യജീവന്റെ വിലയ്ക്ക് മറുപടി ആകില്ല എന്ന് വകുപ്പു മന്ത്രിയെങ്കിലും അറിഞ്ഞിരുന്നാൽ നന്ന്. അല്ലാതെ 'എന്നോട് ചോദിച്ചിട്ടാണോ കാട്ടാന കാടിറങ്ങി വരുന്നത്' എന്ന പ്രസ്താവന ഇറക്കുന്ന ധാർമ്മികത പൊറുക്കാനാവില്ല.

വീരപ്പൻ എത്രയോ ഭേദമായിരുന്നു. കാടുകൾ ചുരുങ്ങുകയും വന്യജീവികൾ പെരുകുകയും ചെയ്യുന്ന പ്രക്രിയ ഇനിയും ശക്തമാകും. വന്യജീവികൾ ദിനംപ്രതി നാട്ടിലിറങ്ങി ജനങ്ങളെ ആക്രമിക്കും. അതിനുശേഷം നമ്മുടെ സർക്കാർ ആഘോഷമായി അവയെ വണ്ടികളിൽ കയറ്റി സുഖമായി വീണ്ടും കാട്ടിലെത്തിക്കും. ഒത്താൽ അവയൊക്കെ വീണ്ടും ടൂറിസ്റ്റുകളായി സുഖചികിത്സയ്ക്ക് വീണ്ടും മാനന്തവാടിയിലും വയനാട്ടിലും മുത്തങ്ങയിലും ഹൈവേകളിലും സൈ്വരവിഹാരം നടത്തും. തമാശിനു കുറെ കൃഷി നശിപ്പിക്കും, കുറെ വീടുകൾ തകർക്കും. കിട്ടിയാൽ മനുഷ്യരെ ഓടിച്ചു കുത്തിമലർത്തുകയും ചെയ്യും.

'ആന ചത്താൽ ജുഡീഷ്യൽ എൻക്വയറി, മനുഷ്യൻ ചത്താൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അങ്ങോട്ട് വരിക പോലുമില്ല.' വന്യജീവികളിൽ നിന്നും മനുഷ്യന്റെ കൃഷിയും വീടും മനുഷ്യജീവനുകളും സംരക്ഷിക്കാൻ കഴിയാത്ത ഭരണാധികാരികൾ ജനങ്ങളെ വഞ്ചിക്കുകയാണ്. ഇത് ജനം മനസ്സിലാക്കും, മാറ്റങ്ങൾ അവർ കൊണ്ടുവരും.

ഇക്കൂട്ടത്തിൽ ഒരുകാര്യം ചോദിക്കട്ടെ. എന്തിനായിരുന്നു കോടികൾ മുടക്കി റേഡിയോ കോളറുകൾ വന്യമൃഗങ്ങൾക്ക് ഫിറ്റ് ചെയ്തത്. അത് നിരീക്ഷിക്കാനും നാട്ടിലേക്ക് കടന്നുകയറാൻ ശ്രമിക്കുമ്പോൾ നാട്ടുകാർക്ക് മുന്നറിയിപ്പു നല്കാനുമല്ലേ?

(ശേഷം 30-ാം പേജിൽ)

കഥ

# ദുരഭിമാനം

മാത്യു ചെറുശ്ശേരി

കീരിയും പാമ്പും തമ്മിലുള്ള ശത്രുതയാണ് ലോകത്തിലെ ഏറ്റവും വലിയ ശത്രുതയെന്നു പറയപ്പെടുന്നു. അവ തമ്മിൽ കണ്ടുമുട്ടിയാൽ രണ്ടിലൊന്നല്ല. ചിലപ്പോൾ രണ്ടും ചത്തെന്നിരിക്കും. അത്ര വലിയ യുദ്ധമാണ് ഉണ്ടാകുക.

ഒരിക്കൽ ഒരു കുന്നിൽചെരുവിൽ ഒരു കീരി കുടുംബസമേതം വാണിരുന്നു. അവർ അതിശക്തരായിരുന്നു, കേമരായിരുന്നു. കീരികൾ മാത്രമല്ല, മറ്റു ജീവികൾ പോലും അവരെ മാനിച്ചിരുന്നു. ആരോഗ്യവും സൗന്ദര്യവും മാത്രമല്ല മറ്റു പല കഴിവുകളും അവയ്ക്കുണ്ടായിരുന്നു. അവരറിയാതെ ഒരു കാര്യവും ആ കുന്നിൻചെരുവിൽ നടന്നിരുന്നില്ല.

എല്ലാ കാര്യത്തിലും അവർ തലയിടുകയും ഇടപെടുകയും ചെയ്തു പോന്നു. നല്ല ഇടപെടലുകൾക്ക് വേണ്ട അംഗീകാരവും പ്രോത്സാഹനവും അവർക്കു ലഭിച്ചിരുന്നു. മെല്ലെമെല്ലെ തങ്ങളുടെ ഇടപെടൽ ഇല്ലെങ്കിൽ കാര്യങ്ങൾ നടക്കില്ല എന്ന വിചാരവും അതോടൊപ്പം തങ്ങൾക്കിപ്പം കിട്ടിക്കൊണ്ടിരിക്കുന്ന ആദരവ് നഷ്ടപ്പെടുമോ എന്നുള്ള ഭയവും അവരിൽ കടന്നുകൂടി.

അങ്ങനെ ഇരിക്കുമ്പോഴാണ് ആ കുന്നിൻചെരുവിൽ ഒരു വലിയ പാമ്പ് പ്രത്യക്ഷപ്പെട്ടത്. പാമ്പിന്റെ വലിപ്പവും ശക്തിയും ചീറ്റുന്ന ശബ്ദവും കേട്ടിട്ട് മറ്റ് കീരികൾ പോലും പൊത്തിലൊളിച്ചു. പാമ്പ് ഒരിക്കലും കീരിയെ ഉപദ്രവിക്കാൻ ശ്രമിച്ചിട്ടില്ല. കീരികളോട് കളിച്ചാൽ താൻ വിജയിക്കില്ല എന്ന തോന്നൽമൂലം അവ മറ്റു ചെറിയ ജീവികളെ ആഹാരമാക്കി ജീവിച്ചു പോന്നു.

തങ്ങൾ വസിക്കുന്നിടത്ത് ഒരു പാമ്പ് യഥേഷ്ടം കഴിഞ്ഞുകൂടുന്നത് നമ്മുടെ കീരിക്കും കുടുംബത്തിനും ഒട്ടുംതന്നെ സഹിക്കാവുന്നതായിരുന്നില്ല. എങ്ങനെയെങ്കിലും അവൻ തങ്ങളെ തോല്പിച്ചാലോ അതോടെ തങ്ങളുടെ പദവികൾ നഷ്ടപ്പെട്ടാലോ... അവർ പലപ്പോഴും പാമ്പിനോട് മല്ലിടാൻ ഒരുമ്പെട്ടു. അപ്പോഴെല്ലാം പാമ്പ് മനപ്പൂർവം ഒഴിഞ്ഞുമാറി. അവസാനം ഒരു ദിവസം ഒഴിഞ്ഞുമാറാൻ പറ്റാത്തവിധം അവർ നേർക്കുനേർ കണ്ടുമുട്ടി. പെൺകീരി പിരിമുറുക്കി, ആൺകീരി എടുത്തുചാടി. പാമ്പിനെ ഒതുക്കാൻ സാധാരണ ചെയ്യുന്ന അടവുകൾ പലതും അവർ പ്രയോഗിച്ചുനോക്കി. പക്ഷേ, പാമ്പ് തങ്ങൾ ഉദ്ദേശിക്കുന്നതിലും ശക്തനാണെന്ന് അവർക്കു മനസ്സിലായി. മണിക്കൂറുകളുടെ തീപാറുന്ന പോരാട്ടം. മല്പ്പിടുത്തത്തിൽ പാമ്പിനെ കീഴ്പ്പെടുത്താനാകാതെ ആൺകീരി തളർന്നു. തന്റെ ഇണ തളർന്നാൽ അവനെയും പിന്നെ തന്റെ കുടുംബത്തെയും പാമ്പ് വിഴുങ്ങിയേക്കാം എന്ന് പെട്ടെന്ന് പെൺകീരി ആശങ്കപ്പെട്ടു. എങ്കിലും ഈ യുദ്ധത്തിൽ നിന്നും പിന്മാറിയാൽ പിന്നെ ഈ കുന്നിൻചെരുവിൽ തനിക്കോ തന്റെ കുടുംബത്തിനോ ജീവിച്ചിരിക്കാൻ കഴിയില്ല. ഇത്രയും നാൾ തങ്ങളുണ്ടാക്കിയ എല്ലാ പ്രതാപവും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടതായി വരും.

ഇനി എന്തു ചെയ്യും? അവൾ തല പുകഞ്ഞ് ആലോചിച്ചു. അവസാനം അവളുടെ ബുദ്ധിയിൽ സ്വന്തം വർഗ്ഗത്തിൽപ്പെട്ട ചെങ്കീരിയെപ്പറ്റിയുള്ള ചിന്ത ഉദിച്ചു. എത്ര ഉഗ്രസർപ്പത്തെയും തകർക്കാൻ കഴിവുള്ള അവൻ സ്വാർത്ഥ താല്പര്യക്കാരനും അതുപോലെ പരമ കുരുട്ടുബുദ്ധിക്കാരനുമാണ്. വലിയ വില കൊടുത്തു വേണം അവനെ കൊണ്ടുവരാൻ. എങ്കിലും അവൾ ഓടി... ദൂരെ കുന്നിന്റെ മറുവശത്ത് ഒറ്റയ്ക്കു താമസിക്കുന്ന ചെങ്കീരിയുടെ അടുക്കലേക്ക്. തന്റെയും തന്റെ പ്രിയപ്പെട്ട ഇണയുടെയും വിജയവും മാനവും മാത്രമായിരുന്നു മനസ്സിൽ. ഒരു തരത്തിൽ ചെങ്കീരിയുടെ കൂടിനു മുന്നിലെത്തി അവൾ വിവരം പറഞ്ഞു. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ ചെങ്കീരി കൂടെ വരാമെന്നേറ്റു. അവന്റെ എല്ലാ വ്യവസ്ഥകളും പെൺകീരി അംഗീകരിച്ചു. അവനെപ്പറ്റിയും അവന്റെ



ലേഖകൻ

എല്ലാ വൃത്തികെട്ട സ്വഭാവങ്ങളെപ്പറ്റിയും അവൾക്ക് നേരത്തെ അറിയാമായിരുന്നു. അതിനൊക്കെ അവൾ വഴങ്ങിയത് തന്റെ ആണിനെ രക്ഷിക്കുക എന്നതിനെക്കാൾ തന്റെയും തന്റെ കുടുംബത്തിന്റെയും മാനം. അത് വലുതായി അവൾ കരുതി. അത് സംരക്ഷിക്കണം. അതിന് അവൾ തന്നെക്കാൾ വലുപ്പത്തിൽ ചെറുതായ ചെങ്കീരിയെ തന്റെ പുറത്തുകയറ്റി കഷ്ടപ്പെട്ട് ഓടി.

സംഭവസ്ഥലത്ത് എത്തുമ്പോഴേക്കും തന്റെ ആൺകീരി പാമ്പുമായുള്ള മല്പ്പിടുത്തത്തിൽ തീരെ അവശനായിക്കഴിഞ്ഞിരുന്നു. പാമ്പ് അവനെ കൊന്നിട്ടില്ല. ഭാഗ്യം, അവൾ ആശ്വസിച്ചു.

ചെങ്കീരിയെ കണ്ട പാമ്പ് വിളിച്ചു പറഞ്ഞു. ഇതു ചതിയാ. നീ എന്നെ തോല്പിക്കാൻ ചീഞ്ഞ അടവ് എടുക്കുകയാണ്. അവസരം ഉണ്ടായിട്ടുപോലും നിന്റെ ആണിനെ ഇതുവരെ ഞാൻ കൊന്നിട്ടില്ല. വർഷങ്ങളായി നിങ്ങൾ ഇവിടെ വാഴുകയല്ലേ? ഞാൻ ഏതെങ്കിലും തരത്തിലുള്ള ഉപദ്രവം നിന്നോട് ചെയ്തിട്ടുണ്ടോ? നിന്നെയോ നിന്റെ ആണിനെയോ കൊല്ലാൻ എനിക്ക് പ്ലാനില്ലായിരുന്നു. ചെറിയചെറിയ ജീവികളെ തിന്ന് ഞാനും ഇവിടെ ജീവിച്ചേനെ. പക്ഷേ, നിന്റെ ദുരഭിമാനം. ഞാൻ നിനക്ക് ഭാവിയിൽ ഉപദ്രവകാരി ആയിത്തീരും എന്ന് ആരോ പറഞ്ഞു കേട്ടപ്പോൾ നീ നിന്റെ ആണിനെ നിർബന്ധിച്ചു കളത്തിലിറക്കിയതല്ലേ. അവൻ തോൽക്കും എന്ന് ഉറപ്പായപ്പോൾ അഭിമാനം രക്ഷിക്കാൻ നീ എനിക്കെതിരായി പുറത്തുനിന്ന് ആളെ ഇറക്കിയിരിക്കുന്നു. അതിനു നീ കൊടുത്ത വില അതും വലുതാണ്. എനിക്കും ഈ സ്ഥലത്തു ജീവിക്കാൻ അവകാശമില്ലേ? ദയവായി എന്നെ വിട്ടയയ്ക്കുകയും മൃതപ്രായനായ നിന്റെ ഈ ആണിനെ രക്ഷിക്കുകയും ചെയ്യുക.

അതെ. ഞാൻ ആളിനെ ഇറക്കി. അത് നിന്നെ തോല്പിക്കുവാൻ വേണ്ടി മാത്രമാണ്. ഞങ്ങൾക്ക് തിന്നാൻ വേറെയും പല ജീവികളെയും കിട്ടും. എന്നാലും, ഞങ്ങളുടെ വാസസ്ഥലത്തിനടുത്ത് ഞങ്ങളെ വെല്ലുന്ന ഒരാൾ ജീവിച്ചിരിക്കാൻ എങ്ങനെയാ അനുവദിക്കാൻ കഴിയുക. അതിന് ഞാൻ നല്ല വില കൊടുക്കുകയും നന്നായി കഷ്ടപ്പെടുകയും ചെയ്തു.

പാമ്പിന്റെ യാചന അവൾ ചെവിക്കൊണ്ടില്ല. അവളുടെ നിർദ്ദേശപ്രകാരം നിമിഷനേരംകൊണ്ട് ചെങ്കീരി ചാടി ഉഗ്രനായ ആ പാമ്പിന്റെ തലയറുത്തു. എന്നാൽ ഉടലിൽനിന്നും തെറിച്ച ഉഗ്രവിഷമുള്ള

(ശേഷം 30-ാം പേജിൽ)

# ഫോമയുടെ ജോ. ട്രഷറർ സ്ഥാനത്തേക്ക് അനുപമ കൃഷ്ണൻ മത്സരിക്കുന്നു

ഒഹായോ: 2024-2026 വർഷത്തേക്കുള്ള ഫോമായുടെ ജോയിന്റ് ട്രഷറർ സ്ഥാനത്തേക്ക് കേരള അസോസിയേഷൻ ഓഫ് ഒഹായോയുടെ (കെഎഒ) മുൻ പ്രസിഡണ്ട് അനുപമ കൃഷ്ണൻ മത്സരിക്കുന്നു. അനു ഇപ്പോൾ ഗ്രേറ്റ് ലേക്സ് വിമൻസ് ഫോറത്തിന്റെ ചെയർപേഴ്സണും ഫോമയുടെ സജീവ പ്രവർത്തകയുമാണ്.

കെഎഒ അസോസിയേഷന്റെ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന അനു 2022-ൽ വൈസ് പ്രസിഡണ്ടായും 2023-ൽ പ്രസിഡണ്ട് എന്ന നിലയിലും സംഘടനയെ മുൻനിരയിൽ നിന്ന് നയിക്കാനും അതിലെ



അംഗങ്ങൾക്കിടയിൽ സൗഹൃദവും കൂട്ടായ്മയും വളർത്താനും കഴിഞ്ഞ പ്രസിഡണ്ടാണ്.

ഇപ്പോൾ ഗ്രേറ്റ് ലേക്സ് വിമൻസ് ഫോറത്തിന്റെ ചെയർപേഴ്സൺ എന്ന നിലയിൽ, ഇന്ത്യയിലെ എസ്ഒഎസ് വില്ലേജുകൾക്കായി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള ജീവകാരുണ്യ ശ്രമങ്ങൾ ഉൾപ്പെടെയുള്ള മേഖലയുടെ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നു.

കമ്യൂണിറ്റിയിലെ ഒരു സജീവ അംഗമാകാനും നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള അവസരമായും ആണ് ഈ ജോയിന്റ് ട്രഷറർ പദവിയെ അനു നോക്കിക്കാണുന്നത്.

കെ.എഒ എക്സിക്യൂട്ടീവ് ടീമിന്റെയും ഗ്രേറ്റ് ലേക്സ് റീജിയണിന്റെയും എല്ലാ പിന്തുണയും കുടുംബത്തോടൊപ്പം അനുവിനുണ്ട്.

ലൈറ്റിംഗ് വ്യവസായത്തിലെ ഒരു സപ്ലൈ ചെയിൻ കമ്പനിയുടെ ഡയറക്ടറായി അനു പ്രവർത്തിക്കുന്നു. അവരുടെ ഭർത്താവ് സാബു കൃഷ്ണൻ സ്വന്തം ലൈറ്റിംഗ് കമ്പനിയുടെ പ്രസിഡണ്ടും സിഇഒയുമാണ്. അവർ ഇപ്പോൾ ഒഹായോയിലെ അറോറയിലാണ് താമസിക്കുന്നത്.

# അൽഹാൺഡ്രോ മയോർക്കാസ് ഇംപീച്ച് ചെയ്യപ്പെട്ടു

വാഷിങ്ടൺ ഡിസി: അമേരിക്കയുടെ ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറി അൽഹാൺഡ്രോ മയോർക്കാസിനെതിരെയുള്ള ഇംപീച്ച്മെന്റ് പ്രമേയം യുഎസ് ഹൗസ് ഓഫ് റെപ്രസന്റ്റ്റീവ്സ് അംഗീകരിച്ചു.

പോയവാരം പരാജയപ്പെട്ട ഇംപീച്ച്മെന്റ് പ്രമേയം ഫെബ്രുവരി 13-ന് വീണ്ടും പരിഗണിച്ചപ്പോൾ 213-നെതിരെ 214 അംഗങ്ങളുടെ പിന്തുണയോടു കൂടി പാസ്സാക്കപ്പെട്ടു. അമേരിക്കയുടെ ചരിത്രത്തിൽ കഴിഞ്ഞ 150 വർഷങ്ങൾക്കുള്ളിൽ ഇംപീച്ച് ചെയ്യപ്പെടുന്ന ആദ്യ കാബിനറ്റ് സെക്രട്ടറിയാണ് അൽഹാൺഡ്രോ മയോർക്കാസ്.

മെക്സിക്കോ വഴി ലാറ്റിനമേരിക്കൻ ദേശങ്ങളിൽ നിന്ന് അമേരിക്കയിലെത്തുന്ന അനധികൃത കുടിയേറ്റക്കാരെ തടയുന്നതിൽ പ്രകടമായ വീഴ്ച ഉണ്ടാക്കിയെന്നും അനധികൃത കുടിയേറ്റത്തിന്റെ യാഥാർത്ഥ്യങ്ങൾ യുഎസ് കോൺഗ്രസ് അംഗങ്ങളിൽ നിന്നും മറച്ചുവെച്ചു എന്നുമാണ് അദ്ദേഹത്തിനെതിരെയുള്ള ആരോപണങ്ങൾ. ഇംപീച്ച്മെന്റ് പ്രമേയത്തെ ഡെമോക്രാറ്റുകൾ ഒറ്റക്കെട്ടായി എതിർത്തപ്പോൾ റിപ്പബ്ലിക്കൻ പാർട്ടിയിൽപ്പെട്ട മൂന്ന് അംഗങ്ങളും അവർക്കൊപ്പം വോട്ട് ചെയ്തു.

അതീവ ഗുരുതരമായ കുറ്റങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ സ്വീകരിക്കുന്ന ഇംപീച്ച്മെന്റ് നടപടി അനേകായിരം മൈൽ നീളത്തിൽ ഏതാനും സംസ്ഥാനങ്ങളിൽ മെക്സിക്കോയുമായി തുറന്ന അതിർത്തി നിലനില്ക്കുന്ന അമേരിക്കയുടെ സാഹചര്യത്തിൽ അനധികൃത കുടിയേറ്റം ഫലപ്രദമായി തടയുവാൻ മാർഗ്ഗങ്ങൾ വിരളമാണെന്നാണ് ഡെമോക്രാറ്റുകളുടെ പക്ഷം. സൗമ്യനായ ഹോം ലാൻഡ് സെക്രട്ടറിക്കെതിരെ സ്വീകരിച്ച നടപടിയെ പ്രസിഡണ്ട് ജോ ബൈഡൻ കടുത്ത ഭാഷയിൽ അപലപിച്ചു.

ബോർഡർ സുരക്ഷ ഉറപ്പാക്കാനുള്ള ശക്തമായ നടപടികൾ ഉൾക്കൊള്ളുന്ന പുതിയ നിയമനടപടികൾ യുഎസ് സെനറ്റിലെ ഇരുപാർട്ടികളും സംയുക്തമായി പിന്തുണയ്ക്കുമ്പോഴും പ്രസ്തുത ബിൽ ചർച്ച ചെയ്യുവാൻ പോലും റിപ്പബ്ലിക്കൻ പാർട്ടിയുടെ നിയന്ത്രണത്തിലുള്ള പ്രതിനിധി സഭ കൂട്ടാക്കിയില്ല.


ഹോം ലാൻഡ് സെക്രട്ടറിയെ തൽസ്ഥാനത്തു നിന്ന് നീക്കുവാൻ യുഎസ് സെനറ്റിൽ ഇംപീച്ച്മെന്റ് പ്രമേയം ചർച്ച ചെയ്ത് മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടു കൂടി അംഗീകരിക്കപ്പെടണം.

ഡെമോക്രാറ്റുകളുടെ നിയന്ത്രണത്തിലാണ് സെനറ്റ് എന്നതിനാലും റിപ്പബ്ലിക്കൻ പാർട്ടി സെനറ്റർമാരിലധികവും മാന്യവ്യക്തിത്വത്തിന് ഉടമയായ അൽഹാൺഡ്രോ മയോർക്കാസിനെതിരെ സ്വീകരിച്ച ഇംപീച്ച്മെന്റ് നടപടിയെ അംഗീകരിക്കുവാൻ വിസമ്മതിക്കുന്നതിനാലും അദ്ദേഹത്തിന് സ്ഥാനഭ്രംശം സംഭവിക്കുവാൻ സാദ്ധ്യത വിരളമാണ്.

# റോയി സി. തോമസിന്റെ ഫാമിലി ആൻഡ് സ്പിരിച്വാലിറ്റി പ്രകാശനം ചെയ്തു

**കെ.ജെ. ജോൺ**

മാരാമൺ: മാരാമൺ കൺവൻഷനോടനുബന്ധിച്ച് റിട്രീറ്റ് സെന്ററിൽ നടന്ന ചടങ്ങിൽ അമേരിക്കൻ മലയാളിയായ റോയി സി. തോമസിന്റെ പ്രഥമ പുസ്തകം 'ഫാമിലി ആൻഡ് സ്പിരിച്ചാലിറ്റി' റൈറ്റ് റവ.ഡോ. തിയഡോ




ഷ്യസ് മാർത്തോമ്മ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ ബിഷപ് റൈറ്റ് റവ. സഖറിയാസ് മാർ അപ്രേമിന് ആദ്യ കോപ്പി നല്കി പ്രകാശനം ചെയ്തു.

കുടുംബങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് ഉതകുന്ന ആഴമേറിയ ധ്യാനചിന്തകളടങ്ങിയ ഈ പുസ്തകം, തലമുറയിൽ നിന്ന് തലമുറയിലേക്ക് കൈമാറാൻ കഴിയുന്ന അപൂർവ്വ നിധിയായി തീരട്ടെയെന്നും റോയി സി. തോമസിന്റെ ഈ പരിശ്രമം ധാരാളംപേർക്ക് പ്രചോദനമാകട്ടെയെന്നും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിന് ഇത് കാരണമാകട്ടെയെന്നും വലിയ മെത്രാപ്പോലീത്ത പറഞ്ഞു. വായിച്ചു വലിച്ചെറിയുന്ന പ്രസിദ്ധീകരണ പ്രളയത്തിൽ സൂക്ഷിച്ചുവെക്കാനുതകുന്ന നല്ല പാഠങ്ങളടങ്ങിയതാണ് ഈ പുസ്തകമെന്ന് പുസ്തകത്തിന് ആമുഖക്കുറിപ്പെഴുതിയ വേൾഡ് പീസ് മിഷൻ ചെയർമാനും സംഗീതജ്ഞനുമായ ഡോ. സണ്ണി സ്റ്റീഫൻ ആശംസകൾ നേർന്നു. തദവസരത്തിൽ റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ്, റൈറ്റ് റവ.ഡോ. ജോസഫ് മാർ ബർണബാസ്, റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ്, റൈറ്റ് റവ. മാത്യൂസ് മാർ സെറാഫിൻ കൂടാതെ റവ. ബേബി ജോൺ, റവ. ടി. കെ. മാത്യു, മേഴ്സി റോയി തോമസ്, റവ. മാത്യു വർഗീസ്, റവ. എബി കെ. ജോഷ്വ, വെരി റവ. മാത്യു ജോൺ, റവ. ജോർജ് മാത്യു, റവ. പി.എം. തോമസ്, റവ. ഡാനിയേൽ മാമ്മൻ, അഡ്വ. പ്രകാശ് പി. തോമസ്, അഡ്വ. അൻസിൻ കോമാട്ട്, ജോൺ ഇ. ജോൺ, പി.ജി. ഇമ്മാനുവേൽ, ജോർജ് വർഗീസ്, സുനിൽ ചാണ്ടി, ഇട്ടി സി. ഉതുപ്പ്, കെ.പി. ചെറിയാൻ, ജോൺ ഫിലിപ്പ്, ജോർജ് ബാബു, തോമസ് റോയി (ബഹറിൻ), ജോൺ മാത്യു എന്നിവർ പങ്കെടുത്തു. വേൾഡ് പീസ് പബ്ലിക്കേഷൻസ് ആണ് പ്രസാധകർ.

# അമേരിക്കൻ ജഡ്ജിയുടെ അലസതയും നീതിപീഠത്തോടുള്ള അവഗണനയും

**കോര ചെറിയാൻ**

ഫിലാഡൽഫിയാ: രണ്ടുവയസ്സുള്ള ആൺകുഞ്ഞിന്റെ ദാരുണമായ കൊലപാതക കേസ് വിസ്താരവേളയിൽ ഒക്‌ലഹോമ സിറ്റി വനിത ജഡ്ജ് ട്രാസി സോഡർസ്റ്റോം (50) കോടതി നടപടിക്രമങ്ങൾ അശേഷം ശ്രദ്ധിക്കാതെ ഫോണിൽകൂടി സന്ദേശങ്ങൾ അയയ്ക്കുന്നതായിട്ടുള്ള വീഡിയോ അസ്സോസിയേറ്റ് പ്രസ്സ് മാദ്ധ്യമങ്ങൾക്ക് നൽകി. കോടതി നടപടികൾ ഗൗരവപൂർവ്വം നടക്കുമ്പോൾ നീതിപീഠത്തിൽ ഉപവിഷ്ടയായ സോഡർസ്റ്റോം ഗവൺമെന്റ് പ്രോസിക്യൂട്ടറിനെ പരസ്യമായി പരിഹസിക്കുന്നതായും കൊഞ്ഞനം കാട്ടുന്നതായും വീഡിയോ ക്ലിപ്പിൽ ആവർത്തികൾ ഉള്ളതായും റിപ്പോർട്ടിൽ പറയുന്നു.

മാനസികമായി യാതൊരുവിധ അപാകതയും ഇല്ലാത്ത ജഡ്ജ് സോഡർസ്റ്റോം ജാമ്യത്തിലുള്ള കൊലകുറ്റംവരെ ചുമത്തിയിട്ടുള്ള കുറ്റവാളികൾ അടക്കം 500-ൽ അധികം അപരാധികൾക്ക് ടെസ്റ്റ് മെസ്സേജ് അയച്ചതായും കണ്ടെത്തി. ഒക്‌ലഹോമ സിറ്റി ന്യൂസ്പേപ്പർ ആയ 'ഒക്‌ലഹോമൻ' റിപ്പോർട്ടിൽ സുപ്രധാനമായ ജൂറി സെലക്ഷൻ നടക്കുമ്പോഴും പ്രോസിക്യൂട്ടർ പ്രാരംഭ കോടതി നടപടികൾക്കുള്ള ഓപ്പണിംങ് സ്റ്റേറ്റ്മെന്റ് വായിക്കുമ്പോഴും സോഡർസ്റ്റോം സെൽഫോണിൽകൂടി അശ്ലീല സന്ദേശങ്ങൾപോലും അയച്ചതായി പറയുന്നു.

ഒക്‌ലഹോമ സുപ്രീംകോർട്ട് ചീഫ് ജസ്റ്റീസ് ജോൺ കാനെ 4 സോഡർസ്റ്റോമിന് അയച്ച ഡിസ്മിസിൽ കുറ്റപത്രത്തിൽ ഗേൾഫ്രണ്ടിന്റെ ആൺകുട്ടിയുടെ കൊലയാളിയായ ക്രിസ്റ്റ്യൻ



ലേഖകൻ

റ്റെയിലർ മാർട്ടിസെല്ലിനുവേണ്ടി ഹാജരായ പ്രതിഭാഗം ലോയറിനെ പുകഴ്ത്തിയും വാദിഭാഗം ലോയറിന്റെ ജനനേന്ദ്രിയത്തെപോലും പരിഹസിച്ച് സംസാരിച്ചതായും പറയുന്നു. വാദിഭാഗം വക്കീൽ കോടതിയിൽ ഹാജരാക്കിയ കൊലപാതക കേസ്സിലെ പ്രധാന സാക്ഷിയെ 'നുണയൻ' എന്നും 'കള്ളസാക്ഷിക്കാര'നെന്നും മ്ലേഛമായി സംബോധന ചെയ്ത് തരംതാഴ്ത്തി.

ഒക്‌ലഹോമ സിറ്റിയിൽനിന്നും 72 കിലോമീറ്റർ (45 മൈൽ) ദൂരത്തായുള്ള ചാൻ്റലെറിലെ കോടതിയിൽ സ്വമനസ്സാലെ അപേക്ഷ നൽകി ജഡ്ജ് പദവി സ്വീകരിച്ച സോഡർസ്റ്റോം പല ആരോപണങ്ങളെ തുടർന്ന് ഏതാനും ആഴ്ചകൾക്ക് മുൻപായി രാജി സമർപ്പിച്ചു.

കോളജ് ഡിഗ്രിയ്ക്കുശേഷം 3 വർഷത്തെ ലോ സ്കൂൾ പഠനവും പല വർഷങ്ങളിലെ ലോയർ പ്രാക്റ്റീസും വിവിധ കമ്പ്യൂട്ടർപഠനവും നടത്തി നേടിയ സമൂഹത്തിലെ ഉന്നതതലത്തിലുള്ള നിയമസംരക്ഷിതാവ് പദവിയിൽനിന്നും രാജിവെക്കുന്നതിന് മുൻപായി തന്നെ ഡിസ്മിസ് ചെയ്യപ്പെട്ടു.

ഏക സുപ്രീംകോർട്ടും 25 ഹൈകോർട്ടും 688 ഡിസ്ട്രിക് കോർട്ടും 174 സബോർഡിനേറ്റ് കോർട്ടും അനേകെ സബ്കോർട്ടും ഇപ്പോൾ ഉള്ള ഇന്ത്യയിലെ ജഡ്ജസ്സിനെ സംബന്ധിച്ച പരാതികൾ വളരെ വിരളമാണ്. 142 കോടി ജനസംഖ്യയുള്ള ഇന്ത്യയിൽ 5 വർഷമായിട്ടുള്ള രേഖകൾപ്രകാരം 1631 പരാതികൾ ലഭിച്ചതിൽ മുഖ്യമായും കൈക്കൂലി വാങ്ങലും രാഷ്ട്രീയപാർട്ടി നേതാക്കളുടെ ദുഷിച്ച സ്വാധീനമായ ഇടപെടൽ മൂലവും ഭീഷണിമൂലവും ഉണ്ടായിട്ടുള്ളതാണ്.

# 2024–ലെ കീൻ ഭരണസമിതി അധികാരമേറ്റു

**ഫിലിപ്പോസ് ഫിലിപ്പ്**

ചിക്കാഗോ: കഴിഞ്ഞ 15 വർഷമായി നോർത്ത് അമേരിക്കയിലെ മലയാളി എൻജിനിയേഴ്സിന്റെ ഇടയിൽ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന കേരളാ എൻജിനിയറിങ് ഗ്രാജുവേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (കീൻ) 2024-ലെ ഭരണസമിതി ഫെബ്രുവരി 3-ാം തീയതി ഓറഞ്ച് ബെർഗിലെ സിതാർപാലസിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് അധികാരമേറ്റു.

പ്രസിഡണ്ടായി ചുമതലയേറ്റ സോജിമോൻ ജെയിംസ് കീനിന്റെ മറ്റ് പ്രധാന ചുമതലകൾ പല വർഷങ്ങളായി സ്തുത്യർഹമായി നിർവഹിച്ച ശേഷമാണ് ഇപ്പോൾ പ്രസിഡണ്ടായി സ്ഥാനമേറ്റത്. മറ്റ് ഭാരവാഹികളായി നീന സുധീർ (വൈസ് പ്രസിഡണ്ട്), ജേക്കബ് ജോസഫ് (ജനറൽ സെക്രട്ടറി), ലിന്റോ മാത്യു (ട്രഷറർ), വിനോദ് ദാമോദരൻ (ജോ. സെക്രട്ടറി), പ്രേമ ആന്ദ്രപ്പള്ളിയിൽ (ജോ. ട്രഷറർ), ഷിജിമോൻ മാത്യു (എക്സ് ഒഫിഷ്യോ), പ്രീത നമ്പ്യാർ (ചാരിറ്റി & സ്കോളർഷിപ്), സിന്ധു സുരേഷ് (പ്രഫഷണൽ അഫയേഴ്സ്), മനേഷ് നായർ (സ്റ്റുഡന്റ് ഔട്ട് റീച്ച്), റെജിമോൻ ഏബ്രഹാം (സോഷ്യൽ ആൻഡ് കൾച്ചറൽ അഫയേഴ്സ്), ബിജു ജോൺ (ന്യൂസ് ലെറ്റർ ആൻഡ് പബ്ലിക്കേഷൻ), അജിത് ചെറയിൽ (ജനറൽ അഫയേഴ്സ്), ഫിലിപ്പോസ് ഫിലിപ്പ് (പബ്ലിക് റിലേഷൻസ്) എന്നിവരും റീജണൽ വൈസ് പ്രസിഡണ്ടുമാരായി ജേക്കബ് ഫിലിപ്പ് (അപ്സ്റ്റേറ്റ് ന്യൂയോർക്ക്), ജെയ്സൺ അലക്സ് (ന്യൂജേഴ്സി), ബിജു പുതുശേരി (ന്യൂയോർക്ക് സിറ്റി, ലോങ് ഐലൻഡ്, ക്യൂൻസ്) എന്നിവരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. 2023-ലെ ബോർഡ് ചെയർമാൻ കെ.ജെ. ഗ്രിഗറി സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പുതുതായി ഒഴിവുവന്ന ബോർഡ് ഓഫ് ട്രസ്റ്റിസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഷാജി കുര്യാക്കോസ് (2023 പ്രസിഡണ്ട്) ഉൾപ്പെടെ ലിസി ഫിലിപ്പ് (ബോർഡ് ചെയർപേഴ്സൺ), കെ.ജെ. ഗ്രിഗറി, ബെന്നി കുര്യൻ, എൽദോ പോൾ, മെറി ജേക്കബ്, മനോജ് ജോൺ എന്നീ ബോർഡ് അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

അധികാര കൈമാറ്റത്തിനുശേഷം നടന്ന മീറ്റിങ്ങിൽ കീൻ നടത്തിവരുന്ന സ്കോളർഷിപ് പദ്ധതി, മെന്ററിങ്, സ്റ്റുഡന്റ് ഔട്ട് റീച്ച്, പ്രഫഷണൽ സെമിനാറുകൾ എന്നിവയോടൊപ്പം തന്നെ എഞ്ചിനീയറിംഗ് കരിയർ ഗൈഡൻസ് അവസരങ്ങൾ, ഇന്റേൺഷിപ്, കോളജ് പ്രിപ്പറേഷൻ വെബിനാർസ്, നാഷണൽ എഞ്ചിനിയേഴ്സ് വീക്ക് തുടങ്ങിയ നൂതന പദ്ധതികളും 2024-ൽ നടപ്പാക്കുവാൻ തീരുമാനിച്ചു.





പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് സോജിമോൻ ജെയിംസിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ കീനിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെയും പ്രവർത്തകരെയും അഭിനന്ദിക്കുകയും സംഘടനയുടെ യശസ് വാനോളം ഉയർത്തുന്നതിൽ തന്നാൽ കഴിയുന്നതെല്ലാം ചെയ്യുമെന്നും പ്രഖ്യാപിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വൈസ് പ്രസിഡണ്ട് നീന സുധീർ, ജനറൽ സെക്രട്ടറി ജേക്കബ് ജോസഫ്, ബോർഡ് ഓഫ് ട്രസ്റ്റി ചെയർ ലിസി ഫിലിപ്പ്, മുൻ ചെയർമാൻ കെ.എസ് ഗ്രിഗറി, ട്രഷറർ ലിന്റോ മാത്യു, മനേഷ് നായർ, സിന്ധു സുരേഷ്, സജിദ, റെജിമോൻ ജേക്കബ് മുൻ പ്രസിഡണ്ടുമാരായ ഫിലിപ്പോസ് ഫിലിപ്പ്, കോശി പ്രകാശ്, പ്രീത നമ്പ്യാർ, മെറി ജേക്കബ്, ഷാജി കുര്യാക്കോസ്, ഷിജിമോൻ മാത്യു എന്നിവർ സജീവമായി പങ്കെടുത്തു.

കഴിഞ്ഞ 15 വർഷമായി 125-ഓളം കുട്ടികൾക്ക് എഞ്ചിനീയറിങ് പഠിക്കുന്നതിന് വേണ്ടി കീൻ അവസരമൊരുക്കി എന്നുള്ളത് തന്നെയാണ് കീനിന്റെ ഏറ്റവും വലിയ നേട്ടം. കൂടാതെ ജോബ് പ്ലേസ്മെന്റ്, മെന്ററിങ് എന്നീ മേഖലകളിലും കീൻ മാതൃകാപരമായ സേവനമാണ് നല്കിവരുന്നത്.

Rutgers യൂണിവേഴ്സിറ്റിയുമായി ചേർന്ന് 2023-ൽ കീൻ നടത്തിയ 'എഞ്ചിനീയറിംഗ് പഠനം എന്തുകൊണ്ട് തെരഞ്ഞെടുക്കണം' എന്ന സെമിനാറിൽനിന്നും ലഭിച്ച പ്രതികരണത്തിന്റെ വെളിച്ചത്തിൽ തുടർന്നും കുട്ടികൾക്കും മാതാപിതാക്കൾക്കും പ്രയോജനപ്പെടുന്ന സെമിനാറുകൾ നടത്തുന്നതിനും തീരുമാനിച്ചു. കീനിന്റെ ഭാഗമാകുവാൻ താല്പര്യമുള്ള എല്ലാ കേരളാ എഞ്ചിനിയേഴ്സിനെയും കീൻ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: സോജിമോൻ ജെയിംസ് 732 939 0909 ജേക്കബ് ജോസഫ് 973 747 9591, ലിന്റോ മാത്യു 516 286 4633 നീന സുധീർ 732 789 8262, ലിസി ഫിലിപ്പ് 845 642 6206.

## പ്രസിഡണ്ട് ബൈഡനെതിരെ വ്യാജ ആരോപണം നടത്തിയതിന് കുറ്റപത്രം

വാഷിങ്ടൺ ഡിസി: പ്രസിഡണ്ട് ജോ ബൈഡനും പുത്രൻ ഹണ്ടർ ബൈഡനും യുക്രെയ്നിലെ ബുറിസ്മാ എനർജി കമ്പനിയിൽ നിന്ന് 5 മില്യൺ ഡോളർ വീതം കോഴ വാങ്ങിയെന്ന വ്യാജ ആരോപണം ഉന്നയിച്ച അലക്സാണ്ടർ സ്മിർനോവിനെതിരെ ലാസ് വെഗാസ് കോടതി നിയമനടപടി ആരംഭിച്ചു.

2020 ജൂണിൽ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥി ജോ ബൈഡനും പുത്രനും എതിരെ മുൻപ്രസിഡണ്ട് ഡോണൾഡ് ട്രംപും റിപ്പബ്ലിക്കൻ പാർട്ടി നേതൃത്വവും ഫോക്സ് ടിവി ഉൾപ്പെടെയുള്ള യാഥാസ്ഥിതിക മാധ്യമങ്ങളും തുടർച്ചയായി ഉന്നയിച്ച ആരോപണങ്ങൾ അലക്സാണ്ടർ സ്മിർനോവ് നല്കിയ വ്യാജ സത്യവാങ്ങിന്റെ അടിസ്ഥാനത്തിലായിരുന്നു.

പ്രസിഡണ്ട് ബൈഡനെതിരെ യു.എസ് ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സ് പ്രഖ്യാപിച്ചിട്ടുള്ള ഇംപീച്ച്മെന്റ് നടപടിയും പ്രസ്തുത ആരോപണങ്ങളെ ആശ്രയിച്ചാണ്. ആരോപണങ്ങൾ വ്യാജമാണെന്ന് കോടതിയിൽ തെളിയിക്കപ്പെട്ടാൽ 20 വർഷം തടവ് ശിക്ഷവരെ അലക്സാണ്ടർ സ്മിർനോവിന് ലഭിച്ചേക്കാം. പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസിഡണ്ട് ബൈഡന് എതിരെ പ്രഖ്യാപിച്ചിട്ടുള്ള ഇംപീച്ച്മെന്റ് വിചാരണ ഉപേക്ഷിക്കണമെന്ന് യു.എസ് ഹൗസിലെ ഡെമോക്രാറ്റിക് പാർട്ടി നേതാക്കളിലൊരാളായ റെപ്രസെന്റേറ്റീവ് ജെയ്മി റാസ്കിൻ ആവശ്യപ്പെട്ടു.

# നോമ്പിൽ നന്മയുടെ കൈനീട്ടവുമായി തിരുഹൃദയ ഇടവക

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദേവാലയത്തിലെ ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾ വ്രതശുദ്ധിയുടെ അമ്പതുനോമ്പിൽ നന്മയുടെ കൈനീട്ടത്തിനൊരുങ്ങുന്നു.

'ഷെയർ യുവർ ബ്ലെസിങ്' എന്ന ആപ്തവാക്യവുമായി വിവിധങ്ങളായ ത്യാഗപ്രവർത്തനങ്ങളിലൂടെ സമാഹരിക്കുന്നതു മുഴുവൻ കൈനീട്ടമായി നോമ്പിന്റെ അവസാനം സമർപ്പിക്കുന്നു.

ഈയൊരു ലക്ഷ്യത്തിനായി കാത്തലിക് റിലീഫ് സർവീസസ് റൈസ് ബൗൾ എല്ലാ കുഞ്ഞുങ്ങൾക്കുമായി നല്കി. ത്യാഗത്തിലൂടെയുള്ള സമർപ്പണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുന്ന ലഘുലേഖയും ഇതോടൊപ്പം കുട്ടികൾക്കു നൽകി.

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളെ എട്ടു ഗ്രൂപ്പുകളായിതിരിച്ച് ഓരോ ഗ്രൂപ്പിനും കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തി കുട്ടികളെ ഇതിനായി പ്രത്യേകം ഒരുക്കുന്നു.

അങ്ങനെ നോമ്പുകാലത്തെ ത്യാഗത്തിന്റെ നൊമ്പരം അപരനോടുള്ള അൻപിന്റെ നിറവാക്കിമാറ്റാൻ ഇതുവഴി കുട്ടികൾക്ക് പരിശീലനം നല്കുന്നു.



ചെറുപുഷ്പ മിഷൻലീഗിലൂടെ ലഭിക്കുന്ന ഇത്തരം അവസരങ്ങൾ കുഞ്ഞുമിഷനറിമാരുടെ പ്രേഷിതചൈതന്യത്തെ വളർത്തുവാനും സഭയുടെ ഉപവിപ്രവർത്തനങ്ങളിൽ നേരിട്ടുപങ്കാളികളാകാനും സഹായിക്കട്ടെയെന്നും കുട്ടികൾക്ക് റൈസ് ബൗൾ നൽകിക്കൊണ്ട് അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ ആശംസിച്ചു.

# ഫോമ സെൻട്രൽ റീജിയൻ വനിതാ ദിനാഘോഷം മാർച്ച് 9-ന്


ടോമി എടത്തിൽ


ആഷ മാത്യു


ജൂബി വള്ളിക്കളം


ശ്രീജ നിഷാന്ത്


ഡോ. റോസ് വടകര


ലിസി പീറ്റേഴ്സ്


ശ്രീദേവി പണ്ടാല


ജിനു ടോം


ലിന്റ ജോളിസ്


ഡയാന സ്കറിയ


ജോർളി തരിയത്ത്

**ജോഷി വള്ളിക്കളം**

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫോമയുടെ സെൻട്രൽ റീജിയൻ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വനിതാദിനം ആഘോഷിക്കുന്നു. മാർച്ച് 9-ന് ശനിയാഴ്ച വൈകുന്നേരം 6 മണി മുതൽ മോർട്ടൻഗ്രോവിലുള്ള സെ. മേരീസ് ക്നാനായ പള്ളിയുടെ ഹാളിൽ (7800 Lyons Street, Morton Grove) വെച്ചാണ് പരിപാടികൾ നടക്കുന്നത്. ഫോമാ സെൻട്രൽ റീജിയൻ ആർ.വി.പി ടോമി എടത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ഫോമ നാഷണൽ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, ട്രഷറർ ബിജു തോണിക്കടവിൽ, വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം എന്നിവരുൾപ്പെടെ ഫോമയുടെ വിവിധ നേതാക്കൾ പങ്കെടുക്കുന്നതാണ്. ഇതോടൊപ്പം ഓഗസ്റ്റ് 8 മുതൽ 11 വരെ പുന്റാകാനായിൽ വെച്ച് നടത്തുന്ന നാഷണൽ കൺവൻഷന്റെ കിക്കോഫും നടത്തപ്പെടുന്നതാണ്.

ഫോമ സെൻട്രൽ റീജിയൻ വിമൻസ് ഫോറം ചെയർപേഴ്സൺ ആഷ മാത്യുവിന്റെ നേതൃത്വത്തിൽ വനിതാദിന ആഘോഷങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 'Empower Her: A Celebration of Style and Inclusion' എന്ന പേരിൽ നടത്തുന്ന മെഗാ ഫാഷൻഷോ ഇതിന്റെ ഒരു പ്രധാന പരിപാടിയാണ്. ചെയർപേഴ്സൺ ആഷ മാത്യു, കോ-ഓർഡിനേറ്റേഴ്സ് ജൂബി വള്ളിക്കളം, റോസ് വടകര, ശ്രീജ നിഷാന്ത്, ജിനു ടോം, ലിന്റ ജോളിസ്, ശ്രീദേവി പണ്ടാല, ലിസി പീറ്റേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

മാർച്ച് 9-ന് നടക്കുന്ന ഈ ആഘോഷങ്ങളിലേക്ക് ഏവരേയും കുടുംബസമേതം ക്ഷണിക്കുന്നതായി ഭാരവാഹികൾ അറിയിക്കുന്നു.

# നൈനാ പ്രസിഡണ്ട് സുജാ തോമസ് സിജിഎഫ്എൻഎസ് ഇന്റർനാഷണലിന്റെ നേതൃത്വത്തിലേക്ക്

**പോൾ ഡി. പനയ്ക്കൽ**

ചിക്കാഗോ: വിദേശരാജ്യങ്ങളിൽ പഠിച്ച നേഴ്സുമാരുടെ വിദ്യാഭ്യാസ യോഗ്യത നിർണ്ണയിക്കുന്ന കമ്മീഷൻ ഓൺ ഗ്രാജുവേറ്റ്സ് ഓഫ് ഫോറിൻ നേഴ്സിംഗ് സ്കൂൾസിന്റെ (സിജിഎഫ്എൻഎസ് ഇന്റർനാഷണൽ) അലയൻസ് ഫോർ എത്തിക്കൽ ഇന്റർനാഷണൽ പ്രാക്ടീസ് ബോർഡ് ഓഫ് ഗവർണേഴ്സിലേക്ക് മലയാളിയായ സുജ തോമസ് നിയമിതയായി. നേഴ്സിംഗ്, ആരോഗ്യ മേഖലയിലെ ഫിസിക്കൽ തെറാപ്പി പോലുള്ള പല പ്രൊഫഷണലുകളുടെ വിദ്യാഭ്യാസത്തിന്റെ യോഗ്യതാനിർണയം നടത്തുന്ന ലോകത്തിലെ ഏറ്റവും വലിയ സംഘടനയാണ് സിജിഎഫ്എൻഎസ്. ഈ പ്രൊഫഷണലുകളുടെ വിദ്യാഭ്യാസം അമേരിക്കയിലെ സമാന വിദ്യാഭ്യാസത്തിനു തുല്യമാണോയെന്നു പരിശോധിച്ച് അംഗീകാരം നല്കുകയും അവർക്ക് പരീക്ഷ നല്കുകയും വിസ സ്ക്രീനിങ് നടത്തുകയും ചെയ്യുക എന്നിവ ഈ സംഘടനയുടെ പ്രവർത്തനങ്ങളിൽ പ്രാധാന്യമർഹിക്കുന്നു. വിദേശത്തു നിന്നുള്ള നേഴ്സുമാരുടെ കുടിയേറ്റത്തിനും പ്രാക്ടീസിനും ഏറ്റവും കാതലായ ഒരു സ്ഥാപനമായാണ് സിജിഎഫ്എൻഎസിനെ കണക്കാക്കുന്നത്. ബോർഡ് ഓഫ് ഗവർണേഴ്സ് അംഗമെന്ന നിലയിൽ സുജ അമേരിക്കയിലെ പ്രമുഖരും പണ്ഡിതരുമായ മറ്റു പന്ത്രണ്ട് പ്രൊഫഷണലുകളുമായി ചേർന്ന് വിദേശരാജ്യങ്ങളൽ നിന്ന് ആരോഗ്യ രംഗത്തേക്ക് സുതാര്യമായ റിക്രൂട്ടുമെന്റ് സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനും ആരോഗ്യപരിപാലനത്തിനും ആരോഗ്യപോഷണത്തിനുമുള്ള നിലവാരം മെച്ചപ്പെടുത്തുന്നതിനും പങ്കുവഹിക്കും.



യുഎസ്സിലെ ഇന്ത്യൻ നേഴ്സുമാരുടെ ദേശീയ സ്വരമായ നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഇൻ അമേരിക്കയുടെ (നൈന) ഇപ്പോഴത്തെ പ്രസിഡണ്ടായ സുജ തോമസ് ആൾബനി സാമുവൽ സ്ട്രാട്ടൻ വിഎ ഹോസ്പിറ്റലിൽ ക്ലിനിക്കൽ ലീഡ്-നേഴ്സ് അഡ്മിനിസ്ട്രേറ്ററായി ഇപ്പോൾ പ്രവർത്തിക്കുന്നു. മംഗളൂരുവിൽ ഫാദർ മുള്ളേഴ്സ് കോളജ് ഓഫ് നേഴ്സിങ്ങിൽ നിന്ന് നേഴ്സിങ്ങിൽ ബി.എസ്സിയും ന്യൂയോർക്ക് ട്രോയിലെ റസ്സൽ സേജ് കോളജിൽനിന്ന് മാസ്റ്റർ ഓഫ് സയൻസ് ഇൻ നേഴ്സിങ് എഡ്യൂക്കേഷനും തുടർന്ന് ജെറോന്റോളോജി പ്രൈമറി കെയർ നേഴ്സ് പ്രാക്ടീഷണറായി പോസ്റ്റ് മാസ്റ്റേഴ്സ് ഡിഗ്രിയും മിനെസോട്ട മെട്രോപൊളിറ്റൻ യൂണിവേഴ്സിറ്റിയിൽനിന്ന് വൂണ്ട് ഓസ്റ്റമി ആൻഡ് കോണ്ടിനെൻസിൽ സ്പെഷ്യലൈസേഷനും എടുത്തിട്ടുള്ള സുജ തോമസ് ഇപ്പോൾ യൂണിവേഴ്സിറ്റി ഓഫ് ബഫാലോയിൽ പിഎച്ച്.ഡിക്ക് പഠിച്ചുകൊണ്ടിരിക്കുന്നു. പല സ്വകാര്യ-പൊതു സ്ഥാപനങ്ങളിൽ അക്യൂട്-ലോങ് ടേം കെയറിലും നേരിട്ടുള്ള നേഴ്സിങ് കെയറും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഓവർസൈറ്റ്, മണിപ്പാൽ അക്കാദമി ഓഫ് ഹയർ എജ്യൂക്കേഷൻ, മണിപ്പാൽ കോളജ് ഓഫ് നേഴ്സിങ്, ആൾബനി മറിയ കോളജിൽ അദ്ധ്യാപിക, സെയിന്റ് പീറ്റേഴ്സ് ഹെൽത്ത് പാർട്നെർസിൽ നേഴ്സ് എക്സിക്യൂട്ടീവ് എന്നീ നിലകളിൽ വൈവിദ്ധ്യമാർന്ന അനുഭവസമ്പത്തും അറിവും പരിജ്ഞാനവും കഴിവും നേടിയിട്ടുള്ള സുജ 2023-ലെ അമേരിക്കൻ നേഴ്സസ് അസോസിയേഷന്റെ 'മാഗ്നെറ്റ്/പാത് വേറ്റു എക്സലൻസ്' കോൺഫറൻസിൽ സ്കോളർഷിപ്പിന് അർഹയായിരുന്നു. റോബർട്ട് സ്കോളർ അവാർഡ് ഫോർ ക്ലിനിക്കൽ എക്സലൻസ്, ട്രാൻസ്ഫോർമേഷണൽ ലീഡർഷിപ് അവാർഡ്, ക്വാൻട്ടം ലീഡർഷിപ് അവാർഡ്, ക്ലിനിക്കൽ എക്സലൻസ് ആൻഡ് നേഴ്സിങ് അഡ്മിനിസ്ട്രേറ്റർ അവാർഡ്, ഏഷ്യാനെറ്റ്/വേൾഡ് മലയാളി കൗൺസിലിന്റെ ഹെൽത്ത് കെയർ എക്സലൻസ് ആൻഡ് ലീഡർഷിപ് അവാർഡ് എന്നിവ സുജയ്ക്കു ലഭിച്ച ബഹുമതികളിൽപ്പെടുന്നു. ആരോഗ്യപ്രവർത്തകരിൽ ബാക് ഇഞ്ചുറി കുറയ്ക്കുന്നതിനുള്ള ഒരു ഗവേഷണ പഠനവും സുജ നടത്തിയിരുന്നു. ഇന്ത്യൻ നേഴ്സുമാരുടെ ദേശീയ സംഘടനയുടെ നേതാവായ സുജ 2023-ൽ ലീഡർഷിപ് ആൻഡ് ക്ലിനിക്കൽ എക്സലൻസ് എന്ന ത്രിദിന കോൺഫറൻസ് വളരെ വിജയകരമായാണ് ചിക്കാഗോയിൽ നടത്തുന്നതിനു നേതൃത്വം വഹിച്ചത്. അമേരിക്കയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും നേഴ്സിങ്ങിലും നേഴ്സിങ് അദ്ധ്യാപനരംഗത്തും നേതൃത്വത്തിലുമുള്ള അനേകം പേർ പങ്കെടുത്ത ഈ കോൺഫറൻസിന് വൈസ് പ്രസിഡണ്ട് കമല ഹാരിസ്, യുഎസ് സർജൻ ജനറൽ വിവേക് മൂർത്തി എന്നിവർ വ്യക്തിപരമായി ആശംസകൾ നല്കിയിരുന്നു. ലോകരാജ്യങ്ങളിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്ന നേഴ്സുമാർക്കും ബന്ധപ്പെട്ട പ്രൊഫഷണൽമാർക്കും തൊഴിൽ സംബന്ധമായ തീരുമാനമെടുക്കുന്നതിനും ന്യായവും സുതാര്യവുമായ റിക്രൂട്ടുമെന്റ് സംവിധാനം സ്വീകരിക്കുന്നതിനും അപാരമായ സ്വാധീനം ചെലുത്താൻ ബോർഡ് ഗവർണേഴ്സ് അംഗമായ സുജയ്ക്കു കഴിയും.

# കേരളത്തിലെ വന്യമൃഗ നിയമങ്ങൾ പരിഷ്കരിക്കണം: ഓർമ്മ ഇന്റർനാഷണൽ

**പി.ഡി. ജോർജ് നടവയൽ**

ഫിലാഡൽഫിയ: ജനജീവ വിരുദ്ധങ്ങളായ നിയമപ്പഴുതുകൾ കൊണ്ട് വികൃതമായ, വന്യമൃഗ നിയമങ്ങൾ മനുഷ്യജീവന്റെ മൂല്യങ്ങളെ മാനിക്കുന്നവിധം ഉടച്ചുവാർക്കണമെന്നും കള്ളിങ് (അധിക മൃഗസംഖ്യാ നിയന്ത്രണത്തിനുള്ള മൃഗവേട്ട) ഉൾപ്പെടെയുള്ള പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കണമെന്നും ഓർമാ ഇന്റർനാഷണൽ (ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ ഇന്റർനാഷണൽ) ഭാരത-കേരള സർക്കാരുകളോട് അഭ്യർത്ഥിച്ചു. 'ഏതെങ്കിലും മൃഗസ്നേഹ പ്രസ്ഥാനങ്ങളുടെ കേവല ഫണ്ടിനു വേണ്ടി, വിലപ്പെട്ട ഭാരത പൗരന്മാരെ മൃഗങ്ങൾക്കുള്ള ഭക്ഷ്യവസ്തുവായി ബലി കൊടുക്കുന്നത് സ്വതന്ത്ര ജനാധിപത്യ റിപ്പബ്ലിക്കിനോ ആധുനിക മനുഷ്യ പ്രമാണങ്ങൾക്കോ യോജിക്കുന്നതല്ല. പ്രകൃതിക്ക് അർത്ഥം ചമയ്ക്കുന്ന മനുഷ്യന്റെ ജീവനെ നിസ്സാരവത്കരിക്കുന്നതും ഇരിക്കുന്ന കമ്പ് മുറിക്കുന്ന പോലുള്ളതുമായ യുക്തിരഹിത നിയമങ്ങൾ പരിഷ്കൃത കേരളത്തിനോ ഭാരതത്തിനോ നിരക്കുന്നതല്ലാ എന്നാണ് നാൾക്കുനാൾ കേരളത്തിലുണ്ടാകുന്ന മൃഗശല്യ നരഹത്യകൾ വ്യക്തമാക്കുന്നത്. ആധുനിക ലോകക്രമത്തിലെ ശാസ്ത്രീയ വന്യമൃഗ സംരക്ഷണ നിയമങ്ങളുടെ മാതൃകകളെ സ്വീകരിക്കുവാൻ ഇന്ത്യാ ഗവൺമെന്റും കേരള സർക്കാരും തയ്യാറാകണം. ജനങ്ങളുടെ ജീവനും കാർഷികോപജീവനത്തിനും സ്വൈരജീവനും സഞ്ചാരത്തിനും ഒന്നിനുപിറകേ മറ്റൊന്ന് എന്ന ക്രമത്തിൽ ഹാനിയാകുന്ന വന്യമൃഗ വിഹാരത്തിന്, കള്ളിങ് ഉൾപ്പെടെയുള്ള പരിഹാരങ്ങളും ഉണ്ടാകണം. കേരളത്തിൽ പെരുകുന്ന വന്യമൃഗാധിപത്യത്തിൽ ലോകമെമ്പാടുമുള്ള മലയാളികളുടെ ആശങ്കയും ദുഃഖവും ഗവൺമെന്റുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.'

ഓർമാ ഇന്റർനാഷണൽ പബ്ലിക് അഫയേഴ്സ് ഫോറം ചെയർ വിൻസന്റ് ഇമ്മാനുവേൽ പ്രമേയം അവതരിപ്പിച്ചു. ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം, ടാലന്റ് പ്രൊമോഷൻ ഫോറം ചെയർ ജോസ് തോമസ്, കേരളാ ചാപ്റ്റർ പ്രസിഡണ്ട് കുര്യാക്കോസ് മാണിവയലിൽ, ഫിനാൻഷ്യൽ ഓഫീസർ സജി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. പ്രസിഡണ്ട് ജോർജ് നടവയൽ അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ഷാജി അഗസ്റ്റിൻ സ്വാഗതവും ട്രഷറർ റോഷിൻ പ്ലാമൂട്ടിൽ നന്ദിയും പറഞ്ഞു.

# SWIMMING AGAINST THE CURRENT: HOW SUOZZI WON THE SPECIAL ELECTION

Mr. Tom Suozzi, who recently won the special election to replace George Santos, the disgraced Congressman, stood at his campaign headquarters in Bayside Terrace, addressed his supporters last Friday, and urged them to go out and knock on doors. While speaking, he said, "There is said to be no Chinese dream or French dream or Russian dream but only American dream and let us keep that alive." It is a slogan that we hardly hear from many of the progressive democrats who portray this country as inherently racist and beyond redemption. He also talked about finding solutions to the array of problems the country is facing rather than keeping bickering and engaging in a never-ending turf battle.

Undoubtedly, Suozzi's message resonated with the electorate in Long Island and the eastern part of Queens comprising the New York District 3, and he won a great victory. Pat Mathew, a resident of New Hyde Park, summed up the reason for his victory and said: "I am a registered Republican, and along with 3 of my friends, we cast a vote this time for Suozzi. He is a known quantity and not part of the extreme leftwing fringe of the Democratic Party".

There is little doubt that Suozzi won in a Republican majority district because of his sensible stand on several issues. He didn't shy away from discussing



George Abraham

the border crisis. For many of the residents in the Bellerose-Floral Park area, the migrant crisis is no longer an issue affecting Texas or Arizona. The migrants are at their doorstep as the city has housed hundreds of them on the grounds of the Creedmoor Psychiatric Center. It has unsettled many of the residents in the area, who are concerned about the safety and security of their families. The recent attack on NYPD cops has only heightened their apprehensions about the soundness of policy the Biden Administration is pursuing. The Eastern part of Queens is home to a large number of immigrants from around the world. Yet, they are not ready to endorse the current wave of illegal migration that is rocking many parts of the country and inflicting heavy financial burdens on taxpayers. Mr. Suozzi

George Abraham

truly understood the pulse of the people in that regard and distanced himself from Biden's policies.

The Asian Indian community, known for its hard work and disciplined living, is increasingly wary of the rising crime in their neighborhoods. Even riding the subway in New York has become a life-challenging experience as many people are pushed in front of the oncoming trains, and some have paid with their dear lives. Many immigrants who have come ashore have fled crime and violence in their own homelands. America was a breath of fresh air, a nation that respected individual liberty and freedom. The Constitution guaranteed protection for the lives and property of every citizen. However, the progressive policies of those governing us appear to be ripping apart that safety and security layer we took for granted. The defunding of the police movement and the cash bail reform in New York have all contributed directly or indirectly to the lawlessness that is taking place before our eyes. Suozzi once again rose to that challenge and positioned himself on the side of the citizens who were concerned about the rising crime in the neighborhoods.

Moreover, the labor movement has also embraced him as someone who champions their cause. He supports a higher minimum wage, which could be a double-edged (see page 30)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.01 |
| യൂറോ | 89.37 |
| സ്റ്റെർലിംഗ്പൗണ്ട് | 104.74 |
| സ്വിസ് ഫ്രാങ്ക് | 94.25 |
| സിംഗപ്പൂർ ഡോളർ | 61.67 |
| കനേഡിയൻ ഡോളർ | 61.59 |
| ഒമാൻ റിയാൽ | 215.64 |
| ബഹ്റൈൻ ദിനാർ | 220.27 |
| സൗദി റിയാൽ | 22.13 |
| യു.എ.ഇ. ദിർഹം | 22.60 |
| കുവൈത്ത് ദിനാർ | 269.60 |

# ബേബി സൈമൺ മുളവേലിപ്പുറത്തിന് ദീപികയുടെ ആദരവ്

കോട്ടയം: ഡൽഹി സൈമൺസ് ഇന്റർനാഷണൽ സിഇഒ ബേബി സൈമൺ മുളവേലിപ്പുറത്തിന് ദീപിക ദിനപത്രത്തിന്റെ ആദരവ്. ദീപികയുടെ 137-ാം ജന്മദിനത്തിൽ ആഘോഷങ്ങളോടനുബന്ധിച്ച് കുമരകം ബാക്ക് വാട്ടർ റിപ്പിൾസ് റിസോർട്ടിൽ നടന്ന ചടങ്ങിൽ ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള ദീപികയുടെ ആദരവും പുരസ്കാരവും പ്രശസ്തിപത്രവും അദ്ദേഹത്തിനു സമ്മാനിച്ചു. കോട്ടയം അതിരൂപതയുടെ അല്മായ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ ജനറൽ സെക്രട്ടറിയായും എഐസിയുവിന്റെ നാഷണൽ കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചുവരുന്ന ബേബി സൈമൺ മുളവേലിപ്പുറത്ത് ഡൽഹി ഹെഡ്ഓഫീസായി പ്രവർത്തിച്ചുവരുന്ന സൈമൺസ് ഇന്റർനാഷണൽസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. സൈമൺസ് ഇന്റർനാഷണൽ വിദേശരാജ്യങ്ങളിലേക്കുള്ള ടിക്കറ്റിങ്, തൊഴിൽ റിക്രൂട്ടുമെന്റ് രംഗങ്ങളിൽ വിശ്വസ്തതയോടെയും മികവോടുംകൂടി പ്രവർത്തിച്ചുവരുന്നു. ആയിരക്കണക്കിന് ആളുകൾക്ക് കാര്യക്ഷമമായ സേവനം പകർന്ന 18 വർഷത്തെ സേവനചരിത്രമാണ് സൈമൺസ് ഇന്റർനാഷണലിനെ ഇന്നും സ്വീകാര്യമാക്കുന്നത്. മെഡിക്കൽമേഖല ഉൾപ്പെടെ ജിസിസി രാജ്യങ്ങളിലും മറ്റു വിദേശരാജ്യങ്ങളിലും സൈമൺസ് ഇന്റർനാഷണലിന്റെ സേവനം ഇതുവരെ പ്രയോജനപ്പെടുത്തി ജോലി എന്ന സ്വപ്നം സാക്ഷാത്കരിച്ചവർ രണ്ടായിരത്തിലധികം പേരാണ്. റിക്രൂട്ടുമെന്റ് രംഗത്ത് തികഞ്ഞ ഉത്തരവാദിത്വത്തോടെയുള്ള വിശ്വസ്തമായ സേവനമാണ് സൈമൺസ് ഇന്റർനാഷണലിന്റെ പ്രത്യേകത. ഉദ്യോഗാർത്ഥികൾക്ക് തുടർസേവനങ്ങളും സ്ഥാപനം ലഭ്യമാക്കുന്നു. അയാട്ട അംഗീകൃത ട്രാവൽഏജൻസി എന്നനിലയിൽ വിമാനടിക്കറ്റിങ്ങിലും മികച്ച സേവനമാണ് സൈമൺസ് ഇന്റർനാഷണൽ നല്കുന്നത്. ഡൽഹി ആസ്ഥാനമായ സൈമൺസ് ഇന്റർനാഷണലിനു കൊച്ചിയിലും ബ്രാഞ്ചുണ്ട്. സൈമൺസ് ഇന്റർനാഷണലിന്റെ 45-ഓളം ജീവനക്കാർ 24 മണിക്കൂറും സേവനസന്നദ്ധരായുണ്ട്. പാലാ ചേർപ്പുങ്കൽ സ്വദേശിയായ ബേബി സൈമൺ ചേർപ്പുങ്കൽ ഇടവകാംഗമാണ്. എം.പി. സൈമൺ (പരേതൻ) -മേരി സൈമൺ ദമ്പതികളുടെ മകനാണ്. ഭാര്യ ജിൻസി കരിങ്കുന്നം പുൽപ്പറയിൽ കുടുംബാംഗമാണ്. മക്കൾ: ഫിലിപ്പ്, ലയ, എലിസബത്ത്, ജോസഫ്.






# WHY MORE DIVORCES? WHAT SOLUTION?

Cicily Sunny, MA, B.Ed., MSE

Jesus said, "And I say to you, whoever divorces his wife, except for immorality, and marries another woman commits adultery" (Matthew 19:9). Marriage was sanctioned by God soon after the creation of Adam and Eve, the first man and woman, and the first couple created in God's image. "He who finds a wife finds a good thing and obtains favor from the Lord" (Proverb 18:22). God wants to shower His blessings on a married couple. Globally we are living in an era of divorces more than any time in the history of the world. In my knowledge, no religion supports divorce for casual reasons. As per Jesus, no one is supposed to go for divorce except for adultery, irrespective of religion or denomination. It is good to think why more divorces take place now, and what solutions are out there to prevent it.

**Reasons and Solutions for Divorces**

1) Interference of family members- "For this reason a man shall leave his father and his mother, and be joined to his wife, and they shall become one flesh" (Genesis 2:24).

God has designed a husband and wife to live away from parents and family so that they can enjoy the bliss of the marital life. God left Adam and Eve alone in the garden of Eden. Living away from parents does not stop them from loving and helping their parents and family members. Different cultures have added different requirements for married couples to follow. When the requirements are not met according to the wish of the extended family members, frictions start from both families. Finally it affects the peaceful life of the husband and wife. Family members should not encroach in the freedom and happiness of a couple.

2) Fornication and Adultery – Fornication is voluntary sexual intercourse between persons not married to each other, which includes adultery. In adultery, a married person involves in sexual intercourse outside the marriage. Just like God allowed Adam and Eve to become one flesh, a married couple is authorized to become one flesh through the marriage covenant. To become one flesh with someone else before or after marriage is a sin in the eyes of God. "Marriage is to be held in honor among all, and the marriage bed is to be undefiled; for fornicators and adulterers God will judge" (Hebrews 13:4).

The love between a clean husband and wife is stainless, pure and full of warmth. If there is any stain before or after marriage, it will destroy the entire warmth of the married life. A sincere repentance and confession before God can make situations better, but the wound made in the heart of the innocent spouse will never be fully healed. If one person did fornication before marriage, it is better to disclose it before deciding to get married for better understanding and trust. It is my opinion that if it is not revealed before marriage, it is better not to reveal it at all to avoid friction.

3) Not respecting each other- Respect is something we should give to everyone, including a slave, irrespective of gender. Before marriage, both the husband and wife were respected by their parents and family members. The same kind of respect should be given to each other within married life too. No one should feel too powerful in married life. If the husband has more muscular power, the wife has more mental power. If one person has more financial capacity, the other person may have the ability to manage the entire household affairs.

When Adam and Eve sinned, God said to Eve, "In pain you will bring forth children, yet your desire will be for your husband, and



Cicily Sunny

he will rule over you" (Genesis 3:16). God said to Adam, "Cursed is the ground because of you; in toil you will eat of it all the days of your life" (Genesis 3:17). "By the sweat of your face you will eat bread, till you return to the ground" (Genesis 3:19). This curse of God will continue forever. In lots of husbands we see the tendency to rule over the wife. Until the past century the husband alone toiled over the land and fed the family with the sweat of his forehead. With the changes in the social and economic field, women also have started working and providing bread with the sweat of their forehead. In some families only women are working, and the men stay home. This brings a big imbalance in the home atmosphere. As everyone knows, a man will never be able to bear a baby in womb for nine months and breastfeed the baby. Bearing a child and working full time to support the family is not expected by God. Some women do even two full time jobs to support the family. If a woman does this, how much respect should be given to her by the husband? Instead, some husbands expect them to do slavish works for them and fight about it. I personally know about some of those cruel husbands. Due respect should be given to every human being on earth. So why that respect is denied to the wife whom the husband uses for his sexual pleasures, who bears children for him, and who supports the family financially? That is injustice."You husbands in the same way, live with your wives in an understanding way, as with someone weaker, since she is a woman, and show her honor as a fellow heir of the grace of life, so that your prayers will not be hindered" (1st Petr 3:7). "In the same way, you wives, be submissive to your own husbands so that even if any of them are disobedient to the word, they may be won without a word by the behavior of their wives, as they observe your chaste and respectful behavior" (1st Peter 3:1,2).

4) Not loving each other- "When a man takes a new wife, he shall not go out with the army nor be charged with any duty; he shall be free at home for one year and shall give happiness to his wife whom he has taken" (Deuteronomy 24:5). Currently it is almost impossible to stay home with the spouse due to financial needs.

We love and fear God knowing that He will return that love tenfold as He is merciful and loving. God expects unconditional love between husbands and wives. Love should not be like a one way traffic in married life. I know several families where the wife dedicates a lot for the husband, but the husband takes advantage of her in many ways and treats her like a tool for his pleasure and comfort. In many cases the wives do not divorce thinking of the future of the children. Very rarely you can see the wife abusing the husband too. It is good to see random couples love each other, consider each other, help each other and live for each other. "Wives, be subject to your own husbands, as to the Lord. For the husband is the head of the wife, as Christ also is the head of the church, He Himself being the savior of the body. But as the church is subject to Christ, so also the wives ought to be to their husbands in everything. Husbands, love your wives, just as Christ also loved the church and gave Himself up for her" (Ephesians 5:22-25).

Just like our brain controls the whole body in a positive way, the husband should take responsibility to control and guide the wife in a positive and loving way, not with brutality and power.

The husband should give more love and support during the time of child bearing and raising children. It may involve honest sexual sacrifices too. If the husband is an alcoholic or drug addict, he will not be able to process anything about the protocols of a family life. I know families suffering with this catastrophe. If we follow the teaching of Christ about married life, the world will become a better place, and the blessing will be passed on to generations. (see page 30)







OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# ഇൻഡോർ, ഖാണ്ഡ്വ രൂപതകൾക്ക് മലയാളി ബിഷപ്പുമാർ

ന്യൂഡൽഹി: മധ്യപ്രദേശിൽ കത്തോലിക്കാ സഭയുടെ ഇൻഡോർ രൂപതാ ബിഷപ്പായി മോൺ. തോമസ് മാത്യു കുറ്റിമാക്കലിനെയും ഖാണ്ഡ്വ രൂപതാ ബിഷപ്പായി മോൺ. അഗസ്റ്റിൻ മഠത്തിക്കുന്നേലിനേയും നിയമിച്ചു. ബിഷപ് ചാക്കോ തോട്ടുമാരിക്കൽ വിരമിച്ച ഒഴിവിലേക്കാണ് എറണാകുളം കല്ലൂർക്കാട്



മോൺ. തോമസ് മാത്യു കുറ്റിമാക്കൽ



മോൺ. അഗസ്റ്റിൻ മഠത്തിക്കുന്നേൽ

സ്വദേശിയായ മോൺ. തോമസ് മാത്യുവിന്റെ നിയമനം. 1987-ലാണ് ഇൻഡോർ രൂപതയിൽ പുരോഹിതനായത്. 2021 മുതൽ ഇൻഡോർ കത്തീഡ്രൽ വികാരിയാണ്. ജാബുവ മൈനർ സെമിനാരി വൈസ് റെക്ടറായും പ്രവർത്തിച്ചിട്ടുണ്ട്.

നിലവിൽ ഖാണ്ഡ്വ രൂപതയുടെ അഡ്മിനിസ്ട്രേറ്ററാണ് മോൺ. അഗസ്റ്റിൻ മഠത്തിക്കുന്നേൽ. വയനാട് പനമരം കുളിവയൽ സ്വദേശിയാണ്. 1994-ൽ പുരോഹിതനായി. സെ. പയസ് സെമിനാരി റെക്ടർ, രൂപതാ ബർസാർ അടക്കമുള്ള പദവികൾ വഹിച്ചിട്ടുണ്ട്. ഫാ. പ്രകാശ സഗിലി (ഖമ്മം രൂപത), ഫാ. കർണം ധമൻകുമാർ (നൽഗോണ്ട രൂപത), ഫാ. ഫ്രാൻസിസ് ടിർകി (പൂർണിയ രൂപത) ലാൻസി പിന്റോ (ഔറംഗബാദ് രൂപത) എന്നിവരാണ് മറ്റ് പുതിയ ബിഷപ്പുമാർ.

# പ്രിയാ വർഗീസിന്റെ നിയമനം: യുജിസി ചട്ടം തെറ്റായി വ്യാഖ്യാനിച്ചുവെന്ന് നിരീക്ഷണം

ന്യൂഡൽഹി: കണ്ണൂർ സർവകലാശാല അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ പ്രിയാ വർഗീസിന്റെ നിയമനം ശരിവെച്ച ഹൈക്കോടതി വിധിക്ക് സുപ്രീം കോടതി ജഡ്ജിയുടെ നിരീക്ഷണം. യുജിസി ചട്ടം തെറ്റായി വ്യാഖ്യാനിച്ചുവെന്നാണ് ഹർജി പരിഗണിച്ച ബെഞ്ചിലെ അംഗമായ ജസ്റ്റിസ് സഞ്ജയ് കരോൾ നിരീക്ഷിച്ചത്. നിയമനം ശരിവെച്ച ഹൈക്കോടതി വിധിക്ക് എതിരായ ഹർജി സുപ്രീംകോടതി പരിഗണനയ്ക്ക് എടുത്തപ്പോൾ മറുപടി സത്യവാങ്മൂലം ഫയൽ ചെയ്യാൻ സമയം വേണമെന്ന് യുജിസി ആവശ്യപ്പെട്ടു. ഈ ആവശ്യം അംഗീകരിച്ച് രണ്ടാഴ്ചത്തെ സമയം മറുപടി സത്യവാങ്മൂലം ഫയൽ ചെയ്യാൻ യുജിസിക്ക് സുപ്രീംകോടതി അനുവദിച്ചു. അതിനു മറുപടി നല്കാൻ രണ്ടാഴ്ചത്തെ സമയം പ്രിയാ വർഗീസിനും കോടതി അനുവദിച്ചു.

ജസ്റ്റിസുമാരായ കെ.ജെ. മഹേശ്വരി, സഞ്ജയ് കരോൾ എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. ഇതിനു ശേഷമാണ് ബെഞ്ചിലെ അംഗമായ ജസ്റ്റിസ് സഞ്ജയ് കരോൾ ഹൈക്കോടതി വിധിക്ക് എതിരെ പരാമർശം നടത്തിയത്.യുജിസി ചട്ടത്തിലെ 3 (11) വകുപ്പ് തെറ്റായി വ്യാഖ്യാനിച്ചാണ് ഹൈക്കോടതി ഉത്തരവിറക്കിയത് എന്നായിരുന്നു ജസ്റ്റിസ് സഞ്ജയ് കരോളിന്റെ നിരീക്ഷണം. എന്നാൽ ഇതിനു മറുപടിയുണ്ടെന്ന് പ്രിയാ വർഗീസിനു വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ നിധീഷ് ഗുപ്ത പറഞ്ഞു.



പ്രിയാ വർഗീസിനു വേണ്ടി സുപ്രീം കോടതിയിൽ ഹാജരായത് സീനിയർ അഭിഭാഷകൻ നിധീഷ് ഗുപ്ത, അഭിഭാഷകരായ കെ.ആർ. സുഭാഷ് ചന്ദ്രൻ, ബിജു പി. രാമൻ എന്നിവരായിരുന്നു. കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ജവാഹർലാൽ ഗുപ്തയുടെ മകനാണ് സീനിയർ അഭിഭാഷകൻ നിധീഷ് ഗുപ്ത. യുജിസിക്കൂ വേണ്ടി അഡീഷണൽ സോളിസിറ്റർ ജനറൽ കെ.എം. നടരാജ്, സംസ്ഥാന സർക്കാരിനു വേണ്ടി സീനിയർ അഭിഭാഷകൻ ജയ്ദീപ് ഗുപ്ത എന്നിവർ ഹാജരായി.

# ഹരി നായർ മുഖ്യ വിവരാവകാശ കമ്മിഷണർ

തിരുവനന്തപുരം: മുൻ നിയമസെക്രട്ടറി വി. ഹരി നായരെ മുഖ്യ വിവരാവകാശ കമ്മിഷണറായി നിയമിച്ചു. 1989-ൽ തിരുവനന്തപുരത്തെ വിവിധ കോടതികളിൽ പ്രാക്ടീസ് ആരംഭിച്ച ഹരി നായർ 1995-ൽ കേരള ജുഡീഷ്യൽ സർവീസിൽ പ്രവേശിച്ചു. 2021-ൽ നിയമ സെക്രട്ടറിയായി.

നിയമനിർമാണത്തിനു മാത്രമായി ഒരു നിയമസഭാസെഷൻ വിളിച്ച് 36 ബില്ലുകൾ പാസാക്കിയതും നിയമവകുപ്പിൽ ഇ-ഓഫീസ് നടപ്പാക്കിയതും നോട്ടറി നിയമനങ്ങൾ ഓൺലൈനാക്കാൻ നേതൃത്വം നൽകിയതും ഹരി നായർ നിയമ സെക്രട്ടറിയായിരിക്കെയാണ്.

# ഉറങ്ങിക്കിടന്ന രണ്ടു വയസുകാരിയെ തട്ടിക്കൊണ്ടുപോയി

തിരുവനന്തപുരം: പേട്ടയിൽ രണ്ടു വയസുള്ള പെൺകുഞ്ഞിനെ തട്ടിക്കൊണ്ടു പോയി. പേട്ട റെയിൽവേ സ്റ്റേഷനു സമീപം താമസിച്ചുവരികയായിരുന്ന നാടോടി ദമ്പതികളുടെ മകളെയാണ് ഫെബ്രുവരി 18-ന് അർധരാത്രിയോടെ കാണാതായത്. മൂന്നു സഹോദരങ്ങൾക്കൊപ്പം ഉറങ്ങിക്കിടന്ന കുട്ടിയെ ആരോ എടുത്തു കൊണ്ടുപോയി എന്നാണ് പരാതി. ഹൈദരാബാദ് എൽ.പി. നഗർ സ്വദേശികളായ അമർദ്വീപ്-റമീനദേവി ദമ്പതികളുടെ മേരി എന്ന കുട്ടിയെ ആണു കാണാതായത്. ഇവർക്ക് നാലു കുട്ടികളാണുള്ളത്. ഇവരെല്ലാം ഒരുമിച്ചായിരുന്നു ഉറങ്ങാൻ കിടന്നത്. ഉണർന്നുനോക്കുമ്പോൾ കുട്ടിയെ കാണാനില്ലെന്നു മാതാപിതാക്കൾ പറയുന്നു. സംശയാസ്പദമായി ഒരു മഞ്ഞ ആക്ടീവ സ്കൂട്ടർ സമീപത്തു വന്നിരുന്നുവെന്നും ഇവർ പറയുന്നു. ഒരാളേ ഈ സ്കൂട്ടറിലുണ്ടായിരുന്നുള്ളൂ എന്നും മൊഴിയുണ്ട്. കുഞ്ഞിനെ സ്കൂട്ടറിൽ കൊണ്ടുപോയെന്ന് സഹോദരനാണ് മൊഴി നൽകിയത്.

സംഭവത്തിൽ പ്രദേശത്തെ സി.സി.ടി.വി. ദൃശ്യങ്ങളുടെ സഹായത്തോടെ പോലീസ് വ്യാപകമായ തെരച്ചിൽ ആരംഭിച്ചുകഴിഞ്ഞു. അതിഥിത്തൊഴിലാളികളെ കേന്ദ്രീകരിച്ചും കുടുംബത്തിനൊപ്പം വന്ന ആളുകളെ കേന്ദ്രീകരിച്ചും അന്വേഷണം നടക്കുന്നുണ്ട്.

അർധരാത്രി 12-ഓടെയാണ് കുട്ടിയെ കാണാതായത്. കാണാതായപ്പോൾ കുട്ടി കറുപ്പിൽ പുള്ളിയുള്ള ടീഷർട്ടാണ് ധരിച്ചതെന്ന് മാതാപിതാക്കൾ പറയുന്നു. അന്വേഷണത്തിന് അഞ്ച് പോലീസ് സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നഗരത്തിൽ ഉടനീളം പോലീസ് അരിച്ചുപെറുക്കുകയാണ്. അന്വേഷണം അതിർത്തികളിലേക്കും മറ്റു ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

# വന്യജീവി ആക്രമണം: പരിഹാരം വൈകരുതെന്ന് ഹൈക്കോടതി

കൊച്ചി: വയനാട്ടിൽ ഉൾപ്പെടെ ജനവാസ കേന്ദ്രങ്ങളിലേക്കു വന്യമൃഗങ്ങൾ ഇറങ്ങി മനുഷ്യർ മരിക്കുന്ന സാഹചര്യത്തിനു പരിഹാരമുണ്ടാകണമെന്നും മനുഷ്യ-മൃഗ സംഘർഷത്തിൽ സർക്കാർ സമഗ്രമായ നയം രൂപീകരിക്കണമെന്നും ഹൈക്കോടതി നിർദേശിച്ചു. ഇപ്പോൾ നടപടി സ്വീകരിച്ചില്ലെങ്കിൽ ഇതു നേരിടാൻ ബുദ്ധിമുട്ടാകുമെന്നും കോടതി മുന്നറിയിപ്പു നൽകി. കാട്ടുപന്നികളുടെ കാര്യത്തിൽ മാത്രമല്ല, മറ്റു വന്യമൃഗങ്ങളുടെ കാര്യത്തിലും സമഗ്രമായ നയം സംബന്ധിച്ചു സർക്കാരിന്റെ അഭിപ്രായം തേടിയ ഹൈക്കോടതി ഹർജി അടുത്ത മാസം 12-നു പരിഗണിക്കാൻ മാറ്റി.

എ.സി. മുറിയിലിരുന്നു ടി.വി. കണ്ട് അഭിപ്രായം പറയാൻ എളുപ്പമാണ്. വയനാട്ടിൽ ജനങ്ങൾ ഭയചകിതരാണെന്നും അവിടെ താമസിച്ചാൽ മാത്രമേ അതിന്റെ ബുദ്ധിമുട്ടു മനസ്സിലാകുകയുള്ളൂവെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. ഇത്തരം സംഭവങ്ങൾ കേരളത്തിനു നല്ലതല്ല. ടൂറിസം രംഗത്തും ഇതു തെറ്റായ സന്ദേശമാണു നൽകുന്നത്. മനുഷ്യ ജീവനു മുൻഗണന നൽകണമെന്നതിൽ സംശയമില്ല. എന്നാൽ, മൃഗങ്ങളെ കൊല്ലണമെന്നല്ല അതിനർഥം - കോടതി പറഞ്ഞു.

കാട്ടുപന്നികളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഓണററി വൈൽഡ് ലൈഫ് വാർഡൻ നിയമനം സംബന്ധിച്ച ഹർജിയാണു പരിഗണിച്ചത്. വിഷയത്തിൽ അമിക്കസ് ക്യൂറിയായി ജോർജി ജോണിയെ ഹൈക്കോടതി നിയോഗിച്ചു.

# ഇൻസാറ്റ്-3 ഡി.എസ്.

(ഒന്നാം പേജിൽ നിന്നും)

പുത്തൻ ഉപഗ്രഹമെത്തിയതോടെ ഇൻസാറ്റ്-3 ഡി. ഡീകമ്മിഷൻ ചെയ്ത് മറ്റൊരു പരീക്ഷണ ദൗത്യത്തിന് ഉപയോഗിക്കുമെന്ന് ഐ.എസ്.ആർ.ഒ. ചെയർമാൻ എസ്. സോമനാഥ് പറഞ്ഞു. ഗഗൻയാൻ പരീക്ഷണ ദൗത്യത്തിനുള്ള വിക്ഷേപണ വാഹനം തയാറായിക്കഴിഞ്ഞു. അതിന്റെ പലതരത്തിലുള്ള പരീക്ഷണ വിക്ഷേപണങ്ങൾ നടക്കും. ചന്ദ്രയാൻ-4 ദൗത്യത്തെക്കുറിച്ച് ചർച്ചകൾ തുടങ്ങിയതായും അദ്ദേഹം പറഞ്ഞു.

ബഹിരാകാശ ഗവേഷണ രംഗത്തു കുതിപ്പു തുടരുമ്പോഴും 'നിർഭാഗ്യ'ത്തിൽ ആശങ്കപ്പെട്ട് ഐ.എസ്.ആർ.ഒ. കാലാവസ്ഥാ നിരീക്ഷണ ഉപഗ്രഹമായ ഇൻസാറ്റ്-3 ഡി.എസ്. വിക്ഷേപിക്കാൻ ഉപയോഗിച്ച ജി.എസ്.എൽ.വി. റോക്കറ്റിനു നൽകേണ്ട നമ്പറിൽനിന്ന് '13' ഒഴിവാക്കി. കഴിഞ്ഞ വർഷം മേയ് 29-നു നടന്ന ജി.എസ്.എൽ.വി. ദൗത്യത്തിന് ജി.എസ്.എൽ.വി. എഫ്-12 എന്നായിരുന്നു പേര്. ഇത്തവണ ജി.എസ്.എൽ.വി. എഫ്-13 വരേണ്ട സ്ഥാനത്ത് 'എഫ്-14' എന്നാണ് ഉപയോഗിച്ചത്. പി.എസ്.എൽ.വി. റോക്കറ്റിന്റെ കാര്യത്തിലും ഐ.എസ്.ആർ.ഒ. ഇതേ ശൈലി പിന്തുടർന്നിരുന്നു. 13 ഒഴിവാക്കി പി.എസ്.എൽ.വി. സി-14 എന്നാണ് പേരു നൽകിയത്. 13 ഒഴിവാക്കാനുള്ള കാരണത്തെപ്പറ്റി ഔദ്യോഗിക വിശദീകരണമില്ല. അപ്പോളോ-13 ദൗത്യം പരാജയപ്പെട്ടതിനെത്തുടർന്ന്, നാസയും '13' ഒഴിവാക്കിയിരുന്നു.

# ടി.പി. ചന്ദ്രശേഖരൻ വധക്കേസ്

(ഒന്നാം പേജിൽ നിന്നും)

2012 മേയ് നാലിന് ആർഎംപി സ്ഥാപക നേതാവായ ടി.പി. ചന്ദ്രശേഖരനെ വടകരയ്ക്കടുത്തു വള്ളിക്കാട് അക്രമിസംഘം ബോംബെറിഞ്ഞു വീഴ്ത്തിയ ശേഷം വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. ചന്ദ്രശേഖരൻ സി.പി.എമ്മിൽനിന്നു വിട്ടുപോയി തന്റെ സ്വദേശമായ ഒഞ്ചിയത്ത് ആർ.എം.പി. എന്ന പേരിൽ പുതിയ പാർട്ടിയുണ്ടാക്കിയതിനു പകരം വീട്ടാൻ സി.പി.എമ്മുകാരായ പ്രതികൾ കൊല നടത്തിയെന്നാണു പ്രോസിക്യൂഷൻ കേസ്.

# ഇലക്ടറൽ ബോണ്ട് ഭരണഘടനാ വിരുദ്ധം

(ഒന്നാം പേജിൽ നിന്നും)

പണം നൽകുന്നത് എന്നതു പകലുപോലെ വ്യക്തം. തെരഞ്ഞെടുപ്പിലെ കള്ളപ്പണത്തിന്റെ സ്വാധീനം ഇല്ലാതാക്കാനുള്ള ഏകവഴി കടപ്പത്ര പദ്ധതിയല്ല. കടപ്പത്രത്തിന്റെ കാര്യത്തിലെ വിവരാവകാശ പരിമിതി പരിഗണിക്കുമ്പോൾ, ഈ ലക്ഷ്യം നിറവേറ്റുന്ന മറ്റു വഴികളുണ്ട്. രാഷ്ട്രീയ പാർട്ടികൾക്ക് പരിധിയില്ലാതെ കോർപറേറ്റുകളുടെ സംഭാവന നേടാൻ വഴിയൊരുക്കുന്ന കമ്പനികാര്യ നിയമത്തിലെ ഭേദഗതി നിയമവിരുദ്ധമാണ്.

കോടതിയുടെ നിർദേശങ്ങൾ: കേസിൽ സുപ്രീം കോടതി ഇടക്കാല ഉത്തരവു നൽകിയ 2019 ഏപ്രിൽ 12-നു ശേഷം പാർട്ടികൾക്കു കടപ്പത്രം വഴി കിട്ടിയ സംഭാവനാവിവരങ്ങൾ മാർച്ച് ആറിനു മുൻപായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ.) തെരഞ്ഞെടുപ്പ് കമ്മിഷനു കൈമാറണം. കടപ്പത്രങ്ങൾ വാങ്ങിയ തീയതി, ഇതു മാറിയെടുത്തതു വഴി പാർട്ടികൾക്ക് ലഭിച്ച സംഭാവന സംബന്ധിച്ച വിവരങ്ങൾ, എത്ര രൂപ ലഭിച്ചു തുടങ്ങിയ കാര്യങ്ങൾ ഇതിലുണ്ടാകണം. എസ്.ബി.ഐ. നൽകുന്ന വിവരങ്ങൾ മാർച്ച് 13-നു മുൻപായി തെരഞ്ഞെടുപ്പു കമ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം.

രാഷ്ട്രീയ പാർട്ടികളുടെ കൈവശമുള്ളതും മാറിയെടുക്കാത്തതുമായ കടപ്പത്രങ്ങൾ ബാങ്കിന് മടക്കി നൽകണം. കടപ്പത്രം വാങ്ങിയ ആളിന് ബാങ്കുകൾ പണം മടക്കി നൽകണം.

ജഡ്ജിമാരായ ബി.ആർ. ഗവായ്, ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവർക്കു കൂടി വേണ്ടി ചീഫ് ജസ്റ്റിസ് വിധിന്യായമെഴുതിയപ്പോൾ, ജസ്റ്റിസ് സഞ്ജീവ് ഖന്ന പ്രത്യേക വിധിയെഴുതി. വിധിയോടു യോജിച്ചെങ്കിലും വ്യത്യസ്ത കാരണങ്ങൾ നിരത്തിയാണ് ജസ്റ്റിസ് ഖന്നയുടെ പ്രത്യേക വിധിന്യായം.

കടപ്പത്ര പദ്ധതിയുടെ ഭരണഘടനാസാധുത ചോദ്യം ചെയ്ത് അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ്, സി.പി.എം., കോൺഗ്രസ് നേതാവ് ഡോ. ജയ ഠാക്കൂർ, സ്പന്ദൻ ബിസ്വാൾ എന്നിവർ നൽകിയ ഹർജികൾ പരിഗണിച്ചാണ് കോടതി വിധി പറഞ്ഞത്.

# SEEKING BRIDEGROOM

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to:
**cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the

# SEEKING BRIDE

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you." Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at **mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact **224-856-0429** with details and pictures.

## സാറാമ്മ തോമസ്

**കുണ്ടറ:** പേരയം കുഴിക്കല ഴികത്ത് പണിക്കർ വീട്ടിൽ സാറാമ്മ തോമസ് (80) അന്തരിച്ചു. കൊട്ടാരക്കര പനവേലി ചോനാഴികം കുടുംബാംഗമാണ്. ഭർത്താവ് പരേതനായ അഡ്വ. തോമസ് കെ. പണിക്കർ. മക്കൾ: പാസ്റ്റർ വിനോദ് തോമസ്, വിവേക് തോമസ് (യുഎസ്), സ്മിത ബ്രെറ്റ് (ഓസ്ട്രേലിയ), ശുഭ ജോമി. മരുമക്കൾ: അയിരൂർ കുരുടാമണ്ണിൽ ബിനു വിനോദ്, ജ്യോതി ചെറിയാൻ (യുഎസ്), ബ്രെറ്റ് ഫെർണാണ്ടസ് (ഓസ്ട്രേലിയ), കോട്ടയം പാലശേരിൽ ജോമി ഈപ്പൻ.

**മാവേലിക്കര:** തഴക്കര വടക്കേത്തലയ്ക്കൽ തെരുവിലെ വീട്ടിൽ റെബേക്കാമ്മ സഖറിയ (അമ്മിണിക്കുട്ടി-86) അന്തരിച്ചു.

## ഏലിയാമ്മ തോമസ്



**ഹൂസ്റ്റൺ:** വട്ടമറ്റത്തിൽ ഏലിയാമ്മ (78) ഹൂസ്റ്റണിൽ അന്തരിച്ചു. ഉഴവൂർ കോഴിമ്പറമ്പത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ തോമസ്. മക്കൾ: ജിജോ (ഹൂസ്റ്റൺ), ജോമോൻ (യുകെ), ജോൺ (ഹൂസ്റ്റൺ). മരുമക്കൾ: ജിൻസിമോൾ (ആനകുത്തിക്കൽ), ലിൻസി (മുല്ലൂർ), എലിസബത്ത് പറമ്പേട്ട്.

**തൃശൂർ:** ഏജീസ് ഓഫീസ് റിട്ട. ഓഡിറ്റ് ഓഫീസർ കുട്ടനെല്ലൂർ സുരഭി റോഡ് ആടുകുഴിയിൽ എ.സി. ജെയിംസ് (75) അന്തരിച്ചു.

## ഡോ. എം. മാത്യു പണിക്കർ

**കുണ്ടറ:** യുഎസ് ന്യൂക്ലിയർ റഗുലേറ്ററി കമ്മീഷൻ ഉദ്യോഗസ്ഥൻ ആശുപത്രിമുക്ക് കല്ലറയ്ക്കൽ തെക്കേപുരയിൽ ഡോ. എം. മാത്യു പണിക്കർ (78) വാഷിങ്ടണിൽ അന്തരിച്ചു. ഭാര്യ പത്തനംതിട്ട കുമ്പഴ നെടുമ്പ്രത്ത് കുടുംബാംഗം എത്സി. മകൻ: ദിനേശ് മാത്യു പണിക്കർ. മരുമകൾ: മൂവാറ്റുപുഴ തോട്ടത്തിൽ കുടുംബാംഗം ദിവ്യ ദിനേശ് (ഇരുവരും വാഷിങ്ടൺ).

**തലശ്ശേരി:** അവിഭക്ത കെപിസിസി അംഗവും എൻസിപിയുടെ മുതിർന്ന നേതാവുമായ മുതിർന്ന അഭിഭാഷകൻ എ.എം. വിശ്വനാഥൻ (95) അന്തരിച്ചു.

**തോട്ടയ്ക്കാട്:** പരേതനായ തോമസ് ജേക്കബ് ചെത്തിമറ്റത്തിന്റെ ഭാര്യ റോസ് തോമസ് (ലില്ലിക്കുട്ടി-79) അന്തരിച്ചു.

## ജോൺ എബ്രഹാം



**ഡാളസ്:** കോട്ടാങ്ങൽ കുറ്റിപ്പുറത്ത് കുടുംബാംഗമായ ജോൺ എബ്രഹാം (കുറ്റിപ്പുറത്ത് അപ്പച്ചൻ-79) ഡാളസിൽ അന്തരിച്ചു. സെ. തോമസ് ദി അപ്പോസ്തലൻ സീറോമലബാർ ചർച്ച് അംഗമാണ്. ഭാര്യ ശോശാമ്മ ഏബ്രഹാം. മക്കൾ: ലാൽസൺ ജോൺ-ബ്ലെസി, ജിസൺ ജോൺ-ജൂലി, സുജു ഏബ്രഹാം-ജെനി, സജു എബ്രഹാം-റീന.

**കോതമംഗലം:** സിഎംസി പാവനാത്മാ പ്രോവിൻസ് കോതമംഗലം മഠാംഗം സിസ്റ്റർ ക്ലാരൻസ് (അന്നക്കുട്ടി-83) അന്തരിച്ചു.

**മാറഞ്ചേരി:** സിനിമാ-നാടക സംഗീത സംവിധായകൻ കാഞ്ഞിരമുക്ക് മലബാർ മനോഹരൻ (71) അന്തരിച്ചു.

## എം.വി. ജോസഫ്

**വൈക്കം:** വ്യവസായ വകുപ്പ് റിട്ട. ജനറൽ മാനേജർ ഉദയനാപുരം മണിപ്പാടത്ത് എം.വി. ജോസഫ് (99) അന്തരിച്ചു. ഭാര്യ പരേതയായ ത്രേസ്യാമ്മ കൈനകരി മമ്പലത്ത് കുടുംബാംഗം. മക്കൾ: വർഗീസ്, മറിയാമ്മ (യുഎസ്), ജോസ് (യുഎസ്), ആന്റണി (യുഎസ്).ലിസി. മരുമക്കൾ: ഡോ. ജോർജ് തോമസ് പീടിയേക്കൽ അതിരമ്പുഴ (യുഎസ്), അനറ്റ് ഇട്ടിയക്കാട്ട് മരങ്ങാട്ടുപിള്ളി (യുഎസ്), സ്നേഹ നടുകുടിയിൽ ആലുവ (യുഎസ്), റിട്ട. നേവി ക്യാപ്റ്റൻ ജോർജ് ഇലവനാൽ കാക്കനാട്, പരേതയായ ഡെയ്സി തളിയത്ത് ആലുവ.

**പിറവം:** ഈശോസഭ കൊൽക്കത്ത മിഷൻ മുൻ പ്രൊവിൻഷ്യലും സെ. സേവ്യേഴ്സ് കോളജ് മുൻ പ്രിൻസിപ്പലുമായ പിറവം പഴയവീട്ടിൽ ഫാ. പി.സി. മാത്യു (85) അന്തരിച്ചു.

**ഫാത്തിമാപുരം:** കളത്തിൽ ആൻസി ജോസഫ് (അക്കാമ്മ-64) അന്തരിച്ചു.

**മാന്നാർ:** എസ്ബിടി റിട്ട. ജീവനക്കാരൻ തേക്കാട്ടിൽ ടി.സി. കുര്യൻ (ബേബി ആലപ്പാട്ട്-72) അന്തരിച്ചു.

**വാഴൂർ:** കൊടുങ്ങൂർ കോലത്തുപറമ്പിൽ കെ.എൻ. സജിമോൻ (52) അന്തരിച്ചു.

**പൈക:** വെച്ചൂർ പടിഞ്ഞാറേതിൽ ജോൺ വർഗീസ് (ജോർജ്-72) അന്തരിച്ചു.

**കുടമാളൂർ:** ചാമത്ര ഭാഗത്ത് പ്ലാമ്പറമ്പിൽ ത്രേസ്യാമ്മ ദേവസ്യ (വത്സമ്മ-64) അന്തരിച്ചു.

## സുരേഷ് മാണി

**കോട്ടയം:** പാലാ അമ്പാട്ടുപറമ്പിൽ സുരേഷ് മാണി (52) യുഎസിൽ അന്തരിച്ചു. ഭാര്യ കീഴൂർ പുത്തൂർ ചെങ്ങമറ്റത്തിൽ ബിനു (യുഎസ്). മക്കൾ: ട്രീന, സെറീന.

**തിരുവല്ല:** ബഥനി മിശിഹാനുകരണ സന്യാസ സമൂഹം നവജ്യോതി പ്രോവിൻസ് അംഗം ഫാ. ലാസറസ് പാലനിൽക്കുന്നതിൽ (91) അന്തരിച്ചു.

## ഏലിയാമ്മ ജോൺ

**വാളക്കുഴി:** ശാന്തിപുരം കിഴക്കേപറമ്പിൽ ഏലിയാമ്മ ജോൺ (അമ്മിണി-80) അന്തരിച്ചു. റാന്നി ഇടമൺ തേവർവേലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.സി. ജോൺ. മക്കൾ: രാജു, കൊച്ചുമോൻ (യുഎസ്), പരേതനായ എബി. മരുമക്കൾ: നാരകത്താനി വെള്ളായിൽ ലിസി, പാമ്പാടി ഉപ്പൂട്ടിൽ ലൗലി (യുഎസ്.)

## ഏലിയാമ്മ കുര്യൻ



**ചാമക്കാല:** അയത്തിൽ പരേതനായ കുര്യന്റെ ഭാര്യ ഏലിയാമ്മ കുര്യൻ (87) അന്തരിച്ചു. കുറുമുള്ളൂർ കുഴിയംപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജോയി, മിനിമോൾ സാബു (ഓസ്ട്രേലിയ), ജെസി ടോമി (ഡൽഹി), അനിത ജയിൻ (യുഎസ്), ജോബി (യുകെ). മരുമക്കൾ: സാലി കുടുംബകുഴിയിൽ (കുടല്ലൂർ), സിബി പുളിക്കമ്യാലിൽ (ചാമക്കാല), ടോമി വട്ടാടികുന്നേൽ (ഉഴവൂർ), ജെയിൻ മാത്യു കളരിക്കൽ (ചെറുകര), ലിസ്ബി കുഴിപ്ലാക്കിൽ (ഉഴവൂർ).

**അമയന്നൂർ:** അരീപ്പറമ്പ് ഗവ. എച്ച്എസ്എസ് റിട്ട. ടീച്ചർ വെട്ടിക്കുളം വീട്ടിൽ ടി.ഡി. അന്ന (78) അന്തരിച്ചു.

**അരുവിത്തുറ:** തുണ്ടത്തിൽ ടി.ടി. തോമസ് (കുഞ്ഞുകുട്ടി-81) അന്തരിച്ചു.

**കോട്ടയം:** കഞ്ഞിക്കുഴി സ്കൈലൈൻ മോണ്ടികാർലോ അപ്പാർട്ട്മെന്റ് കുന്നേൽ ഏബ്രഹാം ജോസഫ് (കുഞ്ഞുട്ടി-72) അന്തരിച്ചു.

**കോട്ടയം:** റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥൻ പരിപ്പ് രാംനിവാസിൽ ജി. രാമകൃഷ്ണൻ (84) അന്തരിച്ചു.

**കുറുപ്പന്തറ:** മുട്ടുചിറ പഞ്ഞിപ്പറമ്പിൽ അന്നമ്മ മാത്യു (98) അന്തരിച്ചു.

**കുറ്റൂർ:** വിമുക്തഭടൻ തെങ്ങേലി കുളപ്പള്ളിൽ കെ.ഒ. ജോസഫ് (ബേബി-84) അന്തരിച്ചു.

## ഡോ. സുനിൽ കെ. രാഹുലൻ

**കോഴിക്കോട്:** പി.ടി. ഉഷ റോഡ് ജയന്തി നഗർ കോളനി ദീപത്തിൽ ഡോ. സുനിൽ കെ. രാഹുലൻ (58) അന്തരിച്ചു. ഭാര്യ ഡോ. ദീപ സുനിൽ (അബുദാബി). മക്കൾ: വേണിക, വിനയ് (ഓസ്ട്രേലിയ), ഡോ. ദിയ സുനിൽ (യുഎസ്). മരുമകൻ: വിനയ് ശ്രീനിവാസൻ (ഓസ്ട്രേലിയ).

**കറുകച്ചാൽ:** മുംബൈ ടാറ്റാ മെമ്മോറിയൽ കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റിട്ട. സീനിയർ സയന്റിസ്റ്റ് ശിവശക്തിയിൽ ഡോ. കെ.എൻ.എസ്. പണിക്കർ (81) അന്തരിച്ചു.

## അക്കാമ്മ മത്തായി

**കുമരകം:** മുട്ടത്തുവാക്കൽ അക്കാമ്മ മത്തായി ഗ്രേസി-91) അന്തരിച്ചു. പാമ്പാടി നീലിയാനിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.ഐ. മത്തായി. മക്കൾ: പരേതനായ ജേക്കബ് മാത്യു, സൂസി മാത്യു, ജോർജ് മാത്യു (യുഎസ്). മരുമക്കൾ: എലിസബത്ത് ജേക്കബ് കൊച്ചേട്ട് പുത്തൻപറമ്പിൽ, എബി മാത്യു ചാണാംശേരിൽ, മേരി ജോർജ് നരിമറ്റത്തിൽ.

**റാന്നി:** ശാരോൻ ഫെലോഷിപ് ചർച്ച് ശുശ്രൂഷകൻ ഇടമൺ പുളിനിൽക്കുംപറമ്പിൽ (പാലത്തിങ്കൽ) പാസ്റ്റർ പി.പി. ഏബ്രഹാം (68) അന്തരിച്ചു.

**തൊടുപുഴ:** ന്യൂമാൻ കോളജ് റിട്ട. അദ്ധ്യാപകൻ തെക്കുംഭാഗം തൈക്കാട്ടിൽ പ്രഫ. ജേക്കബ് ജോസ് (82) അന്തരിച്ചു.

**കുറുമുള്ളൂർ:** കണ്ണമ്പള്ളി (ചങ്ങാംമൂലയിൽ) മേരി മാത്യു (86) അന്തരിച്ചു.

## പ്രസന്നകുമാരി

**തിരുവനന്തപുരം:** സംവിധായകൻ അശോക് ആർ. നാഥിന്റെ അമ്മ പ്രസന്നകുമാരി (82) അന്തരിച്ചു. ഭർത്താവ് പരേതനായ നരുവാമൂട് മാറഞ്ചൽ ക്കോണം പാലാമൺ രഘുനാഥൻ നായർ. മറ്റുമക്കൾ: ആർ. രാധാകൃഷ്ണൻ, സന്ധ്യ, ജയൻ. മരുമക്കൾ: എസ് സുപ്രിയ, സിന്ധു അശോക് (യുഎസ്.ടി ഗ്ലോബൽ), ജയ ശ്രീകുമാർ.

**കടുത്തുരുത്തി:** മാന്നാർ പനക്കൽ (ലില്ലിവിലാസം) ത്രേസ്യാമ്മ (64) അന്തരിച്ചു.

**പാലാ:** വെള്ളിയേപ്പള്ളി വേങ്ങത്തടത്തിൽ വി.ടി. ജോർജ് (കുട്ടപ്പൻ-84) അന്തരിച്ചു.

**നെടുങ്കുന്നം:** റിട്ട. സിവിൽ പോലീസ് ഓഫീസർ വഴിപ്ലാക്കൽ വി.ജെ. മാത്യു (84) അന്തരിച്ചു.

**ചങ്ങനാശേരി:** തുരുത്തി പുത്തൻപുരയ്ക്കൽ ജോസഫ് സ്കറിയ (65) അന്തരിച്ചു.

**കോതമംഗലം:** ചെങ്കര അടപ്പൂർ സണ്ണി ജോസഫ് (58) അന്തരിച്ചു.

**പുത്തൻവേലിക്കര:** കോലഞ്ചേരി ജോസഫ് (63) അന്തരിച്ചു.

## ഐപ്പ് മാത്യു

**നാഗപ്പുഴ:** കൊട്ടാരത്തിൽ (ഏഴാനിക്കാട്ട്) ഐപ്പ് മാത്യു (മത്തച്ചൻ-87) അന്തരിച്ചു. ഭാര്യ കക്കുഴിയിൽ ബ്രിജീറ്റ്. മക്കൾ: ജോ, സിബി, മേർളി, ടോമി (യുഎസ്), പുഷ്പ, ആൻസി, വിൻസി (ഓസ്ട്രേലിയ). മരുമക്കൾ: ഏഴല്ലൂർ കളപ്പുരയിൽ ഷീന, കുത്തുകുഴി പാറങ്കിമാലിൽ സിന്ധു, പെരുമണ്ണൂർ പുലക്കുടിയിൽ സെബാസ്റ്റ്യൻ, റിന്റോ മണിക്കത്താൻ (യുഎസ്), പൈങ്ങോട്ടൂർ വെട്ടിയാംകണ്ടത്തിൽ സോജൻ, ഫിലിപ്പ് പുളിക്കൽ (ഓസ്ട്രേലിയ).

**കോട്ടയം:** വയലത്തല ചെമ്പോത്തറ ഫിലിപ്സ് വില്ലയിൽ ജോർജ് ഫിലിപ്പ് (ജോജി-69) അന്തരിച്ചു.

## ഏലിയാമ്മ അഗസ്റ്റിൻ



**ചെത്തിപ്പുഴ:** ഗവ. ഓഫ് നാഗാലാൻഡ് റിട്ട. ജോ. ഡയറക്ടർ പാലത്തിങ്കൽ പാട്ടത്തിൽചിറയിൽ പി.സി. അഗസ്റ്റിന്റെ ഭാര്യ ഏലിയാമ്മ അഗസ്റ്റിൻ (74) അന്തരിച്ചു. ചേന്നങ്കരി വടക്കേടം കുടുംബാംഗമാണ്. മക്കൾ: ജെയിംസ് അഗസ്റ്റിൻ, ജോസഫ് അഗസ്റ്റിൻ, ജെസി ബിജു (യുഎസ്), ജോഫി അഗസ്റ്റിൻ. മരുമക്കൾ: ബിജു ആന്റണി (യുഎസ്), മഞ്ജു ജെയിംസ്, ജോജി ജോസഫ്, സിന്തോസി.

**മല്ലപ്പള്ളി ഈസ്റ്റ്:** റിട്ട. ജുഡീഷ്യൽ ശിരസ്തദാർ ശ്രീശാം മൂടകല്ലുങ്കൽ പി.ജെ. നായർ (കുട്ടപ്പൻ-89) അന്തരിച്ചു.

**കാഞ്ചിയാർ:** ചെന്നിലത്ത് കുന്നേൽ മാത്യു സ്കറിയ (കുട്ടപ്പൻ-73) അന്തരിച്ചു.

**മരങ്ങാട്ടുപിള്ളി:** ആണ്ടൂർ പാലത്താനത്തു പടവിൽ പി.വി. ജോൺ (88) അന്തരിച്ചു.

**പെരുമ്പാവൂർ:** ദക്ഷിണകാശി എന്നറിയപ്പെടുന്ന ചേലാമറ്റം ശ്രീകൃഷ്ണാ ക്ഷേത്ര ദേവസ്വം ട്രസ്റ്റ് മുൻ പ്രസിഡണ്ട് വേലിയാംകോൽ മനയിൽ വി.എൻ. നാരായണൻനമ്പൂതിരി (കുഞ്ചുതിരുമേനി-84) അന്തരിച്ചു.

**കടുവാക്കുളം:** മുട്ടുംപുറം വീട്ടിൽ അച്ചൻകുഞ്ഞ് (81) അന്തരിച്ചു.

**കുറുമ്പനാടം:** പുത്തൻപുരയ്ക്കൽ ഫിലോമിന ജയിംസ് (63) അന്തരിച്ചു.

**എസ്.എച്ച്.മൗണ്ട്:** ഊരേട്ടുപറമ്പിൽ അന്നമ്മ തോമസ് (72) അന്തരിച്ചു.

**കുറിച്ചി:** വാഴുത്രയിൽ കുഞ്ഞമ്മ കുര്യാക്കോസ് (64) അന്തരിച്ചു.

## ചാക്കോ എൻ. തോമസ്

**തിരുവനന്തപുരം:** ഏജീസ് ഓഫീസ് റിട്ട. സീനിയർ അക്കൗണ്ട്സ് ഓഫീസറും അക്കൗണ്ടന്റ് ജനറലിന്റെ സെക്രട്ടറിയുമായിരുന്ന മ്യൂസിയം ബെയ്ൻസ് കോമ്പൗണ്ട് നന്തികാട്ട് ചാക്കോ എൻ. തോമസ് (81) അന്തരിച്ചു. ഭാര്യ ചങ്ങനാശേരി ഫാത്തിമാപുരം മണലോടിപ്പറമ്പിൽ ലില്ലിക്കുട്ടി തോമസ് (റിട്ട. അഡീ. സെക്രട്ടറി, സെക്രട്ടേറിയറ്റ്). മക്കൾ: പ്രഫ. ഡോ. വിനു തോമസ് (ഡീൻ. എപിജെ അബ്ദുൾകലാം യൂണിവേഴ്സിറ്റി), ദിപു തോമസ് (യുഎസ്). മരുമക്കൾ: ഡോ. സുമിത മാത്യു (അസോ. പ്രഫ. മോഡൽ എൻ. കോളജ് എറണാകുളം), ക്രിസ് തോമസ് (യുഎസ്).

**കുടമാളൂർ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ കുടമാളൂർ ഭവനാംഗമായ സിസ്റ്റർ ലിസ്യു (82) അന്തരിച്ചു.

**കോട്ടയം:** കോ-ഓപ്പറേറ്റീവ് സൊസൈറ്റി റിട്ട. ജോ. രജിസ്ട്രാർ കഞ്ഞിക്കുഴി ദീപ്തി നഗർ രാജശ്രീയിൽ കെ. ബാലകൃഷ്ണപിള്ള (94) അന്തരിച്ചു.

## എം.എൻ. ഭാസ്കരൻ നായർ

**പള്ളിക്കത്തോട്:** ആനിക്കാട് കയ്യൂരി ഒട്ടമ്മാക്കൽ എം.എൻ. ഭാസ്കരൻ നായർ (96) അന്തരിച്ചു. ഭാര്യ ഡോ.സത്യലതാദേവി.. മക്കൾ: ബി. രാജഗോപാൽ, ഡോ. ബി. വേണുഗോപാൽ, ബി.ഹരികുമാർ, ബി. ശ്രീകുമാർ, വിജയകുമാർ (യുഎസ്). മരുമക്കൾ: സുധ രാജഗോപാൽ പൂവത്തറ, നിഷാദേവി, കെ.എൽ. ഗംഗ, അമ്പിളി അനുഭവൻ മൂലേടം, നിരഞ്ജന തുണ്ടിയിൽ (തിരുവല്ല).

**പള്ളിപ്പുറം:** പഞ്ചായത്ത് 16-ാം വാർഡ് ഒറ്റപ്പുന്ന ചിറ്റേഴത്ത് തോമസ് ഔസേപ്പ് (വാവച്ചൻ-91) അന്തരിച്ചു.

## ഗ്രേസി ജെയിംസ്

**അതിരമ്പുഴ:** ചാവേലിൽ ഗ്രേസി ജെയിംസ് (87) അന്തരിച്ചു. ചങ്ങനാശേരി മംഗ്ലാവ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി.എം. ജെയിംസ്. മക്കൾ: പുഷ്പമ്മ ആന്റണി, സുഷമ സുരേഷ്, ഷൈനി ജിറ്റിൻ (യുഎസ്), ഷാജി ജെയിംസ്, ഷീബ രാജൻ. മരുമക്കൾ: ആന്റണി തോമസ് കൊച്ചുപുരയ്ക്കൽ (മുട്ടാർ), സുരേഷ് ജോസഫ് ചിറയിൽ (കിടങ്ങറ), ജിറ്റിൻ (ന്യൂജേഴ്സി), ബിനു ഷാജി കാട്ടുപ്പാറ (തെള്ളകം), ഇടിക്കുള രാജൻ ഇടയിലെവീട് (നൂറനാട്).

**തിരുവല്ല:** കുറ്റൂർ തെങ്ങേലി കോളനിയിൽ കുഞ്ഞുകുട്ടി (65) അന്തരിച്ചു.

**ചെറിയനാട്:** കിഴക്കേ കോക്കാപള്ളിൽ എസ്. ജോൺ (75) അന്തരിച്ചു.

**കോട്ടയം:** ഏറ്റുമാനൂർ കണ്ടത്തിൽ കുര്യൻ മാത്യു (സുഭാഷ്-65) അന്തരിച്ചു.

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ: (630) 205-5078**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

**Visit Our Website: www.keralaexpress.com for Classified Advt.**

## CAREGIVER WANTED IN SEATTLE, WASHINGTON

We are looking for nanny to take care of a our new born baby and also help with basic house chores in Seattle, Washington

**Please contact me at**

**4142178109**

## NANNY WANTED IN CHICAGO AREA

Looking for a Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.

**If interested,**

**please TEXT 630-935-4333**

**We offer competitive pay.**

## CAREGIVER WANTED IN SAN JOSE, CA.

A Malayalee family is looking for a live-in (preferred) nanny for their kids.

**Please contact**

**+1 281-386-7472**

### *Favors Received*



എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്ന്, നിന്റെ സഹായം അപേക്ഷിച്ച്, നിന്റെ മാധ്യസ്ഥം യാചിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ലെന്ന് ഓർക്കണമേ. കന്യകകളുടെ രാജ്ഞി, ദയയുള്ള മാതാവേ, ഇപ്രകാരമുള്ള വിശ്വാസത്താൽ ധൈര്യം പ്രാപിച്ച്, നിന്റെ തൃപ്പാദത്തിങ്കൽ ഞാനടുത്തു വരുന്നു. പാപിയായ ഞാൻ നെടുവീർപ്പോടും കണ്ണുനീരോടും കൂടെ നിന്റെ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൽ മാതാവേ, എന്റെ അപേക്ഷ നിരസിക്കാതെ ദയാപൂർവം കേട്ടരുളേണമേ. ആമേൻ.

*Inserted by: Firm Believer, Houston*

### *Favors Received*



എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്ന്, നിന്റെ സഹായം അപേക്ഷിച്ച്, നിന്റെ മാധ്യസ്ഥം യാചിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ലെന്ന് ഓർക്കണമേ. കന്യകകളുടെ രാജ്ഞി, ദയയുള്ള മാതാവേ, ഇപ്രകാരമുള്ള വിശ്വാസത്താൽ ധൈര്യം പ്രാപിച്ച്, നിന്റെ തൃപ്പാദത്തിങ്കൽ ഞാനടുത്തു വരുന്നു. പാപിയായ ഞാൻ നെടുവീർപ്പോടും കണ്ണുനീരോടും കൂടെ നിന്റെ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൽ മാതാവേ, എന്റെ അപേക്ഷ നിരസിക്കാതെ ദയാപൂർവം കേട്ടരുളേണമേ. ആമേൻ.

*Inserted by: Firm Believer, Houston*

KERALA EXPRESS നോവൽ

## കഥ ഇതുവരെ

**സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. മല്ലികച്ചിറ്റയുടെ വീട്ടിലെത്തിയ സന്ദീപും കൂട്ടരും വന്ന കാർ ഹേമചന്ദ്രൻ കൊണ്ടുവന്ന ഗുണ്ടകൾ അടിച്ച് തകർത്തു. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഭാസ്കരമേനോന്റെ മുന്നിൽവെച്ച് മാളവികയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും സന്ദീപ് മല്ലികയോടു വെളിപ്പെടുത്തി. ഹേമചന്ദ്രൻ സസ്പെൻഷനിലാകുന്നു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമാകുന്നു. തന്റെ വീട്ടിലെത്തിയ ഭാസിയമ്മാമയോട്, മാളു ജീവിച്ചിരിപ്പുണ്ടോ എന്നു ജയദേവൻ നമ്പ്യാർ ചോദിച്ചെങ്കിലും അതിന് ഉത്തരമുണ്ടായില്ല...**

# കാണാത്ത തീരങ്ങൾ

**ജോയ്സി**

## 84

വീടിനുള്ളിൽനിന്നു ശ്രീലക്ഷ്മി കൂടി ഇറങ്ങിവന്നു.

ഒരു ഗുണ്ട വന്നിരിക്കുന്നു എന്നാണ് വിശാഖ് ശ്രീലക്ഷ്മിയോടു പറഞ്ഞത്. അല്ലിമ ആരെന്ന തിരിച്ചറിവും മണിമലയിലെ ചില ആളുകളിൽനിന്നുള്ള വെല്ലുവിളികളും ഭീഷണികളും ഒരു സുരക്ഷിതത്വമില്ലായ്മയും ആശങ്കയും അവരിൽ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു.

അല്ലിമയെ കുറച്ചു കരുതലോടെയാണു കാക്കുന്നത്. ശ്രീലക്ഷ്മി വന്നപ്പോൾ രാജഗോപാൽ പരിചയപ്പെടുത്തി:

"ചന്ദ്രബാബു എന്നയാളിന്റെ ബ്രദറാണെന്നു പറഞ്ഞു. അനിബാബു."

ശ്രീലക്ഷ്മി സംശയത്തിലാണ് അയാളെ നോക്കിയത്.

"കേറിയിരിക്കുന്നോ?" രാജഗോപാൽ സംശയംവിടാതെ ചോദിച്ചു.

"ഇല്ല. എന്നെ പരിചയമില്ലല്ലോ. നിങ്ങൾക്കു സംശയോം പേടീം കാണും..."

അനിബാബു പറഞ്ഞു.

"അതുണ്ട്." രാജഗോപാൽ സമ്മതിച്ചു.

"ആരേം വിശ്വസിക്കാൻ വയ്യാത്ത ഒരു സാഹചര്യത്തിലാ ഞങ്ങളിപ്പോ. ഞങ്ങളുടെ നേർക്ക് ആക്രമണം ഉണ്ടാകാനുള്ള സാധ്യതപോലും ഉണ്ട്."

"മനസ്സിലായി. എനിക്കിവിടെ നിന്നോണ്ടു സംസാരിച്ചാ മതി. കേറിയിരിക്കാൻ പറഞ്ഞാലും ഞാൻ വരത്തില്ല. ഒന്നാമത് ഞാനൊരു ജയിൽപുള്ളിയാ. കള്ളനാ... ക്വട്ടേഷൻ പണീം ചെയ്തിട്ടൊണ്ട്. പൊറകോട്ടു നോക്കിയാലും മുമ്പോട്ടു നോക്കിയാലും... എന്റെ ജീവിതം മുക്കാലും ജയിലിത്തന്നെയാ."

അനിബാബു വെളിപ്പെടുത്തി.

"ജയിലിൽ പോകാനുള്ള കാരണം?" രാജഗോപാൽ ചോദിച്ചു.

"ഒരുപാട് കാരണങ്ങളൊണ്ട്. സത്യം പറഞ്ഞാ പോലീസാ എന്നെ കള്ളനാക്കിയത്."

"അതെങ്ങനെ സംഭവിച്ചു?"

"അതൊക്കെ വല്യ കഥയാ സാറേ. എന്റെ അനുഭവം വെച്ചോണ്ടു ഞാൻ പറയുവാ... പോലീസും കള്ളൻമാരും തമ്മിൽ മൂന്നു വെത്തിയാസമേ ഒള്ള്. ഒന്ന്, പോലീസിനു യൂണിഫോം ഒണ്ട്. കള്ളന് അതില്ല. രണ്ട്, പോലീസിന് സർക്കാര് ശമ്പളം കൊടുക്കും. കള്ളൻ മോഷ്ടിച്ചും പിടിച്ചുപറിച്ചും കള്ളക്കടത്തു നടത്തീം ഒണ്ടാക്കണം. മൂന്ന്, പോലീസിന് ഏതു പട്ടാപ്പകലും ആരേം പേടിക്കാതെ എറങ്ങി നടക്കാം. കള്ളന് അതു പറ്റത്തില്ല."

"നിങ്ങൾ പറയുന്നപോലല്ലാത്ത നല്ല നല്ല പോലീസ് ഉദ്യോഗസ്ഥൻമാർ ധാരാളമുണ്ട്."

"നല്ല നല്ല കള്ളൻമാരുമൊണ്ട് സാറേ."

"അനിബാബു വന്നത് എന്തിനാണെന്നു പറഞ്ഞില്ല."

"സാറേ... ഞാൻ ജയിലീന്നെറങ്ങി വന്നപ്പം അച്ഛനും അമ്മേം ഒരു കാര്യം പറഞ്ഞു. ന്റെ ചന്ദ്രേട്ടന്റെ മോള് വീട്ടി വന്നിട്ടൊണ്ടായിരുന്നെന്ന്. അതു കേട്ടപ്പ മൊതല് എനിക്കൊരു സമാതാനോം ഇല്ല സാറേ... ഇരിക്കാനും നിക്കാനും വയ്യ. തൊണ്ണക്ക് താഴോട്ട് പച്ചവെള്ളംപോലും എറങ്ങുന്നില്ല. ആകപ്പാടെ വല്ലാത്ത പരവേശം. എനിക്കാ കൊച്ചിനെയൊന്നു കാണണം."

ഉൽക്കടമായ അഭിവാഞ്ഛയോടെയാണു പറയുന്നത്.

"പലതരത്തിലൊള്ള ഭീഷണി ഒള്ളതുകൊണ്ട് ഞങ്ങൾ ഇപ്പോ അവളെ പുറത്തേക്കു വിടാറില്ല." രാജഗോപാൽ പറഞ്ഞു.

"എന്നെ പരിശോധിക്കാം. എന്റെ കയ്യിൽ കത്തീം തോക്കും ഒന്നുമില്ല. ഞാൻ ആ ഗേറ്റിനടുത്തോട്ട് മാറിനിന്നാ മതിയോ?"

രാജഗോപാലിനു പിന്നെ സംശയമൊന്നും ഉണ്ടായില്ല.

"അല്ലിമോളോടു വരാമ്പറ." അയാൾ ശ്രീലക്ഷ്മിയോടു പറഞ്ഞു.

ശ്രീലക്ഷ്മി അകത്തേക്കു കയറിപ്പോയി.

അനിബാബു കാർപോർച്ചിൽനിന്ന് ഇറങ്ങി മുറ്റത്തേക്കു മാറിനിന്നു.

ശ്രീലക്ഷ്മി അല്ലിമയെയും കൂട്ടി വന്നു.

"എന്താ അച്ഛാ?"

"ചന്ദ്രബാബുവിന്റെ ബ്രദർ വന്നിട്ടൊണ്ട്, നിന്നെക്കാണാൻ." മാറത്തു കൈ കെട്ടി മുറ്റത്തു മാറിനിൽക്കുന്ന ആളെ അല്ലിമ കണ്ടു. തന്റെ അച്ഛന്റെ അനുജനോ ഇയാൾ?

"നിങ്ങളെ ഞങ്ങൾക്കു പേടിയൊന്നുമില്ല. ഇങ്ങടുത്തു വന്നോളൂ." രാജഗോപാൽ പറഞ്ഞു.

അനിബാബു സിറ്റൗട്ടിനു നേർക്കുവന്നു. അല്ലിമ അയാളെ അടിമുടി നോക്കി. കണ്ണിൽ തിളങ്ങുന്ന അതിശയവും അഭിമാനവും ആനന്ദവുമൊഴികെ ബാക്കിയെല്ലാം ഒരു ഗുണ്ടയുടെ ലക്ഷണങ്ങൾ തന്നെ. എങ്കിലും അല്ലിമയ്ക്കു ഭയമൊന്നും തോന്നിയില്ല.

സിറ്റൗട്ടിന്റെ പടിക്കു താഴെ അനിബാബു ചെന്നു നിന്നു.

"എന്റെ ചേട്ടന്റെ മോളല്ലേ..."

വികാരാധീനനായി അയാൾ ചോദിച്ചു.

അല്ലിമ തലയാട്ടി.

"വിശ്വസിക്കണ്ട. കള്ളനാ. എന്നാലും പറയുവാ... മോൾടെ കൊച്ചച്ഛനാ..."

അല്ലിമ വീണ്ടും തലയാട്ടി.

"ഇങ്ങനൊരു മോളൊണ്ടെന്നും വന്നിട്ടുപോയെന്നും അച്ഛൻ പറഞ്ഞപ്പം എനിക്കു വിശ്വാസം വന്നില്ല. ഒണ്ടെന്നുപോലും അറിയത്തില്ലാരുന്നല്ലോ, അപ്പത്തന്നെ എനിക്കു കാണണം. അതാ ഞാൻ വന്നെ..."

"കണ്ടപ്പോ വിശ്വാസമായോ?" അല്ലിമ ചോദിച്ചു.

"ഇനി ഒരു സംശയോം ഇല്ല എനിക്ക്. ഇത്രേം മതി." അല്ലിമ, അനിബാബുവിനെത്തന്നെ നോക്കിനിന്നു.

"എന്റ ചന്ദ്രേട്ടൻന്നുവെച്ചാ എനിക്കു ജീവനാരുന്നു... ചേട്ടനും ചേച്ചിക്കും വേണ്ടിയാ ഞാനീ കോലത്തിലായത്, ഒരു വെഷമം ഒണ്ടാരുന്നു. അവർ രണ്ടുപേരും കൈവിട്ടു പോയല്ലോന്ന്... ഇപ്പ എനിക്കു സമാതാനമായി..." പറഞ്ഞുവരുന്നതിനിടയിൽ അയാളുടെ തൊണ്ടയിടറി.

"ഇനി ഞാനങ്ങ് പൊക്കോട്ടെ?"

"എന്തെങ്കിലും കഴിച്ചിട്ട് പോകാം. രാവിലെ ഒന്നും കഴിച്ചുകാണില്ലല്ലോ?" അല്ലിമ പറഞ്ഞു.

"വേണ്ട മോളെ. ഞാനങ്ങ് പൊക്കോളാം..."

"ഒരു ചായയെങ്കിലും കുടിച്ചിട്ട്... ഞങ്ങളവിടെ വന്നപ്പോ മുത്തശ്ശി കട്ടൻകാപ്പി ഇട്ടു തന്നാരുന്നു."

"അതും പറഞ്ഞു അമ്മ. ചന്ദ്രേട്ടന്റേം ചേച്ചീടേം ഫോട്ടോ ചോദിച്ചതും പെട്ടി തന്നു വിട്ടതും എല്ലാം പറഞ്ഞു. അമ്മയ്ക്കും അച്ഛനും കണ്ട് കൊതിതീർന്നില്ലാന്ന്... ആരും ഇല്ലല്ലോന്നു വിചാരിച്ച് കഴിയുമ്പം പെട്ടെന്നൊരു ദിവസം വന്നിട്ട് പോയതല്ലേ. പറയുമ്പഴെല്ലാം അമ്മയിരുന്നു കരയുവാ."

"ഇങ്ങോട്ടു കേറിയിരിക്ക്... ഞാൻ ചായ എടുത്തോണ്ടു വരാം." അല്ലിമ പറഞ്ഞു.

"ഇരിക്കണ്ട മോളെ. ചായ തന്നാൽ കുടിച്ചോളാം."

അല്ലിമ രണ്ടു നിമിഷം അയാളെ നോക്കി നിന്നിട്ട് അകത്തേക്കു പോയി. അനിബാബുവിന്റെ മുഖത്തെ വികാരവൈവശ്യം രാജഗോപാൽ കാണുന്നുണ്ടായിരുന്നു.

"സിറ്റൗട്ടിലോട്ടെങ്കിലും കയറിയിരിക്കൂ. ഞങ്ങൾക്ക് സംശയമൊന്നുമില്ല." രാജഗോപാൽ പറഞ്ഞു.

"ഇരിക്കാൻ പറ്റത്തില്ല സാറേ. അത്രയ്ക്കും സന്തോഷമായി, ചന്ദ്രേട്ടൻ പോയിട്ട് ഇരുപത്തിരണ്ടു കൊല്ലം കഴിഞ്ഞു. ജീവിച്ചിരുപ്പില്ലാന്ന് ഞങ്ങക്കറിയാം... ചന്ദ്രേട്ടന്റേതായിട്ട് ഒന്നും ഇല്ലല്ലോന്ന് ഓർത്ത് ഒരുപാടു വെഷമിച്ചിട്ടൊണ്ട്. ഞാനൊരു പത്തുപതിനാറ് കൊല്ലം മുന്നേ ആരും അറിയാണ്ട് ഒരന്വേഷണം നടത്തിയാരുന്നു. ഒരു സന്ധ്യകഴിഞ്ഞ നേരത്ത് അവർ വന്നു ചേച്ചീനെ വിളിച്ചോണ്ടു പോകുമ്പ എനിക്കു പതിനഞ്ച് വയസ്സാ. അന്ന് ചേച്ചിക്കു പ്രസവിക്കാൻ ഒരു മാസം തെകച്ചില്ല. ചേച്ചി ജീവനോടെ ഒണ്ടോ, പ്രസവിച്ചോ, കുഞ്ഞൊണ്ടോ എന്നൊക്കെ അറിയാൻ വേണ്ടിയാ..."

"എന്നിട്ടെന്തെങ്കിലും അടയാളം കിട്ടിയോ?"

"ഇല്ല സാറേ... ചേച്ചിയില്ല, ചേച്ചി പ്രസവിക്കേണ്ട കുഞ്ഞില്ല... ഒന്നും ഇല്ല. എവിടെങ്കിലും ഒണ്ടായാ മതിയാരുന്നു, നമ്മക്ക് അവകാശമൊന്നും വേണ്ട. എന്നാലും ചന്ദ്രേട്ടന്റെ ഒരു കുഞ്ഞ് എവിടെയെങ്കിലും ജീവിച്ചിരിപ്പൊണ്ടെന്ന് അറിയണത് വല്യൊരു സമാതാനമാണല്ലോ... പക്ഷേ, ഒന്നും കണ്ടുപിടിക്കാമ്പറ്റിയില്ല. ഒരറിവോ അടയാളമോ ഒന്നുമില്ല. ഞാൻ വിചാരിച്ചത്, ചേച്ചീനേം കൊന്നു കളഞ്ഞെന്നാ. അച്ഛനോടും അമ്മയോടും ഞാൻ ഒന്നും പറഞ്ഞില്ല. വെറുതെ എന്തിനാ അവരെക്കൂടെ..."

"ഇപ്പഴും ഞങ്ങൾക്കറിയില്ല മാളവിക ജീവനോടെയുണ്ടോ ഇല്ലയോന്ന്."

രാജഗോപാൽ പറഞ്ഞു.

"എന്നാലും നിങ്ങൾക്ക് ചന്ദ്രേട്ടനെ അന്വേഷിക്കാൻ തോന്നീല്ലോ... മണിമലേലെ ഞങ്ങടെ വീട്ടിലും പെരുവന്താനത്തും മുറിഞ്ഞപുഴേലും ഒക്കെ തെരഞ്ഞു പോയല്ലോ... ചന്ദ്രേട്ടന്റെ മോള് അച്ഛനേം അമ്മേം തെരഞ്ഞ് പെരിയാർവാലീലെ ഞങ്ങടെ വീട്ടീവരെ വന്നെന്നറിഞ്ഞപ്പഴേ... സാറെ, അതൊന്നും പറഞ്ഞറിയിക്കാൻ വയ്യ. ഒരിക്കലും ആരും അറിയാണ്ട് എല്ലാരേം കൂഴിച്ചുമൂടാനൊന്നും പറ്റത്തില്ല, അല്ലേ സാറെ?" പറയുന്നതിനിടയിൽ അയാളുടെ തൊണ്ട ഇടറുകയും കണ്ണു നിറയുകയും ചെയ്യുന്നുണ്ട്. എന്നാലും അതൊന്നും ഭാവിക്കാതെയാണ് നിൽപും നോട്ടവും ചലനങ്ങളും. അയാളോട് സിറ്റൗട്ടിൽ കയറിയിരിക്കാൻ രാജഗോപാൽ ഒരിക്കൽക്കൂടി പറഞ്ഞുവെങ്കിലും അയാൾ കൂട്ടാക്കിയില്ല.



അല്ലിമ ചായ കൊണ്ടുവന്നു.

"അകത്തോട്ട് കേറിയിരിക്കാമായിരുന്നു." അവൾ അലിവോടെ പറഞ്ഞു.

"വേണ്ടന്നേ." ചായ വാങ്ങാൻ അയാൾ കൈ നീട്ടി. തീർഥം വാങ്ങുന്നപോലെ വാങ്ങിയിട്ട് അയാൾ ചിരിച്ചു. "എന്തൊരതിശയാ, അല്ലേ? ഇങ്ങനെ കാണാംപറ്റിയല്ലോ."

അനിബാബു ചായ ഒരിറക്ക് കഴിച്ചു.

അല്ലിമ തിരികെപ്പോയി.

ഒരു പ്ലേറ്റിൽ ആവി പറക്കുന്ന ഇഡ്ഡലിയും ചട്ണിയും ഒരു ബൗളിൽ കടല കറിവെച്ചതും കൊണ്ടുവന്നു.

"ഇതുംകൂടെ കഴിക്കണം. കഴിച്ചിട്ട് പോയാ മതി." അല്ലിമ പറഞ്ഞപ്പോൾ അയാൾ ചായക്കപ്പ് സിറ്റൗട്ടിൽ വെച്ചിട്ട് ഇഡ്ഡലി പ്ലേറ്റ് വാങ്ങി. അയാൾ അതും വാങ്ങി സിറ്റൗട്ടിൽ വെച്ചു. എന്നിട്ട് ചുറ്റുപാടും നോക്കി.

"വെള്ളം എടുത്തോണ്ടു വരാം."

അല്ലിമ പറഞ്ഞു.

"വേണ്ട. ഇവിടൊരു പൈപ്പ് കാണുമല്ലോ..." കാർപോർച്ചിനു വെളിയിലെ ടാപ്പ് അയാൾ കണ്ടു. അവിടെപ്പോയി കൈകഴുകി. എന്നിട്ടു വന്ന് സിറ്റൗട്ടിൽ നിലത്തിരുന്നു. അല്ലിമ പ്ലേറ്റെടുത്തു കയ്യിൽ പിടിച്ചിരിക്കുകയായിരുന്നു. അയാൾ ഇരുന്നു കഴിഞ്ഞപ്പോൾ മടിയിലേക്കു വെച്ചുകൊടുത്തു.

"ഞാനിന്നലെ രാത്രി വന്നതാ, എറണാകുളത്തു വന്നിട്ട് എനിക്കൊരു പിടികിട്ടിയില്ല. എവിടെയാ എന്താ എന്നൊന്നും. അഡ്രസ്സൊക്കെ എന്റെ കയ്യിലൊണ്ട്. പക്ഷേ, രാത്രീല്...! ഞാൻ ബസ്സ്റ്റാൻഡിൽ കെടന്നൊറങ്ങി. രാവിലെ എണീച്ചു പോന്നു." ചമ്മന്തിയും കടലക്കറിയും എല്ലാം അയാൾ ഇഡ്ഡലിപ്ലേറ്റിലേക്കു കമിഴ്ത്തി. ഇഡ്ഡലി അതുമായി ഉടച്ചു ചേർത്തു കഴിക്കാൻ തുടങ്ങി.

അയാൾ അതീവ സന്തുഷ്ടനായിരുന്നു.

"ഞാനിങ്ങനെ വല്ലോം വിചാരിച്ചോണ്ടു വന്നതാണോ? എന്താ - ല്ലേ."

അനിബാബു അല്ലിമയെ നോക്കി ചിരിച്ചു.

അല്ലിമ, അയാൾ കഴിക്കുന്നതു നോക്കി സിറ്റൗട്ടിന്റെ ഭിത്തി ചാരി നിന്നു. അയാൾ, കഴിക്കുന്നതിനിടയിൽ തോളത്തുകിടന്ന തോർത്തിന്റെ ഒരറ്റം പിടിച്ച് കണ്ണു തുടയ്ക്കുന്നതു കണ്ടപ്പോൾ അല്ലിമയ്ക്കു സങ്കടമായി. തന്റെ അച്ഛന്റെ അനുജനാണ്. ആരും ഇല്ലാത്തവളായിരുന്നിട്ടും എല്ലാവരും ഉള്ളവളെപോലെ വളർന്നതുകൊണ്ട് പല ഇല്ലായ്മകളുടെയും മൂല്യം താനറിഞ്ഞിട്ടില്ല.

ഒന്നുകൂടി കണ്ണു തുടച്ചിട്ട് അയാൾ അവളെ നോക്കി ചിരിച്ചു. അല്ലിമയും അലിവോടെ പുഞ്ചിരിതൂകി. രാജഗോപാൽ ഇതിനിടയിൽ വീടിനുള്ളിലേക്കു കയറിപ്പോയി. ഫോൺ എടുത്ത് സന്ദീപിനെ വിളിച്ചു. മറുവശത്തുനിന്ന് ഉറക്കച്ചടവുള്ള ഹലോ കേട്ട് രാജഗോപാൽ പറഞ്ഞു:

''സന്ദീപ് എവിടെയാ?"

"ഞാൻ ഹരിപ്പാട്ട്."

"ഇവിടൊരു സംഭവം നടക്കുന്നുണ്ട്. അതു പറയാൻ വിളിച്ചതാ."

"പറഞ്ഞോ അങ്കിളേ."

"എണീക്കുന്നതേയുള്ളോ?"

"ലേറ്റായിട്ടാ കിടന്നത്."

"ശേഖരൻകുട്ടീടെ മകൻ വന്നിട്ടുണ്ട്."

"ഹ്ങേ... ആര്?"

"ഒരാള് ജയിലിൽ ഒണ്ടെന്നു പറഞ്ഞില്ലേ. കഞ്ചാവു കേസിൽ... ചന്ദ്രബാബുവിന്റെ അനുജൻ."

"ഓ... മൈ ഗോഡ്! എങ്ങനെത്തി. എന്തിനു വന്നു? അങ്കിള് സംസാരിച്ചോ? എന്താ പറയുന്നേ?"

"അല്ലിമോളെ കാണാൻ വന്നതാ. കേറിയിരിക്കാനൊന്നും തയാറല്ല... ജയിൽപുള്ളി ആയതിന്റെ കുറച്ചു കോംപ്ലക്സ് ഉണ്ടെന്നു തോന്നുന്നു."

"സംസാരിച്ചിട്ട് ആളെങ്ങനെ?"

"അല്ലിമോളെ കണ്ടതോടെ ഭയങ്കര എക്സൈറ്റഡായി. ഒരു നിധി കണ്ടുപിടിച്ച മാതിരി."

"ആളെ എനിക്കൊന്നു കാണണമല്ലോ അങ്കിളേ."

"നിൽക്കുമെന്നു തോന്നുന്നില്ല. സിറ്റൗട്ടിൽപോലും കേറിയിരിക്കാതെ പോകാൻ തെരക്കിട്ടു നിൽക്കുന്ന പോലെയാ."

"അങ്കിൾ നിർബന്ധിച്ച് നിർത്താമോ? വീട്ടിൽ കയറാൻ മടിയാണെങ്കി ഏതെങ്കിലും ഹോട്ടലിലോ ലോഡ്ജിലോ അങ്കിളൊരു റൂമെടുത്തു കൊടുക്കുമോ? എനിക്കാ മനുഷ്യനെ കാണണം."

"സന്ദീപ് ഇങ്ങോട്ടു വരുമോ?"

"തീർച്ചയായിട്ടും അങ്കിളേ, നമുക്കയാളെ വിട്ടുകളയരുത്. അതൊരു പിടിവള്ളിയാ."

"ശരി. ഞാൻ പറഞ്ഞു നോക്കാം."

"ഞാൻ ഉടൻതന്നെ ഇവിടുന്നു തിരിക്കാം. അങ്കിൾ അയാൾടെ ഹിസ്റ്ററിയൊക്കെ ചോദിച്ചു മനസ്സിലാക്കണേ."

"ശരി." സിറ്റൗട്ടിൽ അനിബാബു ഭക്ഷണം കഴിച്ചു കൈകഴുകി വന്നു. പാത്രങ്ങളും അയാൾ പൈപ്പിന്റെ ചുവട്ടിൽ കഴുകി കൊണ്ടുവന്നുവെച്ചു. അല്ലിമ വേണ്ടെന്നു പറഞ്ഞിട്ടും അയാൾ അനുസരിക്കാൻ കൂട്ടാക്കിയില്ല.

"ജയിലീന്നു പഠിച്ച ശീലമാ... നല്ലതാ." പാത്രങ്ങൾ സിറ്റൗട്ടിൽ വെച്ചിട്ട് അയാൾ പറഞ്ഞു.

"ആ കയ്യൊന്നു കാണിക്കുമോ?"

"എന്തിനാ?" അല്ലിക്ക് ആകാംക്ഷയായി.

"എനിക്കു വെശന്നിരുന്നപ്പം ആഹാരം തന്നതല്ലേ." അല്ലിമ മടിച്ച് കൈ നീട്ടി.

അനിബാബു ആ കൈത്തലം പിടിച്ച് തന്റെ നെറ്റിയിലും കണ്ണിലും ചേർത്തു.

"മാളൂച്ചേച്ചീടെ വയറിങ്ങനെ വല്യ ബലൂൺ കണക്ക് വീർത്തിരുന്നത് എന്റെ ഓർമേലൊണ്ട്. ഞങ്ങടെ ചെറിയ വീടിനകത്ത് അതില് തട്ടാതേം മുട്ടാതേം നടക്കാൻ ഞാൻ കൊറേ പാടുപെട്ടിട്ടൊണ്ട്... അതിനകത്തൊണ്ടാരുന്ന കുഞ്ഞാണല്ലോ ഇത് - അല്ലേ...!"

അയാൾക്ക് അതിശയം തീരുന്നില്ല.

അല്ലിമ വല്ലായ്മയോടെ പുഞ്ചിരിച്ചു.

രാജഗോപാൽ സിറ്റൗട്ടിലേക്കു വന്നു.

"ഇന്ന് തിരിച്ചു പോണോ?" അയാൾ ചോദിച്ചു.

"പോണം - സാറെ."

"ഒരാൾ കാണാൻ വരുന്നൊണ്ട് ആലപ്പുഴേന്ന്."

"ആരാ?"

"അല്ലിമോളെ കല്യാണംകഴിക്കാൻ പോകുന്ന ആൾ." രാജഗോപാൽ പറഞ്ഞു.

(തുടരും)

# വയനാട്ടിൽ വീണ്ടും കാട്ടാനക്കലി; വാച്ചറെ ചവിട്ടിക്കൊന്നു


പുൽപള്ളി: വയനാട്ടിൽ കാട്ടാനയുടെ ചവിട്ടേറ്റ വനംവകുപ്പ് വാച്ചർ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ മരിച്ചു. വനം വകുപ്പിന്റെ കുറുവ ദ്വീപ് ഇക്കോ ടൂറിസം കേന്ദ്രത്തിലെ ഗൈഡ് വാച്ചർ പാക്കം വെള്ളച്ചാലിൽ പോൾ (52) ആണ് ഫെബ്രുവരി 16-ന് രാവിലെ ഒൻപതരയോടെ ഡ്യൂട്ടിക്കിടെ കാട്ടാനയുടെ ആക്രമണത്തിനിരയായത്.

വിദഗ്ധ ചികിൽസയ്ക്കു സൗകര്യമൊരുക്കുന്നതിൽ അധികാരികൾ ഗുരുതരവീഴ്ച വരുത്തിയതാണ് മരണത്തിനിടയാക്കിയതെന്ന് ആക്ഷേപമുണ്ട്.

ഈയിടെ പടമല ചാലിഗദ്ദയിൽ കർഷകൻ അജീഷിനെ, കർണാടക തുരത്തിയ മോഴയാന ചവിട്ടിക്കൊന്ന സ്ഥലത്തുനിന്ന് ഏഴ് കിലോമീറ്റർ മാത്രമകലെയാണ് പോൾ ആക്രമണത്തിനിരയായത്. ആനക്കൂട്ടത്തിൽ അഞ്ച് ആനകളുണ്ടായിരുന്നു. ഇവയിലൊന്നാണ് പോളിനെ ആക്രമിച്ചത്.

അജീഷിനെ കൊന്ന ബേലൂർ മഖ്നയെ തുരത്തുന്നതിന്റെ ഭാഗമായി കുറുവ ദ്വീപ് അടച്ചതറിയാതെ വരുന്ന സഞ്ചാരികളെ മടക്കിവിടുന്നതിനെത്തിയതായിരുന്നു പോൾ. മരച്ചുവട്ടിലെ ബെഞ്ചിലിരിക്കുകയായിരുന്ന പോൾ ഇടതുവശത്ത് പാക്കംകോട്ട ഭാഗത്തുനിന്ന് റോഡിലേക്കു കയറിയ ആനക്കൂട്ടത്തെ കണ്ട് 50 മീറ്ററോളം മുന്നോട്ടോടിയെങ്കിലും ആന വാരിയെല്ലിനു തട്ടിയിട്ടു.

പോളിന്റെ നിലവിളിയും ആനയുടെ കൊലവിളിയും കേട്ടു സമീപത്തു ജോലി ചെയ്തിരുന്ന തൊഴിലുറപ്പ് തൊഴിലാളികൾ അലമുറയിട്ട് ഓടിയെത്തി. ഇതോടെ, വനത്തിലേക്ക് കയറിയ ആന വീണ്ടും പോളിനെ ആക്രമിച്ചു.



കൂടുതൽ തൊഴിലാളികൾ നിലവിളിച്ചെത്തിയപ്പോൾ ആന അവരുടെ നേരെയും ചീറിയെത്തി. പിന്നീടു വനത്തിലേക്കു കയറിപ്പോയി.

ഇവർ വിവരമറിയിച്ചതനുസരിച്ച് ചെറിയമലയിൽനിന്നു കാറുമായെത്തിയവരാണ് പോളിനെ മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചത്.

രാവിലെ അപകടമുണ്ടായിട്ടും പോളിനു വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിൽ വലിയ വീഴ്ചയുണ്ടായി. കോയമ്പത്തൂരിൽനിന്ന് ഹെലികോപ്റ്റർ എത്തിച്ചെങ്കിലും അധികൃതരുടെ ഏകോപനമില്ലായ്മയും ആശയവിനിമയത്തിലെ പാളിച്ചയും മൂലം മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിൽനിന്ന് റോഡ് മാർഗമാണ് വൈകിട്ട് 2.56-ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിക്കാനായത്.

10 വർഷമായി പോൾ കുറുവദ്വീപിൽ ഗൈഡ് വാച്ചറാണ്. ഭാര്യ: സാലി. മകൾ: സോന പോൾ (10-ാം ക്ലാസ് വിദ്യാർത്ഥിനി).

## എൻസിപി കേരള എംഎൽഎമാർ ശരദ് പവാറിനൊപ്പം

ആലുവ: സ്ഥാപകനേതാവിനെ തള്ളി എൻസിപിയുടെ അംഗീകാരം ആർക്കു നല്കിയാലും കേരളത്തിലെ എൻസിപി ഒറ്റക്കെട്ടായി ശരദ് പവാറിനൊപ്പം ഉറച്ചു നിൽക്കുമെന്ന് എൻസിപി (ശരദ് ചന്ദ്ര പവാർ) ജില്ലാ നേതൃത്വ ക്യാമ്പിൽ പാർട്ടി വർക്കിംഗ് കമ്മിറ്റിയംഗവും വനം മന്ത്രിയുമായ എ.കെ. ശശീന്ദ്രൻ വ്യക്തമാക്കി.

ബിജെപി സഖ്യത്തോടൊപ്പം പോയ അജിത് പവാർ പക്ഷത്തിന് കേരളത്തിൽ യാതൊരു അംഗീകാരവും ലഭിക്കില്ലെന്ന് അദ്ദേഹം പറഞ്ഞു. കൊടിയും ചിഹ്നവുമല്ല നിലപാടാണ് പ്രധാനമെന്ന് മന്ത്രി വേദിയിൽ പ്രഖ്യാപിച്ചു.

വർക്കിംഗ് കമ്മിറ്റിയംഗവും പാർലമെന്ററി പാർട്ടി ലീഡറുമായ തോമസ് കെ. തോമസ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. പാർട്ടിയിൽ യാതൊരു ഭിന്നിപ്പുമില്ലെന്നും രണ്ട് എംഎൽഎമാരും പവാറിനൊപ്പമാണെന്നും ചടങ്ങിൽ പ്രഖ്യാപിച്ചു.

## HOW SUOZZI WON THE SPECIAL ELECTION

(from page 22)

sword if that results in reduced labor participation or higher prices. Nevertheless, he argued that one may not be able to survive in New York with the current wages. He also agreed that higher taxes and rampant inflation are putting undue hardships on the middle class.

Although the Asian Indian community is generally in agreement with most of the policy positions by Suozzi, there is a fringe group among the Hindu community from the North that posted negative comments across social media. One of them wrote, "No Indians should vote for Suozzi as he is anti-India and anti-Hindu. He wrote a letter against the revocation of the 370 article and refused to retract". Their ire towards Suozzi is palpable because he stood for the human rights of all people in India, including the Christians and Muslims. Many of these Hindutva Vadis want it both ways: they want all the freedom and opportunities as minorities in the U.S. but are unwilling to grant the same rights to the minorities in India. They are mostly aligning themselves with the Christian nationalists in America while remaining silent on the onslaught of Hindu fundamentalists who are destroying churches and persecuting Christians. Their duplicity on this issue is hardly surprising! However, most South Asians sided with Suozzi because of his even-handed human rights and religious freedom policies.

It is obvious that People want the gridlock in Washington to end, and towards finding effective solutions to improve the lives and safety of every citizen of this nation. The media is dumbfounded at how Suozzi won in an increasingly red district. The answer is simple: follow policies and programs that make common sense and benefit the people, and you will have their vote. Tom Suozzi has just proved that point to the nation!

## WHY MORE DIVORCES?

(from page 23)

5) Not becoming independent and smart- I know men and women who think that once you marry, the spouse would take care of him or her,they would be relieved of many responsibilities, and they could enjoy their lives. It is a very idiotic concept about married life. Anyone who is not able to bear responsibilities is not fit to marry. There are men who think that they don't need to learn cooking, cleaning, washing clothes and taking care of children. There are women who think that they don't need to learn driving thinking that it is a man's job. People with this kind of false convictions will become a burden to the spouse. Husbands and wives should be smart and independent to continue in a healthy married life. This independent thinking has to be implemented from the very beginning of married life.

6) Lack of role model parents- Every job has some orientation or training in the beginning even though the job is only until you retire. It is a contradiction that even though married life is life long, no orientation is required. I know the Catholic church mandates a three day class before marriage. In my opinion they should attend at least a six months course as a prerequisite. I don't think the colleges offer any pre-marital courses.It is a world norm that every individual is exposed to the married life of the parents unless the parents are divorced or deceased. This points out what a role model the parents should be for the children. The chance is that the children of loving and successful parents may be able to lead a better married life than those who have taken some courses in school about married life.

Conclusion: Give priority to God – Everyone should love and follow the first commandment of God to love Him with all our heart, with all our soul and with all our mind (Matthew 22:37). If this happens in a family, their success is guaranteed. If that priority to God is not there, problems can be expected when it comes to the life of children. When problems occur, repent, surrender to God, and pray hard for a better solution instead of divorcing. "But seek first His kingdom and His righteousness, and all these things will be added to you" (Matthew 6:33). "And we know that God causes all things to work together for good to those who love God, to those who are called according to His purpose" (Romans 8:28).

## പട്ടിയുടെ വില...

(18-ാം പേജിൽനിന്നും)

അതിനു കഴിയുന്നില്ലെങ്കിൽ വന അതിർത്തികളിലൂടെ ഇൻവിസിബിൾ ഫെൻസിങ് തീർക്കാൻ അത്ര ചെലവ് വരില്ല. റേഡിയോ കോളർ ഉള്ളവ അതിർത്തികളിൽ വരുമ്പോൾ അപകട സൂചന മുഴക്കാൻ പ്രോഗ്രാം ചെയ്താൽ എത്രയോ ഭേദമായിരിക്കും ഈ വ്യവസ്ഥ.

അല്ല, ഇങ്ങനെയൊക്കെ മതി എന്നൊരു കൂട്ടം അങ്ങ് തലസ്ഥാനത്തിരുന്ന് ചിന്തിച്ചുകൊണ്ടിരുന്നാൽ മനുഷ്യർ മൃഗങ്ങളായി മാറാൻ കൊതിക്കുന്ന കാലം അത്ര വിദൂരത്തിലായിരിക്കില്ല. മനുഷ്യന്റെ വില ആയിരിക്കട്ടെ ഏറ്റവും ഉയർന്നത്. മനുഷ്യരെ ആദ്യം സ്നേഹിച്ചു തുടങ്ങട്ടെ. മൃഗസ്നേഹികൾ അവരുടെ വീട്ടുവളപ്പിനുള്ളിൽ മൃഗങ്ങളോടൊപ്പം കഴിഞ്ഞോട്ടെ! വന്യജീവികളാൽ ജീവൻ പൊലിഞ്ഞ സകല മനുഷ്യർക്കും ആദരാഞ്ജലികൾ.

## ദുരഭിമാനം

(18-ാം പേജിൽനിന്നും)

പാമ്പിന്റെ തല അവശനായി കിടന്ന ആൺകീരിയുടെ ദേഹത്താണ് വീണത്. മരണവെപ്രാളത്തിൽ കിടന്നു പിടയുന്ന തല ആ ശരീരത്തിൽ കടിച്ചുപിടിച്ച് തന്റെ അവസാന വിഷം ഇറക്കി. പാമ്പിന്റെ തല തെറിച്ചതിൽ സന്തോഷിച്ച് അവൾ അട്ടഹസിച്ചു. നേരത്തെ പറഞ്ഞുറപ്പിച്ച ഉടമ്പടി പ്രകാരം പാമ്പിന്റെ ഉടലുമായി ചെങ്കീരിയെ പുറത്തേറ്റി കൊണ്ടുചെന്ന് അവന്റെ മാളത്തിലാക്കി ഏറെ അഭിമാനത്തോടെ തിരിച്ചുവന്നു.

പക്ഷേ, അവശനായ തന്റെ ആണിനെ ഉണർത്താൻ ശ്രമിച്ചിട്ട് സാധിക്കാതെ ഉറക്കെ അലമുറയിട്ടു കരഞ്ഞ അവളെ ആശ്വസിപ്പിക്കാൻ അവിടേക്ക് ആരും വന്നില്ല. തന്നെ തുറിച്ചുനോക്കുന്ന ജീവനില്ലാത്ത നാല് കണ്ണുകൾ അല്ലാതെ...

## വലിയനോമ്പുകാലം

(14-ാം പേജിൽനിന്നും)

ക്ഷമയുടെ ഉറപ്പോടെ കുരിശിലേക്ക് കൊണ്ടുപോകാൻ കഴിയുമെന്നുള്ള പൂർണ്ണ ആത്മവിശ്വാസത്തോടെ നമുക്കും ഈ പ്രക്രിയയിൽ ഏർപ്പെടാം. സങ്കീർത്തനക്കാരൻ എഴുതുന്നു: "ദൈവമേ, എന്നെ അന്വേഷിച്ചു എന്റെ ഹൃദയത്തെ അറിയേണമേ, എന്നെ പരീക്ഷിച്ച് എന്റെ അസ്വസ്ഥമായ ചിന്തകൾ അറിയുക. എന്നിൽ വല്ല ദുഷ്ടതയും ഉണ്ടോ എന്ന് നന്നായി നോക്കി ശാശ്വതമായ വഴിയിൽ എന്നെ നടത്തേണമേ."

നമ്മുടെ ക്രിസ്തീയ ജീവിതത്തിന് നോമ്പുകാലം അനുതാപത്തിന്റെയും ഉപവാസത്തിന്റെയും ഈസ്റ്റർ വരെയുള്ള തയ്യാറെടുപ്പിന്റെയും സമയമാണ്. ഈ പരിവർത്തന കാലഘട്ടത്തിൽ നമുക്ക് നമ്മുടെ വിശ്വാസം പുതുക്കാം. പ്രത്യാശയുടെ ജീവജലത്തിൽ നിന്ന് വലിച്ചെടുക്കാം. ക്രിസ്തുവിൽ നമ്മെ സഹോദരന്മാരാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീകരിക്കാം.

ഈസ്റ്റർ ജാഗ്രതയിൽ നമ്മുടെ വാഗ്ദാനങ്ങൾ പുതുക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പുതിയ സ്ത്രീപുരുഷന്മാരായി പുനർജന്മം അനുഭവിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ അനുയായികളുടെ എല്ലാ ചിന്തകളെയും മനോഭാവങ്ങളെയും തീരുമാനങ്ങളെയും പ്രചോദിപ്പിക്കുന്ന ഉത്ഥാനത്തിന്റെ പ്രകാശത്താൽ ക്രിസ്തീയ ജീവിതത്തിലെ മുഴുവൻ തീർത്ഥാടനത്തെപ്പോലെ ഈ നോമ്പുകാല യാത്രയും പ്രകാശിക്കട്ടെ.

ഈ തളരാത്ത ആവേശം സ്നേഹത്തിൽ നിന്ന് മാത്രമേ ഉണ്ടാകൂ. നമ്മുടെ മന്ദതയ്ക്കും അലസതയ്ക്കും എതിരെയുള്ള പോരാട്ടമാണ് പ്രാർത്ഥന. അതുകൊണ്ടുതന്നെ നോമ്പുകാലം സ്നേഹത്തിലുള്ള ഒരു യാത്രയാണ്.

## കോൺഫറൻസ് കിക്കോഫ്

(15-ാം പേജിൽനിന്നും)

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെ. ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മൂദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊളൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ കോൺഫറൻസ് കോ-ഓർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ കോൺഫറൻസ് സെക്രട്ടറി (516 439 9087) എന്നിവരുമായി ബന്ധപ്പെടുക.


SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
| --- | --- | --- |
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:


Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
40% OFF
FOR DOORS & SIDING
45% OFF
FOR WINDOWS
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


കൈരളി ടി. വി.
KAIRALI
THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
WE
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION

# FOKANA's 21st National Convention 2024

## July 18 to 20

**Venue: Montgomery County Conference Center, 5701 Marinelli Rd, North Bethesda, MD 20852**

We invite you to be a part of this historic event by taking advantage of our early bird registration fees:

- **Family (2 adults and kids): $999**
- **2 Adults: $699**
- **Individual: $599**

Please note that the early bird registration deadline is January 31, 2024. After Jan 31st, registration fees:

- **Family (2 adults and kids): $1499**
- **2 Adults: $1099**
- **Individual: $899**

**ONE FOKANA Forever**



DR. BABU STEPHEN
**President**



DR. KALA SHAHI, MD.PHD
**General Secretary**



MR. BIJU JOHN
**Treasurer**



JOHNSON THANKACHAN
**Convention Chair**

**Kala Shahi**
Secretary
**2023598427**

**Biju John**
Treasurer
**(516) 445-1873**

**Johnson Thankachan**
Convention Chair
**8049311265**

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**